V റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ ഇരുപത്തിരണ്ടാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ 22-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അൻപത്തി ഒന്നു മുതൽ അൻപത്തി മൂന്നുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. സീതി ഹാജി : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായി സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 51 മുതൽ 53 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VI റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 22-ാമതു റിപ്പോർട്ടു പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ :) സർ, കാര്യോപദേശക സമിതിയുടെ 22-ാമത് റിപ്പോർട്ട് അംഗീകരിക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (കെ. എം. മാണി) : ഞാൻ ഇതിനെ പിന്താങ്ങുന്നു.

(റിപ്പോർട്ട് സഭ അംഗീകരിച്ചു.)

VII നിയമനിർമ്മാണകാര്യം

1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ബിൽ ചർച്ച തുടർച്ച

[അദ്ധ്യക്ഷ വേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പി. സി. ജോർജ് : സർ, ഇവിടെ ബില്ല് അവതരിപ്പിക്കുമ്പോഴും ഞങ്ങളും എല്ലാവരും അതിന് അമൻറ്മെൻറ് എഴുതി കൊടുത്തിരുന്നതാണ്. 8-ാമത് അമൻറ്മെൻറ് വന്നിട്ട് പോലും ഈ സഭയിൽ സംസാരിക്കാൻ എനിക്ക് സമയം കിട്ടിയിട്ടില്ല. ആദ്യം അമൻറ്മെൻറ് അവതരിപ്പിക്കുന്നവർ സമയം മുഴുവൻ കവർന്നെടുക്കും. ഞങ്ങളും ഇവിടെ വായും പൊളിച്ചിരിക്കും. സർ, ഒന്ന് ആലോചിക്കണം. മൂന്ന് നാല് പേര് സംസാരിച്ചു. ഇന്നലെ മൂന്നു മണിക്കൂർ പോയി. അങ്ങയുടെ തീരുമാനം എന്തായാലും അത് അംഗീകരിക്കുന്നത് ഒരു മാന്യത എന്ന് കണക്കാക്കുന്നവനാണ് ഞാൻ. എനിക്ക് ഒരപേക്ഷ ഉണ്ട്. സഭയിലുള്ള എല്ലാവർക്കും തുല്യമായ അവകാശം കിട്ടണം.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഓരോ വർഷവും നമ്മുടെ യൂണിവേഴ്സിറ്റികളിൽ 7% വിദ്യാർത്ഥികളുടെ വർദ്ധന ആണ് ഉണ്ടാകുന്നത്. പക്ഷെ നമുക്ക് അറിയാം അതിൽ ചേരുന്ന വിദ്യാർത്ഥികളിൽ 21%വും വിദ്യാഭ്യാസം പൂർത്തിയാക്കാതെ തിരിച്ചു പോകുകയാണ് എന്താണ് അതിന് കാരണം. ഈ വിദ്യാർത്ഥികൾക്ക് അവരുടെ താൽപ്പര്യത്തിന് അനുസൃതമായ രീതിയിൽ പഠിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ നമുക്ക് കഴിയുന്നില്ല. അതിന് ഒരു പരിഹാരമായിരിക്കും ഈ സർവ്വകലാശാല എന്നാണ് എന്റെ കാഴ്ചപ്പാട്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുകളിലും അതുപോലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളിലും ഗവേഷണവും അദ്ധ്യാപനവും നടക്കുന്നുണ്ട്. നമ്മുടെ യൂണിവേഴ്സിറ്റികളിൽ ഈ രീതിയിൽ ഒരു മാറ്റം വരുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ച് ജപ്പാൻ പോലുള്ള രാജ്യങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ വന്നിരിക്കുന്ന മാറ്റങ്ങളും അതുപോലെ അവിടെ ശാസ്ത്ര സാങ്കേതിക രംഗത്ത് വന്നിരിക്കുന്ന മാറ്റങ്ങളും നോക്കി കാണുവാനുള്ള ബാദ്ധ്യത ഈ കൊച്ചു കേരളത്തിലെ ജനങ്ങൾക്കുണ്ട് എന്നാണ് എന്റെ കാഴ്ചപ്പാട്. അതനുസരിച്ചുള്ള ഒരു നീക്കം നടത്തിയേ മതിയാവൂ എന്നാണ് എനിക്ക് പറയാനുള്ളത്. കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാലാ ബില്ല് ഇവിടെ അവതരിപ്പിക്കുന്നതിന് മുൻപ് ആദ്യമായി ഒരു ഓർഡിനൻസ് വഴി ഈ യൂണിവേഴ്സിറ്റി നിലവിൽ വന്നു. ആ ഓർഡിനൻസ് വരുന്നതിന് മുൻപ് തന്നെ എന്താണ് ഇവിടെ നടന്നത്. ഈ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ആയിരിക്കുന്ന മി. ഗോപൻ ആദ്യം റിപ്പോർട്ട് കൊണ്ട് കൊടുത്തത് യു. ജി. സിക്ക് ആണ്. ഇവിടെ ഗവൺമെന്റിലായിരുന്നില്ല. ഗവൺമെന്റ് ഇത് അറിയുന്നില്ല. ഓർഡിനൻസ് വരുന്നതിന് മുൻപ് തന്നെ മാന്യനായ യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസലർ റിപ്പോർട്ട് കൊണ്ട് U.G.C.യ്ക്ക് കൊടുത്തിട്ട് അങ്ങേരുടെ റിപ്പോർട്ട് മുഴുവൻ ഒരു "ആന" കാര്യമാണെന്നും പറഞ്ഞ് പത്രത്തിൽ വരുഞ്ഞുകയാണ് ചെയ്തത്. ആ റിപ്പോർട്ടിന്റെ മാഹാത്മ്യം മുഴുവൻ പത്രത്തിൽ വന്നു കഴിഞ്ഞു. ഈ രീതിയിൽ തന്നെ നിയമമായിരിക്കും എന്ന് പറഞ്ഞായിരുന്നു. ആദ്യം പത്രങ്ങൾ മുഴുവൻ എഴുതിയത്. പത്രങ്ങളിൽ തെറ്റിദ്ധരിപ്പിച്ച് എഴുതി എന്നാണ് അറിയുന്നത്. അതനുസരിച്ചാണ് യൂണിവേഴ്സിറ്റി നിലനിൽക്കുന്നതെങ്കിൽ സ്വയംഭരണാവകാശം യൂണിവേഴ്സിറ്റിക്ക് വേണം എന്ന് പറയുന്ന നമ്മുടെ പ്രതിപക്ഷ മെമ്പർമാർ എന്ത് പറയുമായിരുന്നു എന്ന് ഞാൻ ആലോചിക്കുകയാണ്. ആ നിയമം അനുസരിച്ചാണെങ്കിൽ യു. ജി. സി. അംഗീകരിച്ച നിയമം അനുസരിച്ചാണ് യൂണിവേഴ്സിറ്റി ഉണ്ടാകുന്നതെങ്കിൽ സിൻഡിക്കേറ്റ് മെമ്പർമാരെയൊക്കെ വൈസ് ചാൻസലർക്ക് തോന്നുമ്പോഴും സസ്പെൻഡ് ചെയ്യാം എന്നതാണ് സംവിധാനം പോകുന്നത്. ഇത് എന്ത് ഭരണമാണെന്നാണ് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : യു. ജി. സി. എന്ന് പറയുന്ന സ്ഥാപനം എല്ലാ പുരോഗമന ആശയഗതിക്കും ഘടകവിരുദ്ധമായി നിൽക്കുന്ന അറു പിൻതിരിപ്പൻ നയങ്ങളുള്ള ഒരു പ്രസ്ഥാനമാണെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്ന ആളുകളാണ് ഞങ്ങൾ. ഞങ്ങളൊന്നും പറഞ്ഞില്ല, നിങ്ങളാണ് അതിനെ താലോലിക്കുകയും വളർത്തുകയും ചെയ്യുന്നത്.

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട കുറുപ്പ് ചേട്ടന്റെ അഭിപ്രായം മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായമായിട്ട് സ്വീകരിച്ചാൽ തർക്കമൊന്നുമില്ലല്ലോ. സമ്മതിക്കാമല്ലോ? ഞാനും അതിനോട് എതിരാണ്

LIBRARY ARCHIVES Kerala Legislative Assembly

ആ രീതിയിൽ ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കാതെ നല്ല രീതിയിൽ ബില്ല് അവതരിപ്പിക്കാൻ തയ്യാറായ മന്ത്രിയെ അഭിനന്ദിക്കാനാണ് ഞാൻ ഇത് പറഞ്ഞു വന്നത്. ഈ നിയമത്തിൽ ഇനിയും മാറ്റം വരുത്തണമെന്ന അഭിപ്രായം എനിക്കുണ്ട്. ഒരു കാര്യം കൂടി പറയാം. സിൻഡിക്കേറ്റിന്റെ കാലാവധി ഇപ്പോഴും 2 വർഷമായിട്ടാണ് വച്ചിരിക്കുന്നത്. എന്തിനാണ് ഈ 2 വർഷം. 4 വർഷം തന്നെ ആക്കണമെന്നാണ് എന്റെ അഭിപ്രായം. എല്ലാ യൂണിവേഴ്സിറ്റികളും അങ്ങനെയാണെങ്കിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ എന്തിനാ ഈ മാറ്റം. അതുപോലെ തന്നെ ഒരിക്കൽ തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ വീണ്ടും ആ മെമ്പർക്ക് വരാൻ പാടില്ല. നമ്മുടെ നിയമസഭയിൽ എ.എൽ.എ. മാർക്ക് വരാം. പഞ്ചായത്തിലെ മെമ്പർമാർക്ക് വരാം, സഹകരണസംഘം മെമ്പർമാർക്ക് വരാം. പിന്നെ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ ഒരു തവണ വന്നാൽ പിന്നെ വരുന്നതിനു എന്താണ് കുഴപ്പം? വൈസ് ചാൻസലർമാർ മാറിക്കൊട്ടെ, പക്ഷെ സിൻഡിക്കേറ്റിൽ വീണ്ടും വരാനുള്ള അനുവാദം കൊടുക്കണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി.എസ് ജോൺ: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ താമസിച്ച് രൂപം കൊടുത്ത ഒരു ബില്ലാണ് ഇത്. സയൻസ് ആൻഡ് ടെക്നോളജിക്ക് കൂടുതൽ പ്രാധാന്യം മുൻകാലത്ത് തന്നെ കൊടുക്കേണ്ടതായിരുന്നു. എന്തുകൊണ്ടെന്നാൽ കേരളം ഭാരതത്തിലെ വിദ്യാഭ്യാസ കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ്. അപ്പോഴും ടെക്നോളജിക്കും സയൻസിനും ഏറ്റവും കൂടുതൽ പ്രാധാന്യം നേരത്തേ തന്നെ കൊടുക്കേണ്ടതായിരുന്നു. താമസിച്ചാണെങ്കിലും ഇങ്ങനെ ഒരു നിയമം കൊണ്ടുവരാൻ കഴിഞ്ഞതും അങ്ങനെ ഒരു യൂണിവേഴ്സിറ്റിയാക്കി "കൊച്ചിൻ യൂണിവേഴ്സിറ്റിയെ കൺവർട്ട് ചെയ്തത്" "സയൻസ് ആൻഡ് ടെക്നോളജി" യൂണിവേഴ്സിറ്റി ആക്കാൻ കഴിഞ്ഞതും ഈ ഗവൺമെന്റ് ചെയ്ത ഏറ്റവും നല്ല കാര്യമായി ഞാൻ കരുതുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒരു കാര്യമാണിതെന്നു ഞാൻ കരുതുന്നു. ടെക്നോളജിയിലൂടെയും സയൻസിലൂടെയും മാത്രമേ നമുക്ക് വളരാൻ കഴിയുകയുള്ളൂ. ലക്ഷക്കണക്കിനു വിദ്യാർത്ഥികളെ വർഷംതോറും വാർത്തെടുത്ത് കൊണ്ടിരിക്കുകയാണ് നമ്മുടെ രാജ്യം. എന്തിനു വേണ്ടി? വല്ല ക്ലാർക്കുമാരായിട്ടോ അതുപോലുള്ള ചെറിയ ചെറിയ ജോലികളുമായിട്ടോ കഴിയാൻ. അതേ സമയത്ത് സാങ്കേതിക വിദ്യാഭ്യാസരംഗത്ത് മുൻഗണനകൊടുത്തുകൊണ്ടുള്ള പ്രവർത്തനശൈലി, വിദ്യാഭ്യാസ ശൈലിയാണ് നമ്മുടെ രാജ്യത്തിനു വേണ്ടത്. ഇന്നത്തെ വിദ്യാഭ്യാസത്തിൽ കാതലായ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. ഇത് മനസ്സിലാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 62 സാങ്കേതിക വിദ്യാലയങ്ങൾ ആരംഭിച്ചത്. 62-ം സർക്കാർ ആഭിമുഖ്യത്തിൽ തന്നെ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ മുൻ ഗവൺമെന്റിന്റെ കാലത്ത് വെറും 3 എണ്ണം സ്ഥാപിച്ചു എന്നാണ് എന്റെ ഓർമ്മ. സാങ്കേതിക വിദ്യാലയങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ഇന്നത്തെ വിദ്യാഭ്യാസരീതിക്ക് ഒരു മാറ്റം ഉണ്ടാക്കാൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ശ്രമിച്ചു എന്നു നമുക്ക് മനസ്സിലാക്കാൻ കഴിയും. അതുപോലെ തന്നെ കോഴ്സുകളുടെ കാര്യത്തിലും ജോലിസാദ്ധ്യത ഏറെയുള്ള ആധുനിക സാങ്കേതിക കോഴ്സുകളാണ് പുതുതായിട്ട് തുടങ്ങിയിട്ടുള്ളത്. സാങ്കേതിക വിദ്യാഭ്യാസത്തിനു കൂടുതൽ മുൻഗണന കൊടുത്തുകൊണ്ടുള്ള ഭരണ സംവിധാനം ഏർപ്പെടുത്തിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചുവടു പിടിച്ചുകൊണ്ട് തന്നെയാണ് ഈ ഗവൺമെൻറ് സയൻസ് ആൻറ് ടെക്നോളജി യൂണിവേഴ്സിറ്റിക്ക് രൂപം കൊടുത്തത്. ആ യൂണിവേഴ്സിറ്റിക്ക് രൂപം കൊടുത്തതിനു ആധാരമായി പറയുന്നത് ഒരു കമ്മിറ്റി റിപ്പോർട്ടാണ്. വി. ആർ. പിള്ള കമ്മീഷൻ റിപ്പോർട്ടിൻറെയും അതുപോലെ തന്നെ പ്ലാനിംഗ് ബോർഡിൻറെയും ചക്രവർത്തി കമ്മിറ്റി റിപ്പോർട്ടിൻറെയും അടിസ്ഥാനത്തിലാണ് ഇങ്ങനെ ഏറ്റവുംനല്ല ഒരു യൂണിവേഴ്സിറ്റിക്ക് രൂപം കൊടുത്തത്.

സർ, പ്രതിപക്ഷത്തുനിന്നും മെമ്പർമാർ ഇതിനെ വിമർശിച്ചപ്പോൾ ഒരു വിമർശനം മാത്രമേ പ്രധാനമായും കേൾക്കാൻ കഴിഞ്ഞുള്ളൂ. അതായത് സിൻഡിക്കേറ്റിനെ നോമിനേറ്റ് ചെയ്തിരിക്കുന്നു. സെനറ്റ് ഇല്ല എന്നൊക്കെയാണ് പറയുന്നത്. ഇതൊക്കെ സാങ്കേതികമായ കാരണങ്ങളാണ്. സിൻഡിക്കേറ്റിനെ നോമിനേറ്റ് ചെയ്യുന്നതിന് പകരം ഇലക്ടഡ് ബോഡി ആക്കാൻ കഴിയുമെങ്കിൽ ആക്കണം. അത് സബ് ജക്റ്റ് കമ്മിറ്റിയിൽ ഡിസ്ക്കസ് ചെയ്തു ജനാധിപത്യസ്വഭാവമനുസരിച്ച് ചെയ്യാൻ കഴിയുമെങ്കിൽ ചെയ്യണം. അതിനെക്കുറിച്ചൊന്നും അഭിപ്രായവ്യത്യാസമില്ല. സയൻസ് ആൻറ് ടെക്നോളജി രംഗത്തു പ്രാവീണ്യം നേടിയിട്ടുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടുവേണം സിൻഡിക്കേറ്റിനു രൂപം കൊടുക്കേണ്ടത്. അത് ഇലക്ഷനാണെങ്കിൽ ഇലക്ഷൻ, നോമിനേഷൻ ആണെങ്കിൽ നോമിനേഷൻ. നമ്മുടെ ഉദ്ദേശം എന്ന് പറയുന്നതു ടെക്നോളജിക്ക് കൂടുതൽ പ്രാധാന്യം കൊടുക്കണം എന്നുള്ളതു മാത്രമാണ്. അത് ജനാധിപത്യസ്വഭാവമനുസരിച്ച് ചെയ്യുന്നതിൽ തെറ്റില്ല. ജനാധിപത്യ ഭരണ സംവിധാനം നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് ജനാധിപത്യ സ്വഭാവത്തിൽത്തന്നെ സിൻഡിക്കേറ്റ് വരണം. സബ്ജക്റ്റ് കമ്മിറ്റിയ്ക്ക് അത് പരിശോധിക്കാവുന്നതാണ്.

സർ, ബുദ്ധിജീവികളും ധാരാളമുള്ള ഒരു സംസ്ഥാനമാണ് കേരളം. എന്നാൽ കേരളത്തിലെ ബുദ്ധിജീവികളായിട്ടുള്ള ആളുകളെ പ്രയോജനപ്പെടുത്തുന്നത് മറ്റ് രാഷ്ട്രങ്ങളാണ് എന്ന കാര്യം ഖേദത്തോടുകൂടി ഞാൻ ഓർത്തുപോവുകയാണ്. അമേരിക്ക; ജർമ്മനി മുതലായ രാജ്യങ്ങളിൽ നമ്മുടെ ബുദ്ധിജീവികളായിട്ടുള്ള ആളുകളും സേവനം അനുഷ്ഠിക്കുകയാണ്. അവരെ പ്രയോജനപ്പെടുത്താൻ നമുക്ക് ഇതുവരെയായിട്ടും കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് ഏറ്റവും വലിയ വിപത്ത്. ഭാരതത്തെസംബന്ധിച്ചു പ്രത്യേകിച്ച് കേരളത്തെ സംബന്ധിച്ച് ഏറ്റവും വലിയ കാര്യങ്ങളാണ് ഇതൊക്കെ "ബ്രെയിൻ-ഡ്രെയിൻ" നമ്മുടെ രാജ്യത്തിൻറെ പുരോഗതിയെ സാരമായി ബാധിച്ചിരിക്കുന്നു. അതുകൊണ്ട് ഈ ബുദ്ധിജീവികളെ പ്രയോജനപ്പെടുത്താനുള്ള ഒരു നടപടി നമ്മുടെ രാജ്യത്ത് കൂടുതലായി ഉണ്ടാകണം എന്നു മാത്രമേ എനിക്ക് ഈ അവസരത്തിൻ പറയാനുള്ളൂ. ഏറ്റവും കൂടുതൽ സയൻറിസ്റ്റുകളും ടെക്നോളജിക്കൽ മാൻപവറും ഉള്ള രാജ്യമാണ് ഇൻഡ്യ. 11,87,300 ശാസ്ത്രജ്ഞൻമാരും എഞ്ചിനീയർമാരുമുണ്ട്. 4,19,000 ടെക്നീഷ്യൻസ് ഉണ്ട്. ഇത്രയുമാണ് നമ്മുടെ രാജ്യത്ത് സേവനം അനുഷ്ഠിച്ചുവരുന്നത് എന്നാണ് എനിക്ക് മനസിലാക്കാൻ കഴിഞ്ഞത്. കേരളത്തിലാണെങ്കിൽ റിസർച്ചിനും മറ്റുമായി ചില കമ്മിറ്റികളും വർക്ക് ചെയ്യുന്നുണ്ട്. സെൻറർ ഫോർ ഡെവലപ്പുമെൻറ് സ്റ്റഡീസ്, ശ്രീചിത്ര മെഡിക്കൽ സെൻറർ, ഇലക്ട്രോണിക്സ് റിസർച്ച് സെൻറർ തുടങ്ങി എട്ട് പത്ത് പ്രധാനപ്പെട്ട സെൻറുകളും നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സെൻറുകളുടെ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകേണ്ടത് രാജ്യത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാന

LIBRARY ARCHIVES Kerala Legislative Assembly

മർഹിക്കുന്ന ഒരു കാര്യമാണ്. സയൻസ് ആൻറ് ടെക്നോളജിയുടെ ഫലമായി നമ്മുടെ രാജ്യത്തു നേട്ടമുണ്ടായിട്ടില്ലായെന്ന് ഞാൻ പറയുന്നില്ല. കൃഷിയുടെ കാര്യത്തിൽതന്നെ മുൻകാലഘട്ടത്തേക്കാൾ വളരെ കൂടുതൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കു മുമ്പുണ്ടായിരുന്നതിനേക്കാൾ കാർഷികകോൽല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. 40 വർഷക്കാലത്തെ പ്രവർത്തനം കൊണ്ടുകഴിഞ്ഞു എന്ന് മനസിലാക്കാൻ കഴിയും. സ്വാതന്ത്ര്യലബ്ധിക്കു മുമ്പു 15 മില്ല്യൻ ടൺ ആയിരുന്നു നമ്മുടെ ഭക്ഷ്യോല്പാദനമെങ്കിൽ ഏതാണ്ട് 150 മില്യൻ ടണ്ണിലേക്ക് ഇന്നത് വർദ്ധിപ്പിച്ചിട്ടുണ്ട്. അത് നമ്മുടെ കാർഷിക രംഗത്തെ പുരോഗതിയുടെ, ടെക്നോളജിയുടെ വികസനത്തിന്റെ ഫലമായിട്ടാണ്. അങ്ങനെ കാർഷികരംഗത്തു ധാരാളം നേട്ടമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. അതുപോലെതന്നെ ആരോഗ്യപരമായ രംഗത്തു വളരെക്കൂടുതൽ നേട്ടം കാഴ്ചവയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വ്യാവസായികരംഗത്തും ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള മറ്റ് രംഗങ്ങളിലും കാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ മറ്റ് രാഷ്ട്രങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ നമുക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് നമ്മൾ ആലോചിക്കണം. വ്യാവസായികരംഗത്തെ പുരോഗതികൊണ്ടേ ഭാരതത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നമുക്ക് കഴിയുകയുള്ളൂ.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : വൈസ്ചാൻസലറുടെ സ്ഥാനത്തിരിക്കുന്ന ഒരു മഹാൻ മദ്ധ്യകാലയുഗത്തിലേക്ക് ലോകത്തെ പിടിച്ചുകൊണ്ടുപോകുന്ന അറുപിന്തിരിപ്പൻ ഫ്യൂഡൽ സംസ്ക്കാരത്തിന്റെ പ്രതിനിധിയായി പ്രസംഗിക്കുകയും അതിനുവേണ്ടി നാമം ജപിക്കുകയും ചെയ്ത വസ്തുത മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഗോപാലൻ എന്നു പറയുന്ന വൈസ്-ചാൻസലറെയാണ് ഞാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. എസ്. ജോൺ : സർ, ഇക്കാര്യം എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. സർ, ഭാരതത്തിൽ പ്രത്യേകിച്ച് കേരളത്തിൽ തൊഴിലില്ലായ്മ ഇന്ന് വളരെ രൂക്ഷമാണ്. ഈ തൊഴിലില്ലായ്മ പരിഹരിക്കാൻ വ്യാവസായിക പുരോഗതികൊണ്ടുമാത്രമേ കഴിയുകയുള്ളൂ ; അതിന് മോഡേൺ ടെക്നോളജി ആവശ്യമാണ്. രണ്ടാംലോകമഹായുദ്ധകാലത്തു തകർന്നുതരിപ്പണമായ ജപ്പാനും ജർമ്മനിയും ഇന്ന് ഏതു നിലയിൽ നില്ക്കുന്നു? അവിടത്തെ ടെക്നോളജി അവിടെപോയാൽ നമുക്ക് മനസിലാക്കാൻ കഴിയും. രണ്ടാംലോകമഹായുദ്ധകാലത്ത് തകർന്ന ഈ രാഷ്ട്രങ്ങൾ ഇന്ന് ലോകമാർക്കറ്റ് വരെ പിടിച്ചടക്കിയിരിക്കുകയാണ്. അവരുടെ ടെക്നോളജിയുടെ വികസനത്തിന്റെ ഫലമാണിത്. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം പത്തുനാൽപ്പതുവർഷത്തെ നമ്മുടെ ശ്രമത്തിന്റെ ഫലമായി നമുക്ക് ആ രംഗത്തു അവരുടെ പകുതിയെങ്കിലും എത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നുള്ളത് നമ്മൾ ആലോചിക്കേണ്ട കാര്യമാണ്. നിർഭാഗ്യവശാൽ കഴിഞ്ഞിട്ടില്ലായെന്ന് വേദനയോടുകൂടി ഓർക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ജപ്പാനിൽനിന്നും ജർമ്മനിയിൽനിന്നും ടെക്നോളജി ചൂഷണം ചെയ്യുകയോ അല്ലെങ്കിൽ വിലയ്ക്കുവാങ്ങുകയോ ഇറക്കുമതി ചെയ്യുകയോ ചെയ്താൽ മാത്രമേ നമുക്കു നമ്മുടെ ടെക്നോളജി വികസിപ്പിക്കാൻ സാധിക്കൂ. അത് സോഷ്യലിസത്തിന് വിരുദ്ധമാണ് എന്ന് പ്രസംഗിക്കുന്നത് ദുഃഖകരമാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവ് രണദിവേ പ്രസംഗിച്ചതായി പത്രത്തിൽ കണ്ടു "രാജീവ് ഗാന്ധി ഇന്ന് ടെക്നോളജി ഇറക്കുമതി ചെയ്യുന്നു" അദ്ദേഹം അത് വലിയ പിശകായിട്ടാണ് കാണുന്നത്. രാജീവ് ഗാന്ധിയുടെ നയത്തിലൊന്നും വലിയ കുഴപ്പമില്ല. ചേരിചേരാനയത്തിലൊന്നും

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമില്ല. നമ്മളെ ആ കാളവണ്ടി യുഗത്തിൽ തന്നെ നില്ക്കണമെന്നതാണ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവിന്റെ പ്രസംഗങ്ങളും പ്രഖ്യാപനങ്ങളും കാണിക്കുന്നത്. പിന്നെ എവിടെനിന്നാണ് ഈ ടെക്നോളജി ഇറക്കുമതി ചെയ്യേണ്ടത്? എവിടെനിന്ന് കിട്ടും അതിനെക്കുറിച്ച് നമ്മളെ ആലോചിക്കേണ്ടേ? ഓരോ രാജ്യങ്ങളിൽ പോയാൽ നമുക്ക് മനസിലാക്കാൻ സാധിക്കും, വെസ്റ്റ് ജർമ്മനിയുടേയും ഈസ്റ്റ് ജർമ്മനിയുടേയും കാര്യമെടുക്കാം. രണ്ടാം ലോകമഹായുദ്ധത്തിൽ തകർന്ന രാഷ്ട്രങ്ങളാണിത്. അതിനു ശേഷം വെസ്റ്റ് ജർമ്മനിയിൽ ഉണ്ടായ ഡെവലപ്പുമെന്റ്സ്, ആ ജനാധിപത്യ രാജ്യത്തുണ്ടായ ടെക്നോളജിയുടെ വികസനം പോലെ ഈസ്റ്റ് ജർമ്മനിയിൽ ഉണ്ടായിട്ടില്ല. അവിടെ യാതൊരു ഡെവലപ്പുമെന്റും ഉണ്ടായിട്ടില്ല. അതിന്റെ പ്രധാനകാരണം അവിടെ ടെക്നോളജി ഇല്ല എന്നുള്ളതാണ്. ഒരു മതിലിന് അപ്പുറവുമിപ്പുറവുമാണ് ഈ രണ്ടു രാഷ്ട്രങ്ങളും. അതുകൊണ്ട് പുറം രാഷ്ട്രങ്ങളിൽ നിന്ന് ടെക്നോളജി ചൂഷണം ചെയ്ത് ഭാരതത്തിന്റെ വ്യാവസായിക മേഖലയിലെ ഉല്പാദനം വർദ്ധിപ്പിക്കണം. അങ്ങനെ തൊഴിലില്ലാത്ത ലക്ഷോപലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കണം.

എന്താണ് നമ്മുടെ നാട്ടിലെ സ്ഥിതി ? ടെലഫോണിന്റെ സ്ഥിതി തന്നെ ഉദാഹരണമായി പറയാം. ഇന്ന് രാവിലെ മുഖ്യമന്ത്രിയ്ക്ക് അടിയന്തിരപ്രമേയത്തിന് മറുപടി നൽകാൻപോലും കഴിഞ്ഞില്ല. ഇങ്ങനെയുള്ള ടെലഫോണിനെ നമുക്ക് ആശ്രയിക്കാൻ കഴിയുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ടെലഫോൺ സമരം നടത്തിക്കൊണ്ടിരിക്കുന്നത് ഐ. എൻ. ടി. യു. സി. ക്കാർ ആണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. ടി. എസ്. ജോൺ : സർ, ഞാൻ വിചാരിച്ചത് മാർക്സിസ്റ്റ് പാർട്ടിയുടെ യൂണിയനേ ഇപ്പണി ചെയ്യാറുള്ളു എന്നാണ്. ഇപ്പോഴും മനസിലായി നിങ്ങളെക്കൂടി കടത്തിവെട്ടിക്കൊണ്ടിരിക്കുന്ന പ്രവർത്തനമാണ് ഇപ്പോഴവർ നടത്തിക്കൊണ്ടിരിക്കുന്നത് എന്ന്. എന്തായാലും ടെലഫോണിന്റെ പ്രശ്നം പ്രധാന പ്രശ്നംതന്നെയാണ്. അനാവശ്യമായി സമരം നടത്തി ഈ രാജ്യത്തെ ജനങ്ങളെ ഉപദ്രവിക്കുന്ന ഒരു പ്രസ്ഥാനമായി ടെലഫോൺ ഇപ്പോഴും തീർന്നിട്ടുണ്ട്. നേരെമറിച്ച് ടെക്നോളജി ഡെവലപ്പുചെയ്തിരുന്നുവെങ്കിലോ ? ടെക്നോളജി ഡെവലപ്പുചെയ്തിരുന്നുവെങ്കിൽ ഇവർ സമരം നടത്തിയാലും നമുക്ക് ടെലഫോൺ കിട്ടുമായിരുന്നു. ഇവിടെ ഓരോ പഞ്ചായത്തിലും ഓരോ ടെലഫോൺ വച്ചിട്ടുണ്ട്, അതുകൊണ്ട് എന്താണ് പ്രയോജനം ? എവിടെ വിളിക്കാൻ കഴിയും ? എങ്ങനെ അത് പ്രയോജനപ്പെടുത്താൻ കഴിയും ? ഇവിടെ ടെക്നോളജി വികസിച്ചിട്ടുണ്ടോ ? മറ്റ് രാഷ്ട്രങ്ങളിൽ അങ്ങനെയാണോ ? മറ്റ് രാഷ്ട്രങ്ങളിൽ ടെലഫോൺ ഒരിടത്തുനിന്നും ചെയ്താൽ ആളില്ലെങ്കിൽ മറുപടി അവിടെ എഴുതി വച്ചിരിക്കും. മറുപടി കിട്ടും. ടെലഫോണിന്റെ കാര്യത്തിൽ ഭാരതം ഇന്നും കാളവണ്ടിയുഗത്തിൽ നില്ക്കുന്നു. അങ്ങനെ നില്ക്കണമെന്നുള്ളതാണ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവായ ശ്രീ. രണദിവേയുടെ അഭിപ്രായം. അതുകൊണ്ട് ഇത് ഗൗരവമായ പ്രശ്നം തന്നെയാണ്.

സർ, വ്യവസായരംഗത്ത് പുരോഗതി കൈവരിക്കുവാൻ സയൻസ് ആൻഡ് ടെക്നോളജിയുടെ ഡവലപ്മെന്റ് കൊണ്ടുമാത്രമേ കഴിയുകയുള്ളു. മറെന്നാ, കേരളത്തെ സംബന്ധിച്ചിടത്തോളം ഉള്ള ഏറ്റവും വലിയ കാര്യം ഭൂമിയെ മാത്രം ആശ്രയിച്ച് തൊഴിൽ ചെയ്ത് ജീവിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുകയില്ല. അതുകൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കുവാൻ ബുദ്ധിമുട്ടുണ്ട്. അതുപോലെ കടലിനെമാത്രം ആശ്രയിച്ചു ജീവിക്കുവാനും സാദ്ധ്യമല്ല. നമ്മുടെ രാജ്യത്തിന്റെ ഒരു സൈഡു മുഴുവനും കടലാണ്. എന്നാൽ മീൻപിടിക്കണമെങ്കിൽ ആധുനിക രീതിയിലുള്ള ടെക്നോളജി മനസ്സിലാക്കണം. ഇന്ന് ജപ്പാൻകാരൊക്കെ ആഴക്കടലിൽ പോയി മീൻ പിടിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇവിടെയാണെങ്കിൽ കരയ്ക്കടുത്തു വരുന്ന ഊപ്പമീനുകളെയാണ് പിടിക്കുന്നത്. നല്ലമീൻ കിട്ടുന്നത് ആഴക്കടലിൽനിന്നാണ്. ആഴക്കടലിൽ പോയി മീൻപിടിച്ചെങ്കിൽ മാത്രമേ നല്ല മീൻ എക്സ്പോർട്ട് ചെയ്യാൻ കഴിയുന്ന മീൻ, വലിയ മീൻ കിട്ടുകയുള്ളു. അതിനു ടെക്നോളജി ആവശ്യമാണ്, നല്ല കപ്പലാവശ്യമാണ്. ജപ്പാനിൽ നിന്ന് ഇറക്കുമതി ചെയ്തോ അല്ലെങ്കിൽ ചൂഷണം ചെയ്താലും വേണ്ടില്ല, ആ ഫീൽഡിൽ ടെക്നോളജി ഡെവലപ് ചെയ്തെടുത്താൽ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും, സമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയും, വിദേശനാണ്യം ഉണ്ടാക്കുവാൻ കഴിയും. അങ്ങനെ നമ്മുടെ രാഷ്ട്രത്തെ വളർത്താൻ കഴിയും.

ശ്രീ. ഒ. ഭരതൻ : ആഴക്കടലിനേക്കാൾ കൂടുതൽ മൽസ്യമുള്ളത് കരയോടടുത്ത പ്രദേശങ്ങളിലാണെന്ന് മൽസ്യശാസ്ത്രത്തെക്കുറിച്ച് അറിവുള്ള ആളുകൾ പറഞ്ഞിട്ടുള്ളത് ശ്രീ. ടി. എസ്. ജോണിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. എസ്. ജോൺ : അത് ശരിയല്ല. കരയോടടുത്ത പ്രദേശങ്ങളിൽ ഊപ്പമീൻ മാത്രമേ കിട്ടുകയുള്ളു. അതിനാണ് നിങ്ങൾ അടിപിടിക്കുന്നത്. നല്ല മീൻ കിട്ടുന്നത് ആഴക്കടലിൽ നിന്നാണ്. അത് പിടിച്ച് എക്സ്പോർട്ട് ചെയ്യണം. അതിനുള്ള സംവിധാനം ഈ രാജ്യത്ത് ഉണ്ടാകണം. കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു സൈഡു മുഴുവനും കടലാണ്. ആ കടലിൽനിന്നും മീൻ പിടിക്കുവാൻ കഴിഞ്ഞാൽ കേരളത്തിലെ കുറെ ആളുകൾക്ക് തൊഴിൽ കൊടുക്കുവാൻ കഴിയും. അത് സാധിക്കണമെങ്കിൽ ടെക്നോളജി വേണം. സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റിയിൽ ആ സബ്ജക്ടുംകൂടി ഉൾപ്പെടുത്തണം. ബുദ്ധിമാൻമാരായ വിദ്യാർത്ഥികൾ അതിനെക്കുറിച്ച് പഠിച്ച് വേണ്ടത് ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല.

അതുപോലെതന്നെ പരിസ്ഥിതി സംരക്ഷണത്തിനും വനസംരക്ഷണത്തിനും യഥാർത്ഥത്തിൽ ടെക്നോളജി ആവശ്യമാണ്. പരിസ്ഥിതി സംരക്ഷണത്തിനുള്ള ടെക്നോളജിയും ഈ യൂണിവേഴ്സിറ്റിയിലെ വളരെ പ്രധാനമായ ഒരു വിഷയമാണ്. വനം കയ്യേറ്റം നടക്കുന്നുവെന്ന പരാതിയാണ് ഇപ്പോൾ. അതിന്റെ ടെക്നോളജി ഡവലപ്പ് ചെയ്താൽ വനം സംരക്ഷിക്കുന്ന കാര്യത്തിൽ, പരിസ്ഥിതി സംരക്ഷിക്കുന്ന കാര്യത്തിൽ നമുക്ക് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയും.

അതുപോലെതന്നെ കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ ഉന്നിപറഞ്ഞിട്ടുള്ള ചില പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. പക്ഷേ ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പ്രസക്തമായ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റി പരിഗണിക്കുകയും ഗവൺമെന്റ് പരിഗണിക്കുകയും അതിനനുസൃതമായി യൂണിവേഴ്സിറ്റിയെ മാറ്റിയെടുക്കുകയും ചെയ്യണം. Major steps and programmes for strengthening Science Education and Research എന്ന പ്രസക്തമായ ഭാഗങ്ങൾ കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ നാൽപ്പത്തിയഞ്ചാം പേജിൽ പറഞ്ഞിട്ടുണ്ട്. മുഴുവൻ ഞാൻ വായിക്കുന്നില്ല. Recognition on teaching and research are mutually supporting activities. High quality teaching in Science is possible only in a research environment. Research is essential for culture.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ വിദ്യാഭ്യാസമെന്നു പറഞ്ഞാൽ, എസ്. എസ്. എൽ. സി. പരീക്ഷയിൽ കുറെപ്പേർ പാസ്സാകും, കുറെപ്പേർ തോൽക്കും. ജയിക്കുന്ന ആളുകളിൽ കുറെപ്പേർ കോളേജിലേക്ക് പോകും, അല്ലെങ്കിൽ പാരലൽ കോളേജിൽ പോകും. കുറെ നാൾ പഠിച്ചിട്ട് വിദ്യാഭ്യാസം ഉപേക്ഷിക്കും. പിന്നെ കുറെപേർ പി. എസ്. സി. ടെസ്റ്റെഴുതും, ചിലർ ഐ. റ്റി. സി. പോലെ അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിച്ച് നശിക്കുകയാണ്. അതിനൊരു മാറ്റമുണ്ടാകണം. എട്ടാം സ്റ്റാൻഡേർഡുവരെ പഠിച്ചാൽ മതി. അതുകഴിഞ്ഞ് ഓരോരുത്തരെ ഓരോ വഴിക്കു തിരിച്ചുവിടണം. ചിലരെ ടീൻ പിടിക്കാൻ പഠിപ്പിക്കണം, ചിലരെ കൊട്ട നെയ്യാൻ പഠിപ്പിക്കണം, ടെലഫോണിന്റെ പ്രവർത്തനങ്ങൾ, ഇലക്ട്രോണിക്സ് ഇങ്ങനെ ഓരോ രീതിയിലും തിരിച്ച് വിടണം. ഡിഗ്രിക്കുപോകുന്നവർ ഡിഗ്രിക്ക് പോകണം. ഈ രീതിയിലുള്ള വിദ്യാഭ്യാസ പരിഷ്കാരമാണ് നമ്മുടെ രാജ്യത്ത് ആവശ്യമായിട്ടുള്ളത്. കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ പ്രസക്തമായ ഭാഗങ്ങൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ ഉണ്ടായതിനുശേഷമാണ് നമ്മുടെ സംസ്ഥാനത്ത് ഇതുപോലെ ഒരു യൂണിവേഴ്സിറ്റിക്ക് രൂപം കൊടുത്തത്.

ട്രാൻസ്പോർട്ടേഷനെക്കുറിച്ച് പറയുകയാണെങ്കിൽ അതൊരു സബ്ജക്ടായി ഇതിൽ ഉൾപ്പെടുത്തണം. ഇപ്പോഴും യാത്രാസൗകര്യം വളരെ കുറവുള്ള ഒരു സംസ്ഥാനമായി നമ്മുടെ സംസ്ഥാനം മാറിയിട്ടുണ്ട്. പോപ്പുലേഷൻ വളരെ കൂടുതലാണ്. എന്നാൽ ബസ്സുകളുടെ എണ്ണം വളരെ കുറവാണ്. ആധുനിക രീതിയിലുള്ള ട്രാൻസ്പോർട്ടേഷനില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ബസ്സിന്റെ കാര്യത്തിൽ ആധുനിക രീതിയിലുള്ള നല്ല ബസ്സുകളും ഇറക്കി അതിന്റെ ടെക്നോളജി ഡവലപ്പ് ചെയ്തെടുക്കുകയാണെങ്കിൽ യാത്രാസൗകര്യം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. കുറഞ്ഞ ചെലവിൽ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയും. ആ ടെക്നോളജി ചിലപ്പോൾ മറ്റു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടിവരും. അത് ഇറക്കുമതി ചെയ്യണം. പ്രധാനമായിട്ട് ട്രാൻസ്പോർട്ടേഷൻ കൂടി ഇതിനകത്ത് subject ആയി ഉൾപ്പെടുത്തണം. അതുപോലെ കമ്മ്യൂണിക്കേഷൻ സിസ്റ്റം മുഴുവൻ മെച്ചപ്പെടുത്തേണ്ടതാണ്. ഇതുംകൂടി സബ്ജക്ടിൽ ഉൾപ്പെടുത്തണം. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ജനാധിപത്യ മര്യാദയ്ക്ക് എതിരായിട്ട് പലപ്പോഴും റെക്കമെന്റേഷനുകൾ നടത്താറുണ്ട്. എങ്കിലും യു. ജി. സി. യുടെ റെക്കമെന്റേഷൻ മുഴുവനും തള്ളിക്കളയുവാൻ സാദ്ധ്യമല്ല. ജനങ്ങൾക്ക് പ്രയോജനകരമായതും ജനാധിപത്യസ്വഭാവം നശിക്കാത്തതുമായ റെക്കമെന്റേഷനുകൾ സ്വീകരിക്കണം. അങ്ങനെ ജനാധിപത്യപരമായ സ്വഭാവം മെച്ചപ്പെടുത്തിക്കൊണ്ടുതന്നെ നമുക്ക് മുന്നോട്ടുപോകാൻ കഴിയണം. കേരള സംസ്ഥാനം യഥാർത്ഥത്തിൽ സയൻസ് ആൻഡ് ടെക്നോളജിക്ക് നേതൃത്വം കൊടുക്കേണ്ട സംസ്ഥാനമാണ്. ധാരാളം ബുദ്ധിജീവികളുള്ള സംസ്ഥാനമാണിത്. അതുകൊണ്ട് ഈ യൂണിവേഴ്സിറ്റി ഭാരതത്തിന്റെ സയൻസ് ആൻഡ് ടെക്നോളജിക്ക് തന്നെ നേതൃത്വം നൽകുന്ന ഒരു യൂണിവേഴ്സിറ്റിയാക്കി മാറ്റാൻ നമുക്ക് പരമാവധി ഒത്തൊരുമിച്ച് ശ്രമിക്കാം. ടെക്നോളജി മറ്റു രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന നയം സ്വാഗതാർഹമാണ്. ടെക്നോളജി ഇറക്കുമതി ചെയ്തുകൊണ്ട് വളരെ കൂടുതൽ ഡെവലപ്പ്മെന്റ് നമ്മുടെ രാജ്യത്ത് ഉണ്ടാക്കുവാൻ ഈ നിയമത്തിന് കഴിയുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ബില്ലിൽ പൊതുജനാഭിപ്രായമാരായുന്നതിനുവേണ്ടി വിടണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഈ ബില്ല് ഒരു ഓർഡിനൻ

LIBRARY ARCHIVES Kerala Legislative Assembly

സിന് നിയമപ്രാബല്യം കൊടുക്കാൻ വേണ്ടിയുള്ളതാണ്. ഇത്ര ധൃതി പിടിച്ച് ഒരു നിയമമാക്കുന്നതുകൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്ത് ദൂര വ്യാപകമായ പ്രത്യാഘാതമുണ്ടാക്കും എന്നാണ് ഞാൻ കരുതുന്നത് കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക രംഗത്ത് പുരോഗതി നേടിയെടുക്കുകയെന്നുള്ളതാണ് ഇത്തരമൊരു യൂണിവേഴ്സിറ്റി രൂപം കൊണ്ടതുകൊണ്ടുള്ള ഉദ്ദേശമെന്ന് ഇവിടെ പറഞ്ഞിട്ടുണ്ട്. കേരളം സാങ്കേതിക വിദ്യാഭ്യാസരംഗത്ത് പിന്നണിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇവിടെ അഞ്ചുശതമാനം വിദ്യാർത്ഥികൾക്കുമാത്രമാണ് പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് കടന്നുവരാൻ സാധിക്കുന്നത്. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് ആധുനിക ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ യൂണിവേഴ്സിറ്റികളിൽ പഠന കോഴ്സുകൾ ഏർപ്പെടുത്തി സർവ്വകലാശാല വിദ്യാഭ്യാസംതന്നെ നവീകരിക്കേണ്ട സമയം ആയി കഴിഞ്ഞിരിക്കുകയാണ്. എന്നാൽ അതിനുവേണ്ടി ഇങ്ങനെ ധൃതിപിടിച്ച് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയും അതിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തുകയും ചെയ്യേണ്ട ആവശ്യമുണ്ടോയെന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്.

സർ, ഇവിടെ 1971-ൽ രൂപീകരിച്ച കൊച്ചിൻ യൂണിവേഴ്സിറ്റി ആക്ടു വച്ചുകൊണ്ടുതന്നെ ശാസ്ത്ര സാങ്കേതിക രംഗത്ത് ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കാനും മാറ്റും നമുക്ക് സാധിക്കും. മറ്റു സർവ്വകലാശാലകളിലും യൂണിവേഴ്സിറ്റി സെന്ററുകളിലും ശാസ്ത്ര സാങ്കേതിക കോഴ്സുകൾ ആരംഭിക്കുവാൻ നമുക്ക് സാധിക്കുന്നതാണ്. എന്നാൽ ഇവിടെ വന്നുകൊണ്ടിരിക്കുന്ന പുതിയ പ്രവണത, എല്ലാത്തിനും യൂണിവേഴ്സിറ്റി വേണമെന്നുള്ളതാണ്. അങ്ങനെ ഒരു പുതിയ മുദ്രാവാക്യം തന്നെ നമ്മുടെ സംസ്ഥാനത്ത് ഉയർന്നു വന്നിരിക്കുകയാണ്. സംസ്കൃത യൂണിവേഴ്സിറ്റി, ഫിഷറീസ് യൂണിവേഴ്സിറ്റി, നഴ്സിംഗ് യൂണിവേഴ്സിറ്റി തുടങ്ങി നിരവധി പേരുകളിൽ യൂണിവേഴ്സിറ്റികൾ വേണമെന്ന ആവശ്യം നമ്മുടെ സംസ്ഥാനത്ത് ഉയർന്നു വന്നിരിക്കുന്നു. ഇങ്ങനെ ഒരു പ്രത്യേക യൂണിവേഴ്സിറ്റി ഉണ്ടാക്കിയതുകൊണ്ടുമാത്രം ശാസ്ത്ര സാങ്കേതിക രംഗത്ത് കേരളം മുന്നോട്ടു നീങ്ങണമെന്നില്ല. ലോക പ്രസിദ്ധമായ പല യൂണിവേഴ്സിറ്റികളിലും ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ അവരുടെ പഠന കോഴ്സുകളുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ലോകത്തിലെ തന്നെ ചരിത്ര പ്രസിദ്ധങ്ങളായ യൂണിവേഴ്സിറ്റികളാണ് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി തുടങ്ങിയവ. അവിടങ്ങളിലെല്ലാം തന്നെ പഠന കോഴ്സുകൾ യൂണിവേഴ്സിറ്റിയുടെ ഭാഗമായി ഉൾപ്പെടുത്താൻ അവർ തയ്യാറായി. ഇൻഡ്യയിലെ പ്രസിദ്ധമായ ബോംബെ യൂണിവേഴ്സിറ്റിയിലും കൽക്കട്ടാ യൂണിവേഴ്സിറ്റിയിലും മദ്രാസ് യൂണിവേഴ്സിറ്റിയിലും അധികം പഴക്കമില്ലാത്ത ബനാറസ് യൂണിവേഴ്സിറ്റിയിലും അണ്ണാമല യൂണിവേഴ്സിറ്റിയിൽപ്പോലും ഇത്തരത്തിൽ ശാസ്ത്ര സാങ്കേതിക വിഷയങ്ങൾക്കു വേണ്ടിയുള്ള ബിരുദാനന്തര കോഴ്സുകൾ ഉണ്ടെന്നുള്ള വസ്തുത പരിഗണിച്ചുകൊണ്ട് ഇവിടെ ഇങ്ങനെ ധൃതിപിടിച്ച് ഓർഡിനൻസ് കൊണ്ടുവന്ന് ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റി എന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി രൂപീകരിക്കാനുള്ള ആവശ്യമെന്തായിരുന്നു? നമ്മുടെ സംസ്ഥാനത്തുള്ള സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പുരോഗതിയുണ്ടാകാൻ വേണ്ടിയുള്ള ചില നടപടികൾ ഇവിടെ ആരംഭിച്ചിട്ടുണ്ടായിരുന്നു. അതിനാണെങ്കിൽ പ്രൊഫഷണൽ പ്രോഗ്രാം സെക്കന്ററി വിദ്യാഭ്യാസത്തിനു ശേഷമുണ്ടായിട്ടുള്ള ഒരു പദ്ധതിയാണെങ്കിലും ആ പദ്ധതിയും ഈ മേഖലയിൽ പരാജയപ്പെട്ടിരിക്കുകയാണ്. അതിന്റെ പ്രധാന കാരണം കേരളത്തിൽ തൊഴിൽ സാദ്ധ്യതയില്ലാത്ത വിഷയങ്ങളിലാണ്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾക്ക് പരിശീലനം കൊടുക്കുന്നത് എന്നതാണ്. അതുപോലെ ഐ. ടി. ഐ., പോളിടെക്നിക്കുകൾ ഇവിടങ്ങളിൽ പരിശീലനം നേടി സാങ്കേതിക ഡിഗ്രിയെടുത്ത് പുറത്തു വരുന്നവർക്കുപോലും, തൊഴിൽ കൊടുക്കുവാൻ സാധിക്കാത്ത സ്ഥിതിയാണ് നമ്മുടെ നാട്ടിൽ ഉള്ളത്. തൊഴിൽ സാദ്ധ്യതയ്ക്കുവേണ്ടി സാങ്കേതിക വിദ്യാഭ്യാസമുള്ളവർ പോകുന്നത് വിദേശ രാജ്യങ്ങളിലാണെങ്കിലും ഇന്ന് വിദേശ രാജ്യങ്ങളിൽക്കൂടി തൊഴിൽ സാദ്ധ്യത ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അങ്ങനെയുള്ള സ്ഥിതിയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. വിദേശത്തുപോയി നമ്മുടെ നാട്ടിൽ നിന്ന് അഭ്യസിക്കുന്ന സാങ്കേതിക വിദ്യ വിൽക്കേണ്ട അവസ്ഥയാണ് വന്നു കൊണ്ടിരിക്കുന്നത്. അതുപോലെ സാങ്കേതിക വിദ്യ പുറത്തുനിന്ന് ഇറക്കുമതി ചെയ്യുക എന്നുള്ളത് ഒരു ഫാഷനായിത്തീർന്നിട്ടുണ്ട്. അതാണ് വസ്തുത. ഇവിടെ, എല്ലാം വിദേശത്തുപോയി നോക്കിയാൽ മാത്രമേ ശരിയാകൂ എന്ന ഒരു സങ്കൽപ്പം വളർന്നു കൊണ്ടിരിക്കുകയാണ്. നമ്മുടെ മലയാള ഭാഷയുടെ തന്നെ പരിമളം തേടി മലയാളികൾ പോയത് ബർളിനിലാണല്ലോ? കസ്തൂരി മാൻ കസ്തൂരി തേടി പോയതുപോലെയാണ് ഗുണ്ടർട്ടിനെത്തേടി ഗുണ്ടർട്ട് ജീവിച്ച നാട്ടിൽ നിന്ന് മലയാളികൾ അങ്ങോട്ടു പോയത്. അതുപോലെയാണ് നാം ഈ നാട്ടിൽ നിന്നും സാങ്കേതിക വിദ്യ പഠിക്കുവാൻ വിദേശത്തു പോകുന്നത്. ഇവിടെയുള്ള സാങ്കേതിക വിദ്യ പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ, കഴിയുന്നതിനുവേണ്ടിയുള്ള സംവിധാനം ഇതുവരെ നമുക്ക് ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ഇവിടെ തന്നെ ശാസ്ത്ര, സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവർ ആവശ്യമാണ്. അതിനുവേണ്ടി ഇലക്ട്രോണിക്സിലും കമ്പ്യൂട്ടർ സയൻസിലുമാണ് കമ്മ്യൂണിക്കേഷനിലും ബിസിനസ് മാനേജുമെൻറിലും ഉള്ള കോഴ്സുകൾ എല്ലാ സർവ്വകലാശാലകളിലും ആരംഭിക്കുവാൻ കഴിയും. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ മാത്രമല്ല, മറ്റു സർവ്വകലാശാലകളിൽക്കൂടി അത് ആരംഭിക്കുവാൻ നമുക്ക് സാധിക്കും. മാനേജുമെൻറിൽ യോഗ്യതയുള്ളവരുടെ ആവശ്യം ഇന്നു വർദ്ധിച്ചു വരികയാണ്. മാനേജുമെൻറ് വിദ്യാഭ്യാസം കൃഷിയിലും ഗ്രാമ വികസന രംഗത്തും വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും സാമൂഹ്യ ക്ഷേമരംഗത്തും ആവശ്യമാണ്. മാനേജുമെൻറ് വിദ്യാഭ്യാസത്തിൻറെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അതിനാവശ്യമായ കോഴ്സുകൾ നമുക്ക് ആരംഭിക്കുവാൻ സാധിക്കും. അതിനെല്ലാം കൂടി ഒരു പ്രത്യേക യൂണിവേഴ്സിറ്റി വേണമെന്ന സങ്കല്പമാണ് കൊച്ചിൻ യൂണിവേഴ്സിറ്റി ഒരു ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയായി മാറ്റുന്നതിനുവേണ്ടി ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അത്തരം ഒരു യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതു തന്നെ ദേശീയ വിദ്യാഭ്യാസ നയത്തിൻറെ ചുവടു വച്ചുകൊണ്ടാണ് എന്ന് ഇവിടെ നേരത്തെ പറയുകയുണ്ടായി. ഇവിടെ പുതിയ വിദ്യാഭ്യാസ നയം തന്നെ ശാസ്ത്ര സാങ്കേതിക വിദ്യയെ പ്രോൽസാഹിക്കാൻ വേണ്ടിയാണെന്ന് അവകാശപ്പെടുന്നുണ്ട്. നമ്മുടെ വിദ്യാഭ്യാസത്തിൻറെ ഏറ്റവും പ്രധാനപ്പെട്ട ന്യൂനത തന്നെ ഏതിനു മുൻഗണന കൊടുക്കണമെന്ന കാര്യത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളാണ്. ബ്രിട്ടീഷുകാർ ഇൻഡ്യ ഭരിച്ചിരുന്ന സന്ദർഭത്തിൽ അന്നത്തെ ഭരണകൂടത്തിനു കുറെ ഗുമസ്തൻമാരെയായിരുന്നു ആവശ്യം. ഇന്നാണെങ്കിൽ ഇൻഡ്യയിലെ കുത്തക മുതലാളിമാർക്ക് ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധൻമാരെ സൃഷ്ടിക്കുകയാണ് ആവശ്യം. കുത്തക മുതലാളിമാരുടെ രക്ഷക്കുവേണ്ടി, കുലീന വർഗ്ഗത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസനയമാണ് ഇന്ന് അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്നത്. ആ കുത്തക മുതലാളിത്തത്തിൻറെ വളർച്ചയ്ക്കു വേണ്ടിയാണ് ശാസ്ത്ര സാങ്കേതിക രംഗത്തുള്ള ഒരു പുതിയ വിദ്യാഭ്യാസ പദ്ധതി ഇൻഡ്യയിൽ ആരംഭിച്ചിട്ടുള്ളത്. ശാസ്ത്ര സാങ്കേതിക രംഗത്ത് വിദ്യാഭ്യാസം കൊടുക്കുന്നതിൽ ഞങ്ങൾക്ക് എതിർപ്പില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്ര-സാങ്കേതിക വിദ്യയെ നാം പൂർണ്ണമായി ഉപയോഗപ്പെടുത്തണം. ഇവിടെ വിദ്യാഭ്യാസ രംഗത്തുള്ള ഏറ്റവും പ്രധാനപ്പെട്ട ന്യൂനത നിരക്ഷരത കൊടികുത്തിവാഴുന്നു എന്നുള്ളതാണ്. സാക്ഷരത നേടാൻ നമുക്ക് ഇപ്പോഴും സാധിച്ചിട്ടില്ല. കോൺഗ്രസ് എത്ര കൊല്ലം മുമ്പ് ഇവിടെ നിരക്ഷരത തുടച്ചു മാറണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നറിയാമോ? 1910-ൽ ഇമ്പീരിയിൽ ലെജി സ്ലേറ്റീവ് കൗൺസിലിൽ ശ്രീ ഗോപാലകൃഷ്ണ ഗോഖലെ ഒരു അനൗദ്യോഗിക പ്രമേയം അവതരിപ്പിച്ചിരുന്നു. ആ പ്രമേയം സഭ തള്ളിക്കളഞ്ഞു. ഗോഖലെ അവതരിപ്പിച്ച പ്രമേയം തന്നെ ആറുമുതൽ പതിനാലു വയസ്സു വരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് സൗജന്യവും നിർബന്ധിതവും പ്രാഥമികവുമായ വിദ്യാഭ്യാസം എന്നാണ്. കോൺഗ്രസ് ഇവിടെ അധികാരത്തിൽ വന്ന് 39 കൊല്ലം കഴിഞ്ഞിട്ടും ഈ സങ്കൽപ്പം സാക്ഷാത്കരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും പ്രാഥമിക വിദ്യാഭ്യാസത്തെ അവഗണിക്കുകയാണ്. സർവ്വകലാശാലാ വിദ്യാഭ്യാസത്തിന് കൂടുതൽ പണം നീക്കിവയ്ക്കുകയും സർവ്വകലാശാലാ വിദ്യാഭ്യാസമാണെങ്കിൽ കുറച്ച് ആളുകൾക്കു മാത്രമായി തുറന്നിട്ടു കൊടുക്കുകയുമാണ്. അതാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. വി. ജെ. തങ്കപ്പൻ : 1950-ൽ അംഗീകരിച്ച ഇൻഡ്യൻ ഭരണഘടനയിൽ വരുന്ന പത്തു കൊല്ലത്തിനകം ഇൻഡ്യയിൽ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതവും സാർവ്വത്രികവുമാക്കും എന്ന് എഴുതി വച്ചിട്ടുള്ള കാര്യം അങ്ങേക്കറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അതുപോലെതന്നെ 1960-ൽ നാം സാക്ഷരത കൈവരിക്കേണ്ടതായിരുന്നു. എന്നിട്ടാണ് ഇപ്പോഴും നമ്മുടെ നാട്ടിൽ നാലു കോടി ആളുകൾ നിരക്ഷരരായിട്ട് നിൽക്കുന്നത്. നമ്മുടെ വിദ്യാഭ്യാസ രംഗത്തുള്ള വീക്ഷണത്തിന്റെ തകരാറാണ് ഇതിനു കാരണം. അതുകൊണ്ട് ശാസ്ത്ര സാങ്കേതിക വിദ്യയ്ക്കുവേണ്ടി പ്രത്യേകം യൂണിവേഴ്സിറ്റി ഉണ്ടാക്കിയതുകൊണ്ടുമാത്രം നാം അതിൽ മുന്നേറണമെന്നില്ല. അതിനുവേണ്ടി വിദ്യാഭ്യാസരംഗത്ത് സമൂലമായ മാറ്റം ഉണ്ടാകണം. വിദ്യാഭ്യാസ രംഗത്ത് സങ്കൽപ്പത്തിൽത്തന്നെ മാറ്റം ഉണ്ടാകുന്നില്ലെങ്കിൽ ഇങ്ങനെ ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കി ശാസ്ത്ര സാങ്കേതിക കോഴ്സുകൾ ആരംഭിച്ചു എന്നതുകൊണ്ടു മാത്രം നമ്മുടെ സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക പുരോഗതി ഉണ്ടാവുകയില്ല. കൊച്ചിൻ യൂണിവേഴ്സിറ്റിയെ ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ഈ ബിൽ ഇതേ നിലയിൽ പാസ്സാക്കാൻ നിയമസഭ അനുവദിച്ചുകൂടാ. തികച്ചും ജനാധിപത്യ വിരുദ്ധമായിട്ടുള്ള ഒരു ബില്ലാണ് ഇത്. ഇരുപത്തിയഞ്ചോളം പ്രതിനിധികൾ ഈ നിയമസഭയിൽ വിദ്യാഭ്യാസരംഗത്തു നിന്ന് കടന്നു വന്നിട്ടുള്ളവരാണ്. അങ്ങനെയുള്ള ഒരു നിയമസഭ ഈ ബില്ല് പാസ്സാക്കി കൊടുക്കാൻ കൂട്ടു നിന്നാൽ കേരളത്തിലെ ജനാധിപത്യ പ്രസ്ഥാനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ വഞ്ചനയായിരിക്കും. ഈ ബില്ലിന്റെ ഓരോ വിശദാംശങ്ങളിലേക്കും ഞാൻ കടക്കുവാൻ ആഗ്രഹിക്കുന്നില്ല. ഇത് ഒരു പൊതു ചർച്ചയാണെന്നുള്ളതുകൊണ്ട് ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ട് ഒന്നുരണ്ടു കാര്യങ്ങൾ ഞാൻ സൂചിപ്പിക്കുകയാണ്. ഈ ബില്ലു പ്രകാരം ഈ യൂണിവേഴ്സിറ്റി നിലവിൽ വരുമോ എന്നുള്ളതിനെക്കുറിച്ച് സംശയമുണ്ട്. കാരണം ഇങ്ങനെ ഒരു യൂണിവേഴ്സിറ്റി രൂപം കൊള്ളുന്നതിനും ഇങ്ങനെ ഒരു ബില്ലു വന്നതിനും, അപ്പുറത്തുള്ളവർക്ക് യോജിപ്പില്ലെന്നാണ് എനിക്ക് ശ്രീ. പി. സി. ജോർജിന്റെ പ്രസംഗം കേട്ടപ്പോൾ തോന്നിയത്. അദ്ദേഹം ഈ ബില്ല് 'സെലക്ട്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേഗതി അവതരിപ്പിച്ചു. അദ്ദേഹം അതിൽ ഉറച്ച് നിൽക്കുമെങ്കിൽ ഞാൻ അതിന് പോട്ടു ചെയ്യും. ഇത് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിധേയമാക്കണമെന്ന് ഭേണകക്ഷിയുടെ ഭാഗത്തുനിന്നും ഒരു നിർദ്ദേശം വന്നതുതന്നെ ഭേണകക്ഷിക്കു പോലും ഈ ബില്ലിനോട് യോജിക്കാൻ സാധിക്കുന്നില്ല എന്നതുകൊണ്ടാണ്. എപ്പോഴും അങ്ങനെ ഒരു ഭേഗതി അവതരിപ്പിച്ചാലും അതിനെതിരായി പോട്ടു ചെയ്യുന്നതാണ് ഇപ്പോഴത്തെ പാരമ്പര്യമെങ്കിലും ഇത് സെലക്ട് കമ്മിറ്റിക്ക് എങ്കിലും വിടണം. അതല്ലെങ്കിൽ ഇതുമായി അഭിപ്രായ വ്യത്യാസമുള്ളവരുടെ അഭിപ്രായം മുഴുവനും കേൾക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണ് കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്. ഇവിടെ പ്രഖ്യാപിക്കുന്ന പദ്ധതികളെല്ലാം പരാജയപ്പെടുകയാണ്.

പ്രീ ഡിഗ്രി ബോർഡ് ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള ഒരു പ്രശ്നമാണ്. ഇപ്പോഴത്തെ കൊച്ചിൻ യൂണിവേഴ്സിറ്റി ശാസ്ത്രസാങ്കേതിക യൂണിവേഴ്സിറ്റിയാക്കുന്നതിനുവേണ്ടിയുള്ള പണം നമ്മുടെ സർക്കാർ ഖജനാവിൽനിന്ന് പോവുകയില്ലേ? പ്രീഡിഗ്രി ബോർഡ് ഈ വർഷം നിലവിൽ വരുമെന്ന് പ്രഖ്യാപിച്ചു. പക്ഷെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു നയാപൈസപോലും ഈ കൊല്ലം കൊടുക്കുകയില്ലെന്നാണ് ഇപ്പോഴത്തെ പറയുന്നത്. പ്രീ ഡിഗ്രി ബോർഡ് ഈ വർഷം ഉണ്ടാക്കാൻ സാധിക്കുകയില്ലെന്ന് ഇപ്പോഴത്തെ വ്യക്തമായി.

സർ, നടപ്പിലാക്കാത്ത പദ്ധതികളെ പ്രഖ്യാപിക്കുകയാണ്. ഇതിന്റെ അർത്ഥമെന്താണ്? എടുക്കുന്ന തീരുമാനങ്ങളെക്കുറിച്ച് ഗവൺമെന്റിന് പൊതുവിൽ യോജിപ്പില്ല. കൊച്ചിൻ യൂണിവേഴ്സിറ്റി ഒരു ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റിയാക്കി മാറ്റണമെന്ന കാര്യത്തിൽ ഗവൺമെന്റിനെ യോജിപ്പുണ്ടോ? ഈ മന്ത്രിസഭയ്ക്ക് യോജിപ്പുണ്ടോ? ഈ ബില്ലിലെ വ്യവസ്ഥകളെ നിങ്ങളെ അംഗീകരിക്കുന്നുണ്ടോ? പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുമെന്നതും വിഭാഗീയമായിരുന്നു ആ പ്രീഡിഗ്രി ബോർഡ് രൂപീകരിക്കാനുള്ള തീരുമാനവും കോംപ്രമൈസിൽ മാറ്റിവയ്ക്കേണ്ടിവന്നു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ അതിനെ പരസ്യമായി എതിർത്തു. ഗവൺമെന്റ് അതിന് പണം കൊടുക്കുകയില്ലെന്നു പ്രഖ്യാപിച്ചു. ഇങ്ങനെയുള്ള പദ്ധതികളെ പ്രഖ്യാപിക്കുന്നതിന്റെ ഫലമായി അത് വിദ്യാഭ്യാസരംഗത്ത് വിദ്യാഭ്യാസമന്ത്രിയെക്കുറിച്ചുള്ള ധാരണകളെക്ക് കോട്ടം തട്ടിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് കൊച്ചിൻ യൂണിവേഴ്സിറ്റിയെ ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റിയാക്കി മാറ്റിക്കൊണ്ട്, ഇപ്പോഴത്തെ കൊണ്ടുവന്നിട്ടുള്ള ബില്ലിൽ, ന്യൂനതകളെ ഉണ്ട്. പീഠികയിൽതന്നെ കാര്യമായ ഒരു ഭേഗതി വേണം. ഇന്നുള്ള നിലയിൽ അത്, അനുവദിച്ചുകൊടുത്താൽ, ഇന്ന് അവിടെ നടന്നുകൊണ്ടിരിക്കുന്ന പല കോഴ്സുകളും നടത്താൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് വന്നുചേരാൻ പോകുന്നത്. ഇന്ന് ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ഡിഗ്രി കോഴ്സുകളെ ബി.ടെക്., ഷിപ്പ് ടെക്നോളജിയുടെ ബി.ടെക്. കോഴ്സും നിറുത്തേണ്ടിവരും. അതുപോലെതന്നെ പോളിമർ സയൻസിലേക്കും, റബ്ബർ ടെക്നോളജിയിലേക്കും ഉള്ള ബി.ടെക്. കോഴ്സും നിറുത്തേണ്ടിവരും. ബാച്ച്ലർ ഓഫ് ജനറൽ ലാ, ആ ഡിഗ്രി കോഴ്സും നിറുത്തേണ്ടിവരും.

[11 a.m.]

[അദ്ധ്യക്ഷ വേദിയിൽ മി.സ്പീക്കർ]

ശ്രീ. പി.സി. ജോർജ് : ഇതിനെപ്പറ്റി ബന്ധപ്പെട്ട പല ആളുകളും ഇവിടെ സംസാരിക്കാനുണ്ട്, അതുകൊണ്ട് 5 മിനിട്ടുകൊണ്ട് എന്നോട് നിറുത്തണമെന്ന് സർ, പറഞ്ഞു. അങ്ങു പറഞ്ഞതനുസരിച്ച് ഞാൻ നിറുത്തു

LIBRARY ARCHIVES Kerala Legislative Assembly

കയും ചെയ്തു. ഒരു 10 മിനിട്ടിൽ കൂടുതൽ കൊടുക്കുന്നത് മര്യാദയല്ല. അങ്ങനെയാണെങ്കിൽ എനിക്ക് ഇനിയും സംസാരിക്കണം.

മി. സ്പീക്കർ : ശ്രീ. ജോർജ് ഇന്നലത്തെ 22 മിനിട്ടും കഴിഞ്ഞ് അഡീഷണലായിട്ടാണ് ഇന്ന് 5 മിനിട്ട് സംസാരിച്ചത്. ശ്രീ. ജോൺ 20 മിനിട്ടിനകം നിറുത്തി. ശ്രീ. ബാലകൃഷ്ണൻ 15 മിനിട്ടിനകം നിറുത്താമെന്നാണ് പറഞ്ഞിട്ടുള്ളത്. 10 മിനിട്ടല്ലേ ആയിട്ടുള്ളു.

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ : സർ, എനിക്ക് പറയാനുള്ളത് ഇതിന്റെ പ്രീയാംപിളിൽതന്നെ ഭേഗതി വരുത്തുന്നില്ലെങ്കിൽ ഇന്ന് നടന്നു കൊണ്ടിരിക്കുന്ന ഡിഗ്രി കോഴ്സുകളം നടത്താൻ സാധിക്കാത്ത സ്ഥിതി ഉണ്ടാക്കും. അതുകൊണ്ട് ഇന്ന് നിലവിലുള്ള കോഴ്സുകൾകൂടി നടത്താൻ കഴിയത്തക്കനിലയിൽ പ്രീയാംപിളിൽ ഒരു ഭേഗതി ബഹുമാനപ്പെട്ട മന്ത്രി തന്നെ കൊണ്ടുവരണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ നിർദ്ദേശിക്കാനുള്ളത്.

സർ, അതുപോലെ ഇതിനകത്ത് സെനറ്റില്ല. സെനറ്റില്ലാത്ത ഒരു യൂണിവേഴ്സിറ്റി ആദ്യമായി നമ്മുടെ നാട്ടിൽ നിലവിൽ വരുകയാണ്. കേരളത്തിലെ മറ്റെല്ലാ യൂണിവേഴ്സിറ്റികൾക്കും സെനറ്റ് ഇല്ലേ ? സെനറ്റ് എന്ന സങ്കൽപ്പംതന്നെ ഉണ്ടാക്കിയത് സിൻഡിക്കേറ്റിനെ മൂക്കിൽ കയറിടാനാണ്. അവിടെ നടക്കുന്ന എല്ലാ കാര്യങ്ങൾക്കും ഉത്തരം പറയാനാണ്. ജനപ്രാതിനിധ്യത്തോടുകൂടിയുള്ള ഒരു സമിതി എന്നുള്ള നിലയ്ക്ക് ആണ്. എന്നാൽ കൊച്ചിൻ ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റിക്ക് സെനറ്റില്ല. സെനറ്റില്ലാത്തതിന്റെ ഫലമായി സിൻഡിക്കേറ്റിൽ എല്ലാം നോമിനേഷൻ. അതുകൊണ്ട് സെനറ്റിനെ ഇതിനകത്തെ ഭേഗതിയായി കൊണ്ടുവരാൻ മന്ത്രി തയ്യാറാകുമോ ?. ഈ ബില്ല് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഞാൻ ചില മാറ്റങ്ങൾ വരുത്താൻ തയ്യാറാണെന്ന്. കാതലായ മാറ്റം ഉണ്ടാക്കണം. സെനറ്റ് വേണം. ഈ യൂണിവേഴ്സിറ്റിക്ക് ഒരു സെനറ്റ് ഉണ്ടാക്കുകയാണ് ആവശ്യം. സെനറ്റ് ഇല്ലാത്ത ഒരു യൂണിവേഴ്സിറ്റിയാണ് രൂപം കൊള്ളുന്നതെങ്കിൽ തികച്ചും ജനാധിപത്യവിരുദ്ധമായ ഒരു യൂണിവേഴ്സിറ്റിയാണ് കൊച്ചിൻ ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റിയെന്ന സ്ഥിതി വന്നു ചേരും. ഇതിൽ സെനറ്റിനെ ഒഴിവാക്കാൻവേണ്ടി വന്നിട്ടുള്ള ചില പ്രധാനമായിട്ടുള്ള കാര്യങ്ങൾതന്നെ രാഷ്ട്രീയക്കാരെ ഒഴിവാക്കണമെന്നാണ്. രാഷ്ട്രീയക്കാരെ ഒഴിവാക്കാൻവേണ്ടി സെനറ്റ് പാടില്ല. രാഷ്ട്രീയക്കാരെ ഒഴിവാക്കാൻവേണ്ടി സിൻഡിക്കേറ്റിലേക്ക് നോമിനേഷൻ. സിൻഡിക്കേറ്റിലേക്ക് മൂന്ന് പൊതുപ്രവർത്തകൻമാരെ നോമിനേറ്റ് ചെയ്യാം. സിൻഡിക്കേറ്റിലേക്ക് രണ്ട് എം.എൽ.എ.മാരെ നോമിനേറ്റ് ചെയ്യാം. ആ നോമിനേറ്റ് ചെയ്യപ്പെടുന്നവർ ഒന്നും ശാസ്ത്ര-സാങ്കേതിക രംഗത്ത് പ്രാഗൽഭ്യം ഇല്ലാത്തവരാണെന്ന് ഞാൻ പറയുന്നില്ല. ശ്രീ. പി പി. തങ്കച്ചനും നമ്മുടെ ശ്രീ. ഇസ്ഹാക്ക് കുരിക്കളും ശാസ്ത്ര-സാങ്കേതിക രംഗത്ത് വൈദഗ്ദ്ധ്യമുള്ളവർ തന്നെയാണ്. പക്ഷേ ഗവൺമെന്റിന് മാത്രം പ്രാതിനിധ്യമുള്ള ഭരണകക്ഷിക്കുമാത്രം പ്രാതിനിധ്യമുള്ള സ്ഥിതിയല്ലേ വന്നിട്ടുള്ളത് ?

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : നമ്മുടെ നിയമസഭയിൽ ഇന്ന് ആർക്കാണ് ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസത്തിൽ ബിരുദമുള്ളത് എന്ന് അങ്ങേയ്ക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. കുരിക്കൾ, അങ്ങേയ്ക്ക് ഇതിനകത്ത് കഴിവുണ്ടെന്നാണ് പറഞ്ഞത്. നോമിനേറ്റ് ചെയ്തതിനെ ചോദ്യം ചെയ്യുകയല്ല. അങ്ങ് അതിന് തീർച്ചയായും അനുയോജ്യനാണെന്നാണ് പറഞ്ഞത്. അതുപോലെ ശ്രീ. തങ്കച്ചനും.

ശ്രീ. പി. പി. തങ്കച്ചൻ : സർ, നമ്മുടെ നിയമസഭയിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസമുള്ള ചുരുക്കം എം. എൽ. എ.മാരിൽ രണ്ടുപേരാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ ?

മി. സ്പീക്കർ : ഈ സഭയിലെ ഏതു മെമ്പറും ഏത് വിഷയം ഒക്കെകാര്യം ചെയ്യാനും പ്രാപ്തനാണ്.

ശ്രീ. കേടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ അവരെ എടുക്കുന്നതിനെ എതിർത്തിട്ടില്ല. എന്ന് മാത്രവുമല്ല അവർ അതിന് പറ്റിയതാണെന്നുള്ള അഭിപ്രായം കൂടി എനിക്കുണ്ട്. പക്ഷേ എന്റെ പ്രശ്നം അതല്ല. അങ്ങനെ രണ്ടുപേരെ നോമിനേറ്റ് ചെയ്താൽ അത് ഈ നിയമസഭയുടെ യഥാർത്ഥ പ്രാതിനിദ്ധ്യമാവുകയില്ല. ആനുപാതിക പ്രാതിനിധ്യംവച്ചുകൊണ്ട് എം. എൽ. എ മാരെ ഈ നിയമസഭ തെരഞ്ഞെടുക്കണം. അങ്ങനെയുള്ള ഒരു ഭേദഗതി ഈ ബില്ലിനകത്ത് മന്ത്രിതന്നെ കൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ പൊതുപ്രവർത്തകൻമാരായ മൂന്നുപേർ, പൊതുപ്രവർത്തകരായ ആരേയുമെടുക്കാം. ആ മൂന്ന് പൊതുപ്രവർത്തകൻമാരെ എടുത്തതിലും എനിക്ക് പരാതിയില്ല. തിരുവഞ്ചൂർ രാധാകൃഷ്ണനെ എനിക്കറിയാം. നമ്മുടെ ഒരു പുതുശ്ശേരി, എനിക്ക് അയാളെ പരിചയമില്ല. വിദ്യാഭ്യാസ വിചക്ഷണനായിരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഒരു സ്കറിയാ, ഇങ്ങനെ 3 പേരെ എടുത്തിട്ടുണ്ട്. അത് മാറ്റി രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് സമ്പ്രദായമാക്കണം. എല്ലാ സർവ്വകലാശാലകളിലും രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് എന്നു പറയുന്ന ഒരു സമ്പ്രദായം ഉണ്ട്. ഈ യൂണിവേഴ്സിറ്റിയിലും രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് എന്നുള്ള നിലയിൽ രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന സ്ഥിതിയുണ്ടാകണം. അല്ലാതെ പൊതുപ്രവർത്തകർ എന്നുള്ള നിലയിൽ ആരേയും നോമിനേറ്റ് ചെയ്യുന്ന ഒരവസ്ഥ എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ഗവൺമെന്റിന് ഇഷ്ടമുള്ള ആളുകളെ നോമിനേറ്റ് ചെയ്യാൻ വേണ്ടിയുള്ള ഒരു സ്ഥിതിവിശേഷം ഇതിനകത്തുണ്ട്. അത് ഒഴിവാക്കണം. അത് ഒഴിവാക്കുന്നില്ലെങ്കിൽ പലതരത്തിലുള്ള അനാശാസ്യപ്രവർത്തനങ്ങൾക്കും അത് ഇടവരുത്തുമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, ഇതിലുള്ള മറ്റൊരു പ്രശ്നം. രജിസ്ട്രാറുടെ നിയമനം സംബന്ധിച്ചാണ്. സർക്കാരിന് ഇഷ്ടമുള്ള ആളിനെ രജിസ്ട്രാറായി നിയമിക്കാം. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് നൽകുന്ന രണ്ടാളുകളുടെ പാനലിൽനിന്ന് തെരഞ്ഞെടുക്കാം. ഇപ്പോഴത്തെ രജിസ്ട്രാർ ഈ 31-ാംതീയതി റിട്ടയർ ചെയ്യാൻ പോവുകയാണ്. അങ്ങനെ റിട്ടയർ ചെയ്യപ്പെടുമ്പോൾ അയാളെ അവിടെനിന്ന് ഒഴിവാക്കാനല്ല ആ ആളിനെ അവിടെ പ്രൊ-വൈസ് ചാൻസലറായിട്ട് നിയമിക്കാൻ ഉള്ള നീക്കം നടക്കുകയാണ്. കഴിവുള്ള ആളാണെന്നാണ് പറഞ്ഞുകേൾക്കുന്നത്. എന്താണ് അങ്ങനെ പ്രൊ-വൈസ് ചാൻസലറായി നിയമിക്കാനുള്ള കാരണം ? ഇപ്പോഴുള്ള അവിടത്തെ പി. വി. സി.യെ കോഴിക്കോട് പി വി. സി.യാക്കി മാറ്റി കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ പ്രൊ-വൈസ് ചാൻസലറായിട്ട് ശ്രീ. സത്യപാലനെ

LIBRARY ARCHIVES Kerala Legislative Assembly

നിയമിക്കുകയാണ്. ആ സത്യപാലനെത്തന്നെ വേണമെന്നുള്ളതിന്റെ പ്രചോദനം പെട്ടെന്നുണ്ടായത് എം. കെ. രാഘവൻ കോൺഗ്രസ് (ഐ)യിൽ ചേർന്നുവെന്നുള്ളതാണ്. എം. കെ. രാഘവനും സത്യപാലനും തന്നെ അവിടത്തെ പ്രൊ-വൈസ് ചാൻസലർമാരായിട്ടു വരണം. അതിനുവേണ്ടി കോൺഗ്രസ് (ഐ)യിൽ ചേർന്നതിന്റെ പാരിതോഷികം സത്യപാലന് പ്രൊ-വൈസ് ചാൻസലർ സ്ഥാനം. അതുപോലെതന്നെ എം. കെ. രാഘവന് മറ്റൊന്നുകൂടി കൊടുത്തു, പ്രൊ-വൈസ് ചാൻസലർ മാത്രമല്ല. എസ്. എൻ. ഡി.പി.ക്ക് കനകക്കുന്ന് കൊട്ടാരവളപ്പിൽ സർക്കാർ വക 50 സെന്റ് ഭൂമി സൗജന്യമായി പതിച്ചുകൊടുത്തു.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ശ്രീ. കോടിയേരി പറഞ്ഞുവരുന്നത് കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സ്ഥാനമാനങ്ങളും വൈസ് ചാൻസലർ സ്ഥാനവും എല്ലാം ജാതിയുടേയും മതത്തിന്റേയും അടിസ്ഥാനത്തിൽ പങ്കുവയ്ക്കുന്നുവെന്നാണോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, യൂണിവേഴ്സിറ്റിയുടേത് പങ്കുവയ്ക്കാൻ തുടങ്ങിയിട്ട് കുറേക്കാലമായി. അതിന്റെ ഭാഗമായിട്ടാണ് ഇപ്പോഴും പ്രൊ-വൈസ് ചാൻസലർ സ്ഥാനം വന്നിട്ടുള്ളത്. പ്രൊ-വൈസ് ചാൻസലർ സ്ഥാനമാണെങ്കിൽ പോകട്ടെ അതിന്റെകൂടെ നമ്മുടെ ഗവൺമെന്റിന്റെ 50 സെന്റ് സ്ഥലവും പതിച്ചുകൊടുക്കാൻ തുടങ്ങിയാലോ ? ഇത് ഇപ്പോഴാ രാഘവനുവേണ്ടി. ഇനി ഇപ്പോഴാ നായൻമാർ ചോദിച്ചാൽ അതിനുവേണ്ടി വേറെ എന്താണ് ചെയ്യാൻ പോകുന്നതെന്ന് അറിയില്ല. അതുകൊണ്ട് രാഷ്ട്രീയക്കാരെ ഒഴിവാക്കുകയെന്നതാണ് യു. ജി. സി.യുടെ സങ്കൽപ്പത്തിന്റെ ഫലമായിട്ടു സെനറ്റ് വേണ്ടെന്നു പറഞ്ഞിട്ടുള്ളത്. യഥാർത്ഥ രാഷ്ട്രീയക്കാരാണ് അതിന്റെ പേരിൽ ഇതര സ്ഥാപനങ്ങളിലേക്ക് കടന്നുകൂടുന്നത്. രാഷ്ട്രീയക്കാരെ ഒഴിവാക്കണമെന്നു പറയുമ്പോഴാ അവർ ഉദ്ദേശിക്കുന്നത് എന്താണ് ? ഗവൺമെന്റിനെ എതിർക്കുന്ന രാഷ്ട്രീയക്കാർ പാടില്ല. ഒരു ഉദാഹരണം കൂടി. ഇപ്പോഴാ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ, ആ വൈസ് ചാൻസലറെ കുറിച്ച് ഇന്നലെത്തന്നെ ഇവിടെ ഒരു വിവാദം നടന്നു. വൈസ് ചാൻസലർ രാഷ്ട്രീയത്തിന് അതീതമായിട്ട് പ്രവർത്തിക്കണമെന്നാണല്ലോ ഇവിടത്തെ സങ്കൽപ്പം. എന്നാൽ തികഞ്ഞ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നു. ബാലഗോകുലത്തിന്റെ പരിപാടി, ആർ. എസ്. എസ്സിന്റെ പരിപാടി. അതിനുവേണ്ടിയൊക്കെ ഒരു വൈസ് ചാൻസലർ യൂണിവേഴ്സിറ്റിയുടെ ചെലവിൽ പങ്കെടുക്കുന്ന അവസ്ഥ ഈ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറുടെ അല്ലാതെ മറ്റേതെങ്കിലും ഒരു വൈസ് ചാൻസലറുടെ ഭാഗത്ത് നിന്ന് ഇതുവരെ ഉണ്ടായിട്ടുണ്ടോ ? ആർ. എസ്. എസ്സിന്റെ അഖിലേന്ത്യാ നേതാവ് പരമേശ്വരന്റെകൂടെ ഒന്നിച്ചിരുന്നുകൊണ്ട് "ഏകാത്മനാ സ്തോത്രം" യോഗാസ്നവും നടത്തിയിട്ടാണ് ശ്രീ. ഗോപാലൻ ആറൻമുളയിൽ തിരിച്ചു വന്നത്. ഇത് രാഷ്ട്രീയക്കാരെ ഒഴിവാക്കണമെന്ന് പറയുന്നതിനു കടകവിരുദ്ധമാണ് എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെതന്നെ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ധാരാളം ആളുകളെ പിൻവാതിലിൽകൂടി നിയമിക്കുന്നു. ഒരു ഉദാഹരണംകൂടി. കമ്പ്യൂട്ടർ സയൻസിന്റെ തലവൻ എ. കെ. മേനോനെ നിയമിച്ചത് സിൻഡിക്കേറ്റല്ല. സിൻഡിക്കേറ്റിനെക്കൂടി മറികടന്നുകൊണ്ട് വി.സി.യാണ് നിയമിച്ചിട്ടുള്ളത്. വി.സി.യുടെ വരുതിക്കു നിൽക്കാത്തവരാണെങ്കിലോ എത്ര ഉന്നതരായാലും സസ്പെൻഷൻ. ഡോക്ടർ ജി. എസ്. ശർമ്മ എന്നുപറയുന്ന പ്രൊഫസറെ സസ്പെൻഡ് ചെയ്തു. കാനഡയിൽ ഒരു പ്രബന്ധമവതരിപ്പിച്ചതിന്റെ പേരിലാണ്

LIBRARY ARCHIVES Kerala Legislative Assembly

സസ്പെൻഡ് ചെയ്തിട്ടുള്ളത്. അദ്ദേഹം തികഞ്ഞ ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധനാണ്. അവിടെ റഷ്യൻ ഡിപ്ലോമാ കോഴ്സ് ഉണ്ട്. ആ റഷ്യൻ ഡിപ്ലോമ കോഴ്സിൽ റഷ്യൻ സാഹിത്യത്തെക്കുറിച്ചും സിലബസിനെക്കുറിച്ചുമുള്ള വിശകലനത്തിൽ ലെനിൻ സാഹിത്യത്തെക്കുറിച്ചു പറഞ്ഞ വാചകം ചേർത്തപ്പോഴേ വെട്ടിക്കളഞ്ഞു. റഷ്യൻ ഭാഷ പഠിക്കുമ്പോഴേ ലെനിനെക്കുറിച്ചു പഠിക്കാതെ എന്തു റഷ്യൻ ഭാഷയാണു സർ ? അങ്ങനെ തികച്ചും കമ്മ്യൂണിസ്റ്റ് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നു എന്നുള്ളതുകൊണ്ട് രാഷ്ട്രീയക്കാരെ ഒഴിവാക്കുക എന്നു പറയുമ്പോഴേ ഇത്തരത്തിലുള്ള സ്ഥിതിയുണ്ടാകുന്നത് ഒഴിവാക്കണ്ടേ ? അവിടെ നടക്കുന്ന കോഴ്സിലെ ഒരു ഉദാഹരണം ഞാൻ പറയാം. എൻവയോൺമെൻറൽ സ്റ്റഡീസ് എന്നു പറയുന്ന ഒരു കോഴ്സ് ഉണ്ട്. ആ എൻവയോൺമെൻറൽ സ്റ്റഡീസിന് അവിടെ ഒരു റീഡറും ഒരു പ്രൊഫസറും നാലു ലക്ചർമാരുമുൾപ്പെടെ ആറു പേരുണ്ട്. വിദ്യാർത്ഥികളായി ഒരൊറ്റയാളും ഇല്ല. ഇതാണ് കൊച്ചിൻ യൂണിവേഴ്സിറ്റിയിലുള്ള എൻവയോൺമെൻറൽ സ്റ്റഡീസിലുള്ളത്. അങ്ങനെ വരുന്ന കോഴ്സുകളുണ്ടാകുമ്പോഴേ നല്ലരീതിയിൽ നടത്താനുള്ള സംവിധാനമുണ്ടാക്കാൻ സാധിക്കണ്ടേ ? ശാസ്ത്ര-സാങ്കേതിക രംഗത്തുള്ള പുരോഗതിയെന്നു പറയുമ്പോഴേ എൻവയോൺമെൻറൽ സ്റ്റഡീസിനുതന്നെ വിദ്യാർത്ഥികളൊന്നുമില്ലാതെ അങ്ങനെയുള്ള ഒരു കോഴ്സ് വെറുതെ ആളുകളെ സ്ഥാപിക്കാൻവേണ്ടി ഉണ്ടാക്കിവയ്ക്കേണ്ട ആവശ്യമെന്താണെന്നാണ് എനിക്ക് ചോദിക്കാനുള്ളത് ? അവിടെ നാലു റിസർച്ച് സ്കോളേഴ്സ് ഉണ്ടെന്നാണ് പിന്നീടു പറഞ്ഞത്. അവിടെയാണെങ്കിലോ ആകെ 700 വിദ്യാർത്ഥികൾക്ക് 500 അദ്ധ്യാപകന്മാർ, കൂടാതെ 511 എംപ്ലോയീസ് ഇതാണു സർ, അവിടത്തെ സ്ഥിതി. ഈ തരത്തിൽ കുറച്ചു വെള്ളാനകളെ പ്രതിഷ്ഠിക്കുന്ന സ്ഥാപനമായി യൂണിവേഴ്സിറ്റി മാറരുത്. അവിടത്തെ വിദ്യാർത്ഥികൾക്ക് യൂണിയൻ രൂപീകരിക്കാൻ സ്വാതന്ത്ര്യം കൊടുക്കണം. അങ്ങുകൂടി ചെയർമാനായിട്ടുള്ള നിയമസഭ ഇത് അംഗീകരിച്ചുകൊടുക്കുന്നത് വളരെ കഷ്ടമാണ്. ഒരു വിദ്യാർത്ഥി പ്രവർത്തകനായിട്ട് രാഷ്ട്രീയത്തിലേക്കു വന്നാണ് ആ ചെയറിൽ ഇരിക്കുന്നത്. ഈ ബില്ലിലെ വ്യവസ്ഥ ഇതേപടി അംഗീകരിച്ചു കൊടുക്കാൻ നമുക്കു പറ്റുമോ ? വിദ്യാർത്ഥിയൂണിയൻ ഇല്ലാതാക്കുക, യൂണിവേഴ്സിറ്റി യൂണിയനും വേണ്ട, വിദ്യാർത്ഥി യൂണിയനും വേണ്ട. വിദ്യാർത്ഥികൾക്ക് സെനറ്റിലും സിൻഡിക്കേറ്റിലും പ്രാതിനിധ്യം ഇൻഡ്യാരാജ്യത്ത് ആദ്യമായി അനുവദിച്ച സംസ്ഥാനമാണു സർ, കേരളം. ശ്രീ. എം. എം. ഹസ്സനെപോലുള്ളവർ ആദ്യമായിട്ട് ആ ഭാഗ്യം സിദ്ധിച്ചവരാണ്. അങ്ങനെ എം. എം. ഹസ്സൻകൂടി ഉൾക്കൊള്ളുന്ന നിയമസഭ പാസ്സാക്കുന്ന ഒരു ബില്ലിൽ വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യമേ വേണ്ട സർ. വിദ്യാർത്ഥികളോടാണെങ്കിൽ വളരെ ക്രൂരമായിട്ടാണു പെരുമാറുന്നത്. ഇൻറേണൽ അസ്സസ്മെൻറ് എന്നു പറയുന്ന ഒരു സമ്പ്രദായമുണ്ട്. അത് ശരിക്കും ഇൻറേണൽ അസ്സോസിയേഷനായിട്ട് അനുവദിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികൾക്കാണെങ്കിൽ അവരുടെ യൂണിയനുണ്ടാക്കാൻ സ്വാതന്ത്ര്യമില്ല, അവർക്ക് സംഘടനാ സ്വാതന്ത്ര്യമില്ല. അങ്ങനെ തികച്ചും ജനാധിപത്യവിരുദ്ധമായി രൂപംകൊണ്ട കൊച്ചിൻ യൂണിവേഴ്സിറ്റി ഓർഡിനൻസ് നിയമമാക്കുന്ന ഈ ബിൽ സഭ തള്ളിക്കളയണം. ഈ ബിൽ നിയമസഭ അംഗീകരിക്കണമെങ്കിൽ അടിമുടി ഭേദഗതിക്ക് വിധേയമാക്കണമെന്നു നിർദ്ദേശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. പത്മനാഭൻ : സർ, ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്, ഇതു തയ്യാറാക്കിയതു യു.ജി.സിയുടെ ചില നിർദ്ദേശങ്ങളനുസരിച്ചാണെന്നാണ്. യു.ജി.സി. എന്നു പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നത് ഞാൻ മനസ്സിലാക്കിയിടത്തോളം സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നമ്മുടെ വികസന പ്രവർത്തനങ്ങളുടേയും പ്ലാനിങ്ങിന്റേയും ഭാഗമായിട്ട് ഉന്നത വിദ്യാഭ്യാസത്തിന് കേന്ദ്രഗവൺമെന്റു നൽകുന്ന പണം എങ്ങനെ, ആർക്കു കൊടുക്കണമെന്നുള്ളതിനെ സംബന്ധിച്ചുള്ള മാനദണ്ഡം രൂപീകരിക്കാൻ ഉണ്ടാക്കിയ ഒരു സ്ഥാപനമാണ്. അവർ ഇപ്പോഴും നിയമത്തിന്റെ പാണ്ഡിത്യംകൂടി ഏറെടുത്തിരിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിന്റെ മുഴുവൻ ആധികാരികസ്ഥാനമായി യു ജി.സി. മാറിയത് എന്നാണെന്ന് എനിക്കറിയില്ല. യു ജി.സി. എന്നുപറഞ്ഞാൽ സംഗതി പിടികിട്ടാതായിരിക്കുകയാണ്. ഒരു ഗ്രാന്റ്സ് കമ്മീഷൻ മാത്രമാണത്. എല്ലാ യൂണിവേഴ്സിറ്റികളുടേയും ഒരു സൂപ്പർ യൂണിവേഴ്സിറ്റിയായോ, മദർ യൂണിവേഴ്സിറ്റിയായോ, എല്ലാ യൂണിവേഴ്സിറ്റിയുടേയുംമേൽ പോലീസ് അധികാരമുപയോഗിക്കാൻ കഴിയുന്ന ഒരു സ്ഥാപനമായിട്ടോ ഒക്കെ ഇപ്പോഴ് യു.ജി.സി. മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇതിൽനിന്ന് ഒരു രക്ഷയുണ്ടാക്കിയേ പറ്റൂ. അങ്ങനെ കേന്ദ്രഗവൺമെന്റിനോ മറ്റാർക്കെങ്കിലുമോ വിദ്യാഭ്യാസ കാര്യത്തിൽ ഏതെങ്കിലും പരിഷ്ക്കാരമുണ്ടാക്കുന്നതിന് ഗ്രാന്റ്സ് കമ്മീഷന്റെ ഉപദേശം ആവശ്യമില്ല. പണം കൊടുക്കുന്നതിന്റേയോ കൊടുക്കാതിരിക്കുന്നതിന്റേയോ പേരിൽ എന്തെങ്കിലും ആലോചിച്ച് ഏൽപ്പിക്കാൻവേണ്ടിയുള്ള ഈ ശ്രമം വിദ്യാഭ്യാസരംഗത്ത് ഒരിക്കലും സ്വീകരിക്കാൻ സാദ്ധ്യമല്ല അങ്ങനെ വേണമെങ്കിൽ ഇപ്പോഴും ലാ കമ്മീഷനെ നിയമിച്ചിട്ടുണ്ടല്ലോ. ഏതെങ്കിലും രേണഘടനാപരമായിട്ടുള്ള മാറ്റമൊന്നും ഉണ്ടാകണ്ടേ ? വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽ എഴുതിയിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റിന് ഇങ്ങനെ വല്ലതും ചെയ്യാം. യൂണിവേഴ്സിറ്റികൾക്ക് പണം കൊടുക്കുന്ന സമയത്ത് അതുസംബന്ധമായിട്ടുള്ള കാര്യങ്ങൾ നോക്കുകയല്ലാതെ വിദ്യാഭ്യാസത്തെയാകെ താറുമാറാക്കുന്ന രീതിയിൽ ജനങ്ങളുടെയെല്ലാം തലയിൽ കയറി എല്ലാ ബഹളങ്ങൾക്കും വേഷം കെട്ടുന്ന ഈ സ്ഥിതി അവസാനിപ്പിച്ചേ മതിയാകൂ. അതൊന്നും അടിയന്തിരമായിട്ടും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ യൂണിവേഴ്സിറ്റിക്ക് കൊടുക്കേണ്ട ഗ്രാന്റിനെ സംബന്ധിച്ചുള്ള കാര്യങ്ങളെപ്പറ്റി ആലോചിക്കുന്ന ഒന്നായിട്ടുമാറണം. അതല്ലാതെ ഈ രീതിയിൽ അതിനെ സ്വീകരിക്കുന്നതു ശരിയല്ല. ഇവിടെ ചക്രവർത്തി കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചുപറഞ്ഞു. ചക്രവർത്തി കമ്മീഷൻ റിപ്പോർട്ടിന്റെ ഏതെങ്കിലും ഒരംശം ഇപ്പോഴ് ഈ ബില്ലിലുണ്ടോയെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് വിനയസമേതം ചോദിക്കുകയാണ്. അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ രേഖയിലെന്താണ് പറഞ്ഞിരിക്കുന്നത് ചക്രവർത്തി കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് പരാമർശിക്കാതിരിക്കുന്നതിനെപറ്റിയൊന്നും ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റ് തയ്യാറാക്കിയ രേഖയിൽ ഇല്ല. ഞാൻ അത് എടുത്തുനോക്കിയപ്പോഴും ആ റിപ്പോർട്ടിൽ പറയുന്നതിന് നേരെ എതിരാണ് ഈ ബിൽ എന്നുകണ്ടു. ഇതിന്റെ അക്കാഡമിക് രംഗത്ത് ത്രീ സ്റ്റാറായിട്ടുള്ള സ്ഥാപനമുണ്ട്. അത് ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി, അക്കാഡമിക് കൗൺസിൽ മുതലായവയാണ്. ഇതു മൂന്നെണ്ണം വേണ്ട രണ്ടെണ്ണം മതിയെന്നാണു പറഞ്ഞത്. പക്ഷേ ബില്ലിൽ എന്താണു വന്നത് ? ബില്ലിൽ അതു മൂന്നും നിലനിർത്തിയിട്ടുണ്ട്. സെനറ്റാണ് ഇല്ലാതാക്കിയത്. എന്തിനാണ് ചക്രവർത്തി കമ്മീഷനെയെല്ലാം ഇവിടെ ഹാജരാക്കിയത് ? ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലുമൊന്ന് ഈ ബില്ലിൽ ഉണ്ടോ ? നേരെമറിച്ച് ആ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളതിനു കടകവിരുദ്ധമായിട്ടുള്ള വകുപ്പുകളാണ് ഈ ബില്ലിൽ എഴുതിച്ചേർത്തിരിക്കുന്നത്. ഈ ബിൽ ആരാണു തയ്യാറാക്കിയത്, ഗവൺമെന്റാണോ ? 1971-ൽ ഇവിടെ അംഗീകരിച്ച ഒരു നിയമം കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് ബാധകമായിരുന്നോ ? ഈ വർഷമാദ്യത്തിൽ രണ്ടാമത്തെ ഓർഡിനൻസായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടാണ് നിലവിലുള്ള നിയമം റദ്ദാൻവേണ്ടി ബദൽ ഓർഡിനൻസുമായി രംഗത്തുവരുന്നത്. അവധാനതയോടുകൂടി വേണ്ടത്ര ആലോചിച്ച് നിയമപരവും മറ്റുമായിട്ടുള്ള കാര്യങ്ങളെപ്പറ്റിപരിശോധിച്ചുകൊണ്ട് ബിൽ തയ്യാറാക്കാൻ യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല. ഒരു നിയമമില്ലാത്തതിന്റെ യാതൊരു കുഴപ്പവുമില്ല. ചക്രവർത്തി കമ്മിഷൻ റിപ്പോർട്ടിലാണെങ്കിൽ നിയമത്തിന്റെ തടസ്സംകൊണ്ടാണ് ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിന് ഈ യൂണിവേഴ്സിറ്റി അപര്യാപ്തമായിട്ടുള്ളതെന്നു ചൂണ്ടിക്കാണിച്ചിട്ടില്ല. മറിച്ച് ഇന്ന് നിലവിലുള്ള കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ അന്നു നിലവിലുള്ള നിയമപ്രകാരം ചെയ്യാവുന്ന ചിലകാര്യങ്ങളിൽ, അതിന്റെ സ്ട്രക്ച്ചറിൽ ചില മാറ്റങ്ങൾ വരുത്തണമെന്നാണ്. അതിൽ എടുത്തുപറയത്തക്ക ഒരു മാറ്റമാണ് അക്കാഡമിക് രംഗത്തുള്ള മൂന്നു സ്ഥാപനങ്ങൾ ആവശ്യമില്ല. രണ്ടെണ്ണം മതിയെന്നുള്ളത്. അല്ലാതെ കൊച്ചിൻ യൂണിവേഴ്സിറ്റി ആക്ട് ശാസ്ത്ര-സാങ്കേതിക രംഗത്ത് നിർണ്ണായകമായി പ്രവർത്തിക്കാൻ കഴിവുള്ള ഒരു സ്ഥാപനമുണ്ടാക്കാൻ അപര്യാപ്തമാണെന്ന് ആ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല. നിയമപരമായിട്ടുള്ള മാറ്റങ്ങളെപ്പറ്റി അതിൽ പറഞ്ഞിട്ടേയില്ല. ഈ പുതിയ ബില്ലിന്റെ ആമുഖം മുതൽ പരിശോധിച്ചുനോക്കിയാൽ അതിൽ വളരെ രസാവഹമായിട്ടുള്ള ഒരു കാര്യമുണ്ട്. ഇത് ആരാണു തയ്യാറാക്കിയത്, ഇന്നത്തെ വൈസ്ചാൻസലർ മി. ഗോപാലൻതന്നെയാണോ ? കാരണം നിയമസഭയിൽ നിയമനിർമ്മാണങ്ങളെസംബന്ധിച്ച് ഡ്രാഫ്റ്റ് ചെയ്യുന്ന കേരള ലാ ഡിപ്പാർട്ടുമെൻറാണ് ഇത് തയ്യാറാക്കിയത് എന്നുണ്ടെങ്കിൽ കെ. എസ്. ആറിൽ കാണാത്ത പല പദപ്രയോഗങ്ങളും, ഒരു നിയമത്തിൽ ഒരിക്കലും ഉപയോഗിക്കാൻ പറ്റാത്തതുമാണ് ഇതിൽ കാണുന്നത്. സർ, ഒരു സ്ഥാപനത്തിലെ ഒരു അക്കാഡമിക് ബോർഡിലേക്ക് ചാൻസലറാണ് നോമിനേറ്റ് ചെയ്യുന്നത്. എന്നാൽ ഈ യൂണിവേഴ്സിറ്റിയുടെ ഒരു ഓഫീസറായ വൈസ് ചാൻസലർതന്നെ ബോർഡിനെ നോമിനേറ്റ് ചെയ്യുകയെന്നുള്ളത് വിചിത്രമായ ഒരു പ്രതിഭാസമാണ്. ആന്ധ്രയിലെ ജവഹർലാൽ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജിയിലും അക്കാഡമിക് ബോഡീസിനെ സൃഷ്ടിക്കുന്നത് ചാൻസലറാണ്. ഇവിടെമാത്രം വൈസ്ചാൻസലറാണ്. ഒരേ കമ്മിറ്റിയിൽ ചാൻസലർ നിർദ്ദേശിച്ച കുറേ ആളുകളും, അതേ കമ്മിറ്റിയിൽതന്നെ വൈസ്ചാൻസലർ നോമിനേറ്റ് ചെയ്യുന്ന ചില ആളുകളും വൈസ്ചാൻസിലർ എന്നു പറയുന്നത് ഈ നിയമത്തിന്റെ ഒരു ക്രിയേഷൻ ആണ്. അയാൾതന്നെ ഇതിൽ മറെറാരു സ്ഥാപനത്തിന് രൂപം കൊടുക്കുന്നത് എന്നുള്ളതാണു സ്ഥിതി. ഇതിനെല്ലാം നിയമപരമായി എന്ത് ആവശ്യമാണുള്ളതെന്നതിനെപ്പറ്റി എനിക്ക് മനസ്സിലാകുന്നില്ല. അങ്ങനെ ഈ ബില്ലാകെ എടുത്തു പരിശോധിച്ചാൽ ഈ ബിൽ തയ്യാറാക്കിയത് സാധാരണ നിയമങ്ങൾ തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന രീതികളൊന്നുംതന്നെയല്ല. നിലവിലുള്ള നിയമത്തിൽ വരുത്തിയ ഒരു വലിയ മാറ്റം 'ഫെഡറൽ' എന്നുള്ളത് 'യൂണിറ്ററി ടൈപ്' എന്നാക്കി. രണ്ടു യൂണിവേഴ്സിറ്റി ബില്ലും ഇവിടെ വന്നതിൽ ഫെഡറൽ എന്നുള്ളതോ യൂണിറ്ററി ടൈപ് എന്നുള്ളതോ ആയ ഒരു വിവാദപരമായ പദപ്രയോഗമോ പ്രിയാമ്പിളിൽ ഇല്ല. ഇവിടെ 'ഫെഡറൽ' എന്ന് ഉപയോഗിച്ചു എന്നുണ്ടെങ്കിൽ ചക്രവർത്തി കമ്മിറ്റി റിപ്പോർട്ടിൽതന്നെ പറയുന്നു 'ഫെഡറൽ' എന്നുള്ള പ്രയോഗം ഇന്നേവരെ ഉപയോഗിച്ചിട്ടില്ല, ഫെഡറൽ എന്നുള്ളത് പഴയ നിയമത്തിൽ നിർവ്വചിച്ചിട്ടുമില്ല, മറെറാന്നിനേയും ഫെഡറലായിട്ട് അഫിലിയേറ്റ് ചെയ്തിട്ടുമില്ല എന്നാണ്. അങ്ങനെ നിയമത്തിലുള്ള വകുപ്പ് ഉപയോഗിച്ചിട്ടില്ലെന്നാണ് കൊച്ചിൻ യൂണിവേഴ്സിറ്റിയെപ്പറ്റി പറയുന്നത്. അതുകൊണ്ട് 'ഫെഡറൽ' എന്നുള്ള പദപ്രയോഗംകൊണ്ട് ശാസ്ത്ര-സാങ്കേതിക ഇൻസ്റ്റിറ്റ്യൂഷനുകൾ സ്ഥാപിക്കുന്നതിനോ യൂണിവേഴ്സിറ്റിക്ക് അതു നടത്തുന്നതിനോ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

തടസ്സവുമുണ്ടായിട്ടില്ല. നിലവിലുള്ള ഒരു ആക്ട് അനുസരിച്ച് പത്തു പതിനഞ്ചു കൊല്ലക്കാലമായി പ്രവർത്തിക്കുകയും അതു സംബന്ധിച്ച് ഒരു റെവ്യൂ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസലറായിട്ടുള്ള ചക്രവർത്തി കമ്മിറ്റിയെക്കൊണ്ട് തയ്യാറാക്കിക്കുകയും ചെയ്തതിനു ശേഷം ആ റെവ്യൂ റിപ്പോർട്ടിന്റെ ഒരംശംപോലും ഉൾക്കൊള്ളാതെ അതിൽ പറഞ്ഞിട്ടുള്ള എല്ലാത്തിനുമെതിരായിക്കൊണ്ട് ഒരു ഓർഡിനൻസ് കൊണ്ടുവന്ന് ഒരു നിയമം റദ്ദാക്കിയതെന്നുള്ളതിന് ഒരു വിശദീകരണം ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിച്ചപ്പോൾ പറഞ്ഞില്ല. ഇത് ആരാണ് തയ്യാറാക്കിയത്? എന്തിനുവേണ്ടിയാണ് തയ്യാറാക്കിയത്? ഒരു ഓർഡിനൻസു കൊണ്ടുവന്ന് അത് മാറ്റാനുള്ള ആവശ്യം എന്തായിരുന്നു? ഇനിയും കൊച്ചിൻ യൂണിവേഴ്സിറ്റി ആക്റ്റ് പുനഃസ്ഥാപിച്ചാൽ ഇവിടെശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള യൂണിവേഴ്സിറ്റിയുണ്ടാക്കാൻ കഴിയും. ഒരു ലാ ഡിപ്പാർട്ടുമെന്റ് മാറ്റലോ ഒരു ഹിന്ദി ഡിപ്പാർട്ടുമെന്റ് മാറ്റലോ അല്ല. ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റിക്കുവേണ്ട ആവശ്യം. അതു ഒരു മുൻ ഉപാധിയാണെന്നു പറഞ്ഞാൽ അത് വസ്തുതകൊണ്ട് നിരക്കാത്തതാണ്.

ശാസ്ത്രത്തിനും സാങ്കേതിക വിദ്യക്കും ഭാഷ ഉണ്ട്. യൂണിവേഴ്സിറ്റി തന്നെ അംഗീകരിക്കുന്നതാണല്ലോ അത്. ശാസ്ത്രവും സാങ്കേതികവിദ്യയും ശാസ്ത്ര പുരോഗതിയ്ക്ക് നമുക്ക് കിട്ടണമെങ്കിൽ അതിന് ഭാഷ പഠിക്കണം. ജർമ്മനും ഫ്രഞ്ചും ഉൾപ്പെടെയുള്ള ഭാഷകളിൽ ഡിപ്ലോമാകോഴ്സുകൾ ഈ യൂണിവേഴ്സിറ്റി നടത്തുന്നുണ്ട്. വിദേശഭാഷകളും വേണം സാങ്കേതിക വിദ്യയ്ക്ക്. അത് ഇൻഡ്യയുടേത് ആകണമെങ്കിൽ അതിന് നമുക്ക് ഇൻഡ്യൻ ഭാഷ വേണം. നമ്മുടെ ഇൻഡ്യയിലെ ദേശീയഭാഷ ഹിന്ദി ഡിപ്പാർട്ടുമെന്റ് ഇതിന് ഒരു അനാവശ്യമായിട്ടുള്ള അലങ്കാരമല്ല. ശാസ്ത്ര-സാങ്കേതിക വിദ്യ നമ്മുടേത് ആക്കാനും നമ്മുടേതായ വികാസം അതിലുണ്ടാക്കുവാനും കഴിയണമെങ്കിൽ ഹിന്ദിയോ അതുപോലുള്ള പ്രാദേശികഭാഷകളുടെയോ പഠനം ആവശ്യമാണ്. ശാസ്ത്ര-സാങ്കേതിക വിദ്യ മാതൃഭാഷയിൽ ആകണമെന്ന് പറയുന്നുവെങ്കിൽ അതിനുവേണ്ടി ചെയ്യേണ്ടതേ അതൊക്കെ തന്നെയാണ്. ഇന്ന് ഹിന്ദി ഡിപ്പാർട്ടുമെന്റ് ഇവിടെ നിന്നും മാറുകയാണെന്ന് പറയുന്നു. അതോ ലാ ഡിപ്പാർട്ടുമെന്റാണോ മാറുന്നത്? ഇൻഡസ്ട്രിയൽ റിലേഷനെ സംബന്ധിച്ചും ഇൻഡസ്ട്രിയൽ ലാ-യെ സംബന്ധിച്ചും എൻവയൺമെന്റൽ ലാ-യെ സംബന്ധിച്ചുമെല്ലാം പഠിക്കുന്ന നിയമങ്ങളും. അതുപോലെതന്നെ ഇന്റർ നാഷണൽ ലാ-യെ സംബന്ധിച്ചും ഉള്ള ഒട്ടേറെ കാര്യങ്ങളും, കോപ്പി റൈറ്റിംഗ് സംബന്ധിച്ചുള്ള പല കാര്യങ്ങളും ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങളെ സംബന്ധിച്ചും ഇനിയും ശാസ്ത്ര-സാങ്കേതിക പുരോഗതിയ്ക്ക് ഇന്നത്തെ ലോകത്ത് ആവശ്യമായിട്ടുള്ള ഒട്ടേറെ നിയമവിഭാഗങ്ങളും ഈ രണ്ട് വകുപ്പിലും ഉണ്ട്. ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റിയാക്കി മാറ്റുന്നതിനുവേണ്ടിയാണ് ഈ രണ്ടു ഡിപ്പാർട്ടുമെന്റും മാറ്റുന്നതെന്ന് പറഞ്ഞാൽ അത് വസ്തുതകൊണ്ട് നിരക്കാത്തതാണ്. ഇതിലെ സത്യം മറ്റൊന്നായിരിക്കാമെന്നാണ് ഞാൻ കരുതുന്നത്. ഗാന്ധിജി യൂണിവേഴ്സിറ്റിയ്ക്ക്, ഇപ്പോൾ ഞാൻ പറഞ്ഞല്ലോ, യൂണിവേഴ്സിറ്റികളുടെ യൂണിവേഴ്സിറ്റിയായ യു. ജി. സി യുടെ അംഗീകാരം വേണമെന്നുള്ള ഒരവസ്ഥ വന്നിരിക്കുകയാണ്. യു. ജി. സി. അംഗീകരിക്കണമെങ്കിൽ അവർ പറയുന്ന അത്രയും ഡിപ്പാർട്ടുമെന്റുകൾ ഉണ്ടായിരിക്കണം. കോട്ടയത്തുള്ള ഗാന്ധിജി യൂണിവേഴ്സിറ്റിയ്ക്ക് അംഗീകാരം കിട്ടുന്നതിനുവേണ്ടി ആവശ്യമായ ഡിപ്പാർട്ടുമെന്റുകൾ ഇല്ലാത്തതുകൊണ്ട് ഇന്നത്തെ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള രണ്ടു ഡിപ്പാർട്ടുമെന്റുകളെ അവിടെ നിന്നും മുറിച്ചുമാറ്റുകയാണ്. ഇത് ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റിയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

അനാവശ്യമായതോ അപ്രസക്തമായതോ ആയ ഡിപ്പാർട്ടുമെൻറുകളല്ല. അതാണ് ഇതിൻെറ യാഥാർത്ഥ്യം. അതുകൊണ്ട് വസ്തുതകൾ വസ്തുതകളായി പറയാനെങ്കിലും ഉള്ള മര്യാദ കാണിക്കണം. അതിനുള്ള സത്യസന്ധത കാണിക്കണം. ഈ ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റിയിൽ ലാ ഡിപ്പാർട്ടുമെൻറും അതുപോലെതന്നെ ലാംഗ്വേജസിനുള്ള ഡിപ്പാർട്ടുമെൻറും ഹിന്ദിയ്ക്കുള്ളതും ഭാരതീയഭാഷകളെ സംബന്ധിച്ചുള്ള ഡിപ്പാർട്ടുമെൻറും ആവശ്യമാണ്. അത് നിലനിർത്തുകയും ചെയ്യണം. അത് അവിടെ തുടരുകയും ചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്. യൂണിവേഴ്സിറ്റിയെ സംബന്ധിച്ചുള്ള ഈ നിയമം ഇന്നത്തെ അതിൻെറ വൈസ് ചാൻസലർക്ക് അറിയാവുന്ന വിഷയങ്ങളിൽ മാത്രം ഒതുക്കിനിർത്തരുത്. അറിയാവുന്ന വിഷയങ്ങളും മാത്രം ഈ യൂണിവേഴ്സിറ്റിയിൽ മതിയെന്ന് ധരിക്കരുത്. ഇതൊന്നും ശരിയല്ല. ശാസ്ത്ര-സാങ്കേതിക രംഗത്ത് വ്യാപകമായിട്ടുള്ള അതിൻെറ എല്ലാ മേഖലകളിലും ഇറങ്ങിച്ചെന്ന് പ്രവർത്തിയ്ക്കുവാനും അതിനുവേണ്ടിയുള്ള എക്സ്പെർട്ടുകളെ നമ്മുടെ രാജ്യത്ത് ഉണ്ടാക്കുവാനും കഴിയുന്ന ഒന്നായിരിക്കണം എന്നുള്ളതാണ് അതിൻെറ ഉദ്ദേശം. അതല്ലാതെ ഇതിൽ ഏതെങ്കിലും ഒരാൾക്ക് തോന്നിയതോ അയാൾക്ക് മനസ്സിലാകുന്നതോ ആയ കാര്യങ്ങൾ മാത്രം ഇവിടെ നടന്നാൽ മതിയെന്നുള്ള രീതിയിലാണ്. ഈ നിയമം ആദ്യം മുതൽ അവസാനം വരെ ഡ്രാഫ്റ്റു ചെയ്തിട്ടുള്ള രീതി തന്നെ അങ്ങനെയാണ്. ഈ യൂണിവേഴ്സിറ്റിയുടെ അധികാരങ്ങളെ സംബന്ധിച്ചിടത്തോളം പറഞ്ഞിട്ടുള്ള 6-ാം വകുപ്പ് ഒന്നെടുത്ത് പരിശോധിച്ചു നോക്കിയാൽ ഡെഫിനിഷനിൽ തന്നെയുണ്ട്. അതുപോലുള്ള ഒട്ടേറെ പദപ്രയോഗങ്ങൾ ഞാൻ നേരത്തെ പറഞ്ഞിട്ടുള്ള അപര്യാപ്തതകൾ ഉൾകൊള്ളുന്നു.....

"to accord recognition to any science..... .. .."

6-ാം വകുപ്പിലെ 2-ാം ഉപവകുപ്പ് എടുത്തു പരിശോധിച്ചാൽ, പുതിയതായി ഒരു സ്ഥാപനം തുടങ്ങാനോ അല്ലെങ്കിൽ ക്രിയേറ്റ് ചെയ്യുന്നതിനോ എന്തു ചെയ്യുമെന്നുള്ളത് അറിയില്ല. അതിനുള്ള ഒരു സമീപനം അതിൽ കാണുന്നില്ല. അതുപോലെതന്നെ 7-ാമത്തെ ക്ലോസ്. ഡിഗ്രിയോ അല്ലെങ്കിൽ ടൈറ്റിലും ഡിപ്ലോമയും പിൻവലിക്കുന്നതിനുവേണ്ടിയുള്ള ഒരു ഷോകോസ് നോട്ടീസ് കൊടുക്കണമെന്നില്ല. 'Reasonable opportunity to present his case" എന്നാണ് പറഞ്ഞിരിക്കുന്നത്. സാധാരണ നിയമപ്രകാരമുള്ള നാച്വറൽ ജസ്റ്റീസ് കൊടുക്കണമെന്നുണ്ടെങ്കിൽ അയാൾക്ക് അയാളുടേതായ ഭാഗം വിശദീകരിക്കുവാനും നിർദ്ദേശിക്കപ്പെട്ട നടപടികൾക്ക് എതിരായിട്ടുള്ള വാദമുഖങ്ങൾ നിരത്താനുമുള്ള അവകാശം കൊടുക്കണം. അതിനൊന്നും ഉള്ള അധികാരമില്ല. എതിരായിട്ടുള്ള കാര്യം നിരത്താനല്ല, ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളത്. അയാൾക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അയാൾക്ക് പറയാമെന്ന് മാത്രമേയുള്ളൂ. മറെറല്ലാ നിയമവും നിങ്ങൾ എടുത്തു നോക്കൂ. അങ്ങനെയല്ല. "Show-cause against the proposed action" ആണ്. എന്താണ് 6, 7 വകുപ്പുകളിൽ കാണുന്നത്? 6-ാം വകുപ്പിലെ 7-ാം ഉപവകുപ്പ് എടുത്തു നോക്കിയാൽ "Reasonable opportunity to present his case" എന്ന് പറയുന്നുണ്ട്. വ്യാഖ്യാനിച്ച് അർത്ഥമുണ്ടാക്കിയാൽ പോര. നിയമത്തിൽ നിയമപ്രകാരമായിട്ടുള്ള സാധാരണ പ്രയോഗിക്കാറുള്ള പദപ്രയോഗങ്ങൾ, നിയമപരമായി അർത്ഥം ആർജ്ജിച്ചു കഴിഞ്ഞിട്ടുള്ള പദപ്രയോഗങ്ങളിൽ നിന്നുള്ള ഈ വ്യതിചലനം. യഥാർത്ഥത്തിൽ നാച്വറൽ ജസ്റ്റീസ് കൊടുക്കണമെങ്കിൽ പലപ്പോഴും അതിന് അപര്യാപ്തമായിത്തീരുമെന്നുള്ളതാണ്. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്കൊന്നും വകുപ്പ് വകുപ്പായിട്ട് പറയാൻ അവസരമില്ലാത്തതുകൊണ്ട് ഇപ്പോൾ കടക്കുന്നില്ല. ചില പ്രധാനപ്പെട്ട ന്യൂനതകളെപ്പറ്റി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇത്

LIBRARY ARCHIVES Kerala Legislative Assembly

ഈ യൂണിവേഴ്സിറ്റിയുടെ അധികാരം സംബന്ധിച്ച് 11-ാം വകുപ്പ് എടുത്തു പരിശോധിച്ചു നോക്കിയാൽ എന്തൊക്കെയാണ് കാണുന്നത്? പഴയ നിയമത്തിലുള്ളത് എന്താണെന്ന്.....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച സംഗതി ഈ പവേഴ്സ് ഓഫ് ദി യൂണിവേഴ്സിറ്റി, അതിനകത്ത് ഉള്ളതാണോ പറയുന്നത്?

ശ്രീ. ഇ. പത്മനാഭൻ : അതെ.

ശ്രീ. ടി. എം. ജേക്കബ് : അത് എല്ലാ യൂണിവേഴ്സിറ്റി നിയമങ്ങളിലും ഉള്ളതാണല്ലോ?

ശ്രീ. ഇ. പത്മനാഭൻ : അത് പോരായെന്നുള്ളതാണ്. രണ്ടാമതായി ഇതിലെ 11-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളത്,

(xi) to Institute and provide funds wherever necessary for the maintenance of—

(a) an Atheletic Club ;

(b) a Consultancy Centre ;

.....

അതായത് രാഷ്ട്രീയം മാത്രമല്ല ഇവിടത്തെ വിദ്യാർത്ഥികൾക്ക് ആവശ്യം. സംഘടിതമായി അവർക്ക് അദ്ധ്യയനമേഖലയിൽ വരുന്ന പ്രശ്നങ്ങളും അവരുടെ എക്സ്ട്രാ കരിക്കുലർ ആക്റ്റിവിറ്റീസും ഉൾപ്പെടെയുള്ള മറ്റു പ്രവർത്തനങ്ങളെ ആകെ സംയോജിപ്പിക്കേണ്ടിയിരിക്കുന്നു. ടെക്നോക്രാറ്റുകളെയും ബ്യൂറോക്രാറ്റുകളെയും ഉണ്ടാക്കാൻ വേണ്ടി മാത്രം ഉള്ളതല്ലല്ലോ ഇത്. ആധുനിക യുഗത്തിലെ സംസ്കാര സമ്പന്നരായ മനുഷ്യരെ ഉണ്ടാക്കാൻ കഴിയണ്ടേ? ഈ യൂണിവേഴ്സിറ്റി യൂണിയൻ എന്നുള്ളത് ഇപ്പോഴത്തെ പുതിയ നിയമത്തിൽ ഇല്ല. കേരളത്തിലുള്ള മറ്റു ചില യൂണിവേഴ്സിറ്റികളിൽ യൂണിവേഴ്സിറ്റി യൂണിയൻ എന്നുള്ള ചില ഏർപ്പാട് ഉണ്ട്. അത് ഇതിലില്ല. സ്റ്റുഡൻസ് അഡ്വൈസറി ബോർഡ് ഇല്ല. എംപ്ലോയ്മെൻറ് ബ്യൂറോയുടെ കീഴിലുള്ള എംപ്ലോയ്മെൻറ് അഡ്വൈസറി ഗൈഡൻസ് ബ്യൂറോ ഇല്ല. എംപ്ലോയ്മെൻറ് അഡ്വൈസിംഗ് എവിടെ നടക്കും? സ്റ്റുഡൻസ് അഡ്വൈസറി ബോർഡ് എന്നുള്ളത് എംപ്ലോയ്മെൻറ് അഡ്വൈസറി അല്ല. ഞാൻ പോദിക്കുന്നു ഈ നിയമം മന്ത്രി വായിച്ചിട്ടുണ്ടോയെന്ന്. മന്ത്രിസഭ പരിശോധിച്ചതാണോ ഈ നിയമം? നമ്മുടെ നിയമ വകുപ്പ് പരിശോധിച്ചതാണോ? ഈ മന്ത്രിസഭ ഇതെല്ലാം അധികമാണെന്ന് പറഞ്ഞ് ഇതെല്ലാം ഡെലീറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടാണോ ഈ ഓർഡിനൻസ് കൊണ്ടു വരുന്നതിന് തീരുമാനിച്ചത്? കൊച്ചിൻ യൂണിവേഴ്സിറ്റി ആക്ടിൽ ഉണ്ടായിരുന്ന ഇത്തരം സ്ഥാപനങ്ങൾ ഇല്ലാതായതിന്റെ പിന്നിലുള്ള ഹേതോവികാരം എന്താണ്? അത് വിശദീകരണത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല. സാധാരണ ഒരു ട്രാൻസിലേഷൻ ആൻറ് പബ്ലിക്കേഷൻ ബ്യൂറോ അതല്ല. പിന്നെ അവസാനമായി മറ്റൊരു കാര്യം കൂടി. എൻ.സി.സി. ഇല്ല, നാഷണൽ സർവ്വീസ് കോർ ഇല്ല. എന്താണ് ശാസ്ത്ര-സാങ്കേതിക വിദ്യയുടെ ഒരു പുരോഗതി വരാൻ പോകുന്നത്? എന്താണ് മനസ്സിലാക്കുന്നത്? വിദ്യാർത്ഥികൾ മുഴുവൻ സമയവും ശാസ്ത്ര-സാങ്കേതികതത്തിൽ കിടന്നിട്ട് പോകാനാണോ? ഇത് നമ്മുടെ പോലീസ് നായ്ക്കളെ ട്രെയിൻ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതുപോലുള്ള രീതിയാണ്. അവിടെ പട്ടികയ്ക്ക് അഭിപ്രായം പറയാൻ സ്വാതന്ത്ര്യമില്ല. അവയുടെ ട്രെയിനിംഗ് പറയുന്നത് മാത്രം അവർകേട്ട് പഠിക്കുകയാണ്. അതാണോ നിങ്ങളുടെ പുതിയ ശാസ്ത്ര-സാങ്കേതിക വിദഗ്ദ്ധർ? കുറവാളികളെ കണ്ടുപിടിക്കാൻ പോകുന്ന പോലീസ് നായ്ക്കളെ ട്രെയിൻ ചെയ്യിക്കുന്ന രീതിയിലാണോ അക്കാഡമിക് ലൈഫ്? അക്കാഡമിക് ലൈഫ് എന്താണെന്ന് ആദ്യം മനസ്സിലാക്കണം. അത് ഗോപാലനും ഇവിടെ ഇരിക്കുന്ന ചില ഉദ്യോഗസ്ഥൻമാർക്കും അറിഞ്ഞുകൂടെങ്കിൽ അക്കാര്യമെന്ന് പറഞ്ഞു മനസ്സിലാക്കി കൊടുക്കണം. ഒരു അക്കാഡമിക് ലൈഫിലൂടെ ഒരാൾ അയാളുടെ യൗവ്വനകാലത്ത് പുറത്തുവരുമ്പോൾ എന്ത് ജാതിയിലുള്ള ഒരു വ്യക്തിയായിരിക്കണം, എങ്ങനെയുള്ള പൗരനായിരിക്കണം എന്നുള്ളതിന് വ്യക്തമായ ധാരണ വേണം. അതെല്ലാം ഉണ്ടാക്കിയിരിക്കുന്നത് എന്തെങ്കിലും രാഷ്ട്രീയക്കാർ ഒരു ഉദ്ദേശം കൊണ്ട് ഒരു ദിവസം ഉണ്ടാക്കിയതൊന്നുമല്ല. നമ്മുടെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ മാത്രമല്ല, ലോകത്തെമ്പാടും ഇവിടെയും സാങ്കേതികമായ സംഘടിതമായ ഉന്നതവിദ്യാഭ്യാസം ലഭിക്കാതെ വന്നതിന്റെ ഓരോ കാലഘട്ടത്തിലും ഉണ്ടായ പല അനുഭവങ്ങളും വച്ചുകൊണ്ടാണ്. മനുഷ്യന്റെ സാംസ്ക്കാരിക പുരോഗതിയുടെ ഭാഗമായിട്ടാണ് യൂണിവേഴ്സിറ്റികളിലും അതുപോലുള്ള സമിതികളിലും സ്ഥാപനങ്ങളിലും ഇതു വന്നു ചേർന്നത്. ഇവിടെ ഏതോ ഒരു വിദ്വാന് ഇതൊന്നും മനസ്സിലാകുകയില്ല എന്നു പറഞ്ഞുകൊണ്ട് ഈ ഡോക്ടർ എന്നുള്ള പേര് എഴുതി എന്നുള്ളതുകൊണ്ടുമാത്രം തെറ്റിദ്ധരിക്കരുത്. ജലദോഷം വന്നാൽപോലും എന്താണ് ചെയ്യേണ്ടതേ് എന്ന് അറിയാത്തവർ ഡോക്ടർമാരുടെ പേരിലുണ്ട്. ഈ ഡോക്ടറേറ്റ് വേറെയാണ്. പുല്ല് മുളയ്ക്കുന്നതും കരിയുന്നതും സംബന്ധിച്ച് പേപ്പർ എഴുതി കൊടുത്താലും ഡോക്ടറേറ്റ് കിട്ടും. അവരെയെല്ലാം സാങ്കേതിക വിദഗ്ദ്ധൻമാരായി എല്ലാവരും കയറി പറയുന്ന ഒരു സ്ഥിതി വിശേഷം ഉണ്ടാകരുത്. അടുത്ത തലമുറയ്ക്ക് ഒരു വിധിയെഴുതേണ്ട ഗതികേട് നമുക്ക് ഉണ്ടാകരുത്. സെൻട്രൽ സെക്രട്ടേറിയറ്റിലെ ഒരു അപ്പർ ഡിവിഷൻ ക്ലാർക്കിന്റെ നിലവാരത്തിലോ അതുപോലുള്ള ഡിഗ്നിഫൈഡായിട്ടുള്ള ഒരാളെയോ കൊണ്ടുവന്ന് ശാസ്ത്ര-സാങ്കേതിക വിദഗ്ദ്ധനാണെന്ന് പേരിട്ടുകൊണ്ട് ഇതുപോലുള്ള ആസ്ഥാനങ്ങളെല്ലാം നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് വരുത്തിവയ്ക്കാൻ ശ്രമിക്കുന്നതിനു നിങ്ങൾ കൂട്ടുനിൽക്കരുത്. അതോ നിങ്ങളുടെതാണോ ഈ സൃഷ്ടിയെന്ന് അറിയണം. അതുമാത്രമല്ല, ഇത് വൈസ് ചാൻസിലർ യൂണിവേഴ്സിറ്റി എന്നു പറയുകയാണ്. അല്ലെങ്കിൽ അയാളുടെ പേരിട്ട ഒരു യൂണിവേഴ്സിറ്റി, അതല്ലാതെ കൊച്ചിൻ യൂണിവേഴ്സിറ്റി എന്ന് പറയുകയില്ല. ചക്രവർത്തി കമ്മിറ്റി റിപ്പോർട്ടിൽ തന്നെ പറയുന്നത്, കേരള യൂണിവേഴ്സിറ്റിക്ക് സയൻസ് ആൻറ് ടെക്നോളജി യൂണിവേഴ്സിറ്റി എന്ന പേരാക്കണം എന്നാണ്. ഈ നിയമം കേരളം മുഴുവൻ വ്യാപിപ്പിച്ചിരിക്കുകയാണ്. അന്നാണെങ്കിൽ പഴയ കൊച്ചിൻ പ്രദേശത്തുള്ള രണ്ടുമൂന്നു മുനിസിപ്പാലിറ്റികളും പത്തുപതിനഞ്ച് പഞ്ചായത്തുകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് കേരളം വ്യാപകമായിട്ട് അതിന്റെ പ്രവർത്തനം വ്യാപിച്ചിരിക്കുകയാണ്. എന്തുകൊണ്ട് കേരളാ യൂണിവേഴ്സിറ്റിയ്ക്ക് സയൻസ് ആൻറ് ടെക്നോളജി എന്ന് പേരിട്ടുകൂടാ? പക്ഷേ ഈ നിയമത്തിൽ ഒരു വകുപ്പുണ്ട്. സാധാരണ നിയമനിർമ്മാണത്തിൽ സ്വീകരിക്കാത്ത നടപടി ഇതിലുണ്ട്. ഈ നിയമത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിനും മറ്റു തീരുമാനങ്ങൾ എടുക്കുന്നതിനും എക്സിക്യൂട്ടീവിനാണ് അധികാരം കൊടുത്തിട്ടുള്ളത്. അതല്ലെങ്കിൽ അതിന്റെ ക്രീയേഷനായിട്ടുള്ള യൂണിവേഴ്സിറ്റിക്ക് അധികാരങ്ങൾ കൊടുക്കാൻ ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവിലേക്ക് ഞാൻ പറയാം. ഇതിലെ 6,

LIBRARY ARCHIVES Kerala Legislative Assembly

(17) വകുപ്പ് നോക്കിയാൽ "to define the powers and duties of the Officers and other employees of the University other than those prescribed in this Act," ഈ നിയമത്തിൽ പറയാത്ത കാര്യങ്ങളെപ്പറ്റി സ്വയം നിയമം ഉണ്ടാക്കാനുള്ള അവകാശമാണ് കൊടുത്തിരിക്കുന്നത്. ഈ ലെജിസ്ലേഷനുള്ള അധികാരം പോലും മുഴുവനായിട്ട് അതേപടി അവർക്ക് കൈമാറ്റം ചെയ്തിരിക്കുകയാണ്.

നിയമ നിർമ്മാണത്തിന്റെ ചരിത്രത്തിൽ, നിയമനിർമ്മാണ സഭയുടെ ചരിത്രത്തിൽ ഈ മാതിരിയുള്ള ഒരു വൈകല്യം സംഭവിക്കാറുണ്ടോ? അതാണ് ഞാൻ ചോദിച്ചത് നമ്മുടെ ലാ ഡിപ്പാർട്ടുമെന്റ് പരിശോധിച്ചിട്ടുണ്ടോ എന്ന്. ഇത് ഇവിടെ അംഗീകരിക്കുകയും നിർവ്വചിക്കുകയും ചെയ്തിട്ടുള്ള അധികാരങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ ഉദ്യോഗസ്ഥൻമാർക്കോ അതിന്റെ സമിതികൾക്കോ അധികാരം കൊടുക്കുന്നത് മനസ്സിലാക്കാം. ഈ നിയമസഭ പര്യാലോചിക്കാത്ത, സ്ഥാപനങ്ങൾ പരിശോധിക്കാത്ത, ആലോചിക്കാത്ത കാര്യങ്ങളെ സംബന്ധിച്ച് സ്വയം തീരുമാനം എടുക്കാൻ അധികാരം ഉണ്ടായിരിക്കുമെന്നാണ് ഈ വകുപ്പ് കാണിക്കുന്നത്.

അത് കഴിഞ്ഞാൽ കമ്മ്യൂണൽ റിസർവേഷനെ സംബന്ധിച്ചുള്ള 7-ാം വകുപ്പിലേക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കട്ടെ. അങ്ങയുടെ സുഹൃത്തു കൂടിയായിട്ടുള്ള കുരിക്കൾ ഇപ്പോഴത്തന്നെ ഇങ്ങോട്ട് ഡിസെന്റിംഗ് എഴുതിയിരിക്കുകയാണ് കമ്മ്യൂണൽ റിസർവേഷൻ പാലിക്കുന്നില്ലായെന്ന്. ഇതിൽ 7-ാം വകുപ്പിലെ ഉപവകുപ്പിൽ കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് റൂൾസിലുള്ള 14 മുതൽ 17 (എ) വരെ വകുപ്പുകളെപ്പറ്റി പറഞ്ഞിരിക്കുകയാണ്. 14-ാം വകുപ്പിൽത്തന്നെ പറഞ്ഞിട്ടുള്ളത് കമ്മ്യൂണൽ റിസർവേഷൻ എല്ലാവർക്കും ഉണ്ടെന്നല്ല, ഗവൺമെന്റ് പ്രത്യേക നോട്ടിഫിക്കേഷൻ കൊടുത്താൽ മാത്രമേ ഉണ്ടാകൂ. ഇത്രയൊന്നും ആവശ്യമില്ല. ഇതിൽ തന്നെ ഈ പറഞ്ഞതു അപ്പോയിന്റ്മെന്റിനെപ്പറ്റി മാത്രമേയുള്ളൂ. ഞാൻ ഇതിൽ വളരെ ഗൗരവമായി കാണുന്നത് കമ്മ്യൂണൽ റിസർവേഷൻ ഉംപ്പെടെയുള്ളത് വിദ്യാർത്ഥികളെ സെലക്ട് ചെയ്യുന്ന കാര്യത്തിൽ ആവശ്യമാണ്. മദ്രാസ് ഐ.ഐ.റ്റി. യുടെ പ്രിൻസിപ്പാളുടെ പ്രസംഗം ഇപ്പോഴും എന്റെ ഓർമ്മയിൽ വരുന്നു. "ഇവിടെ കമ്മ്യൂണൽ റിസർവേഷനാണ് നമ്മുടെ സ്റ്റാൻഡേർഡിനുള്ള തകർച്ച" എന്ന് അദ്ദേഹം പരസ്യമായി പറയുകയുണ്ടായി. മെരിറ്റിലുള്ള കുട്ടികളെ മാത്രം സെലക്ട് ചെയ്ത് പഠിപ്പിക്കേണ്ട സ്ഥാപനങ്ങളായിരിക്കണം ഈ സെന്റേഴ്സ് ഓഫ് എക്സെലൻസ് എന്നുള്ള അഭിപ്രായം അദ്ദേഹം പറയുകയുണ്ടായി. ഇന്നും കേരളവും അവിടേക്കാണ് പോകുന്നത്. അപ്പോയിന്റ്മെന്റിൽ മാത്രം. അതിൽത്തന്നെ ഈ നിയമപ്രകാരം അതിനുവേണ്ടിയുള്ള വ്യവസ്ഥയില്ല. കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ 14 എന്നുള്ള വകുപ്പ് വായിച്ച് ഞാൻ സമയം കളയുന്നില്ല. അങ്ങേക്ക് വായിക്കാവുന്നതാണ്. അതിൽ സ്പെഷ്യൽ റൂൾസിൽ പറഞ്ഞിട്ടില്ലായെങ്കിൽ ഗവൺമെന്റ് പ്രത്യേക നോട്ടിഫിക്കേഷൻ കൊടുത്താൽ മാത്രമേ കമ്മ്യൂണൽ റൊട്ടേഷൻ ബാധകമാകുകയുള്ളൂ എന്നാണ്. എന്തിനു നിങ്ങൾ ഇങ്ങനെ വളഞ്ഞു തിരിഞ്ഞ് മൂക്കു പിടിക്കണം. എങ്കിൽ നേരിട്ടുതന്നെ ഇതിൽ പറഞ്ഞുകൂടെ. ബേക്ക്വേഡ് കമ്മ്യൂണിറ്റി, ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ്, മറ്റുള്ള എല്ലാവിധ റിസർവേഷനും മറ്റും ഇത് ബാധകമാണ്. ഇത് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലും യൂണിവേഴ്സിറ്റിക്ക് ബാധകമാണ്. ഇതുപോലുള്ള സെന്റേഴ്സ് ഓഫ് എക്സെലൻസിയിലെ പ്രാമാണികൻമാരായിട്ടുള്ള ആളുകൾ വിദഗ്ദ്ധൻമാരാണ് എന്നു പറഞ്ഞുകൊണ്ട് ഈ രാജ്യം ഇന്ന് അംഗീകരിച്ച പൊതു നയത്തിന് എതിരായിക്കൊണ്ട്, രാഷ്ട്രീയത്തിനെ

LIBRARY ARCHIVES Kerala Legislative Assembly

അപലപിച്ചുകൊണ്ട് താന്തോന്നിത്തം കണിക്കാനുള്ള ഒരു വകുപ്പ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ ഏഴാം വകുപ്പ് തീർച്ചയായിട്ടും നമ്മുടെ രാജ്യത്തെ പൊതു നയത്തിന് യോജിക്കാൻ കഴിയുന്ന ഒന്നല്ല. ഇത് വൈസ് ചാൻസലർ യൂണിവേഴ്സിറ്റി അല്ലെങ്കിൽ ഗോപാലൻ യൂണിവേഴ്സിറ്റി എന്നു പറയാം. ഈ രാജ്യത്തെ ഏതെങ്കിലും ക്രിമിനൽ കോടതിയിൽ നിന്ന് ശിക്ഷിക്കപ്പെട്ടാൽ ആ ആളെ തിരിച്ചയയ്ക്കാൻ പ്രത്യേകിച്ച് നടപടി ക്രമങ്ങളൊന്നും ആവശ്യമില്ല. ഇതിൽ 3-ാം ചാപ്റ്ററിലുള്ള 8-ാം വകുപ്പിന്റെ ഉപവകുപ്പിൽ 10 കഴിഞ്ഞാൽ രണ്ടു പ്രൊവൈസോ എഴുതിച്ചേർത്തിട്ടുണ്ട്. വൈസ് ചാൻസലർക്ക് സിൻഡിക്കേറ്റിനെയും ആരേയും പിരിച്ചുവിടാമെന്നാണ് ഓർഡിനൻസ് നമ്പർ 2. ഇതിൽ പറഞ്ഞത് എന്താണെന്ന് അറിയാമോ ? വൈസ്ചാൻസലറെ സംബന്ധിച്ച് അദ്ദേഹം എന്തെങ്കിലും" കുറ്റം ചെയ്താൽപോലും ഹൈക്കോടതി ജഡ്ജിയെപ്പോലെയോ സുപ്രീംകോടതി ജഡ്ജിയെപ്പോലെയോ കുറ്റക്കാരനാണ് എന്ന് കണ്ടാൽമാത്രമേ ചാൻസലർക്ക് പിരിച്ചുവിടാൻ അധികാരമുള്ളു. ചാൻസലർ എന്നു പറയുന്ന ഗവർണ്ണർക്ക് നമ്മുടെ ഭരണഘടന വ്യക്തമാക്കിയിട്ടുള്ള പ്ലഷർ ടെന്യൂർ. അനുസരിച്ച് അദ്ദേഹത്തിന് ഉത്തമബോദ്ധ്യം വന്നു എന്നു രേഖപ്പെടുത്തിയാൽ ഒരാളെ സ്റ്റേറ്റിന്റെ സർവ്വീസിൽനിന്ന് പിരിച്ചുവിടാനുള്ള വകുപ്പുണ്ട്. ഇവിടെ വൈസ്ചാൻസലർക്ക് മറ്റു എല്ലാവരെയും ഡിസ്മിസ് ചെയ്യാനുള്ള അധികാരമുണ്ട്. ഇവിടെ അദ്ദേഹത്തിന്റെ പേരിൽ, എന്തെങ്കിലും നടപടി എടുക്കാൻ ചാൻസലർക്കേ അധികാരമുള്ളു. ചാൻസലർക്കാണെന്നുണ്ടെങ്കിൽ ഹൈക്കോടതി ജഡ്ജി അല്ലെങ്കിൽ സുപ്രീം കോടതി ജഡ്ജി കുറ്റക്കാരനാണെന്ന് വിധിച്ച വിധിയുടെ മുമ്പിലേ പാടുള്ളൂ. ഇപ്പോഴും സുപ്രീം കോടതി ഭരണ ഘടനയിലെ ചില വ്യവസ്ഥകൾക്ക് കൊടുത്തിട്ടുള്ള എല്ലാ പുതിയ വ്യാഖ്യാനമനുസരിച്ചാണെങ്കിൽ ആരെയും കൊള്ളരുതാത്തവരെന്നു പറഞ്ഞ് പിരിച്ചുവിടാം. ഒരു ഹൈക്കോടതി ജഡ്ജിയെ പിരിച്ചു വിടണമെങ്കിൽ, അങ്ങനെയുള്ള സ്ഥാനങ്ങളിലുള്ളവരെ പിരിച്ചുവിടണമെങ്കിൽ അത് കൂടുതൽ ക്ലേശകരമാണ്. ഈ വൈസ്ചാൻസലർക്കു എന്തും ചെയ്യാമെന്നുള്ളതാണ് സ്ഥിതി.

ഇതിൽ വേറെ വകുപ്പുകളും കൂടി-അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഇതിൽ എന്താണ് ബഡ്ജറിനുള്ള സംവിധാനം? നിങ്ങൾ അണ്ണാ യൂണിവേഴ്സിറ്റിയുടെ നിയമം ഇവിടെ തന്നിട്ടുണ്ട്, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ആന്ധ്രാ യൂണിവേഴ്സിറ്റി നിയമങ്ങൾ തന്നിട്ടുണ്ട്. നിയമസഭയുടെ പരിഗണനക്കു വയ്ക്കണം. അതിന്റെ റിപ്പോർട്ട് എന്നുള്ള വകുപ്പ് അതിലുണ്ട്. ഈ ബില്ല് തയ്യാറാക്കിയതിൽ ആ വകുപ്പില്ല. ഒരു രാഷ്ട്രീയക്കാരൻ വരുന്നതോ ഇവിടെ അക്കാഡമിക് കൗൺസിലിൽ വരുന്നതോ അല്ല പ്രശ്നം. ഇത് സ്വതന്ത്രമാണ്. ഇതിന്റെ ആഡിറ്റ് ആൻറ് അക്കൗണ്ട്സിനെ സംബന്ധിച്ച്, ബഡ്ജറിനെ സംബന്ധിച്ച്, ഒരാൾ അംഗീകരിക്കണമെന്ന് ഇതിലില്ല. സെനറ്റ് ഉണ്ടായിരുന്നുവെങ്കിൽ ബഡ്ജറ് സെനറ്റിൽ അംഗീകരിക്കാം. സിൻഡിക്കേറ്റിനെ സംബന്ധിച്ച് വൈസ് ചാൻസലറുടെ ആക്ഷനെ സംബന്ധിച്ച് സെനറ്റിൽ ചോദ്യം ചെയ്യാം. പരിശോധിക്കപ്പെടാം. പരസ്പരം പരിശോധനയും അന്യോന്യം ബോദ്ധ്യപ്പെടുത്താനുള്ള ബാദ്ധ്യതയുമില്ലാതെ ഒരു സ്ഥാപനവും ഈ രാജ്യത്ത് നിലനിൽക്കാൻ പാടില്ല. എന്നാൽ ഇവിടെ ആരോടും ഉത്തരവാദിത്വമില്ലാതെ എന്തു തോന്ന്യവാസവും ഈ രാജ്യത്ത് ചെയ്യാനാണ് ഈ നിയമത്തിൽ എഴുതിച്ചേർത്തിരിക്കുന്നത്. ബഡ്ജറ് അംഗീകരിക്കാൻ ഒരു സമിതിയില്ല. വെറുതെ പ്രിപ്പയർ ചെയ്യണം സിൻഡിക്കേറ്റ് എന്നു മാത്രമേ പറയുന്നുള്ളു. അംഗീകരിക്കണമോ? ബഡ്ജറിൽ ഒരു ഡിബേറ്റ് നടക്കുമോ? ഒന്നും ഇല്ല. ആ സമിതിയിൽ നടക്കുക

LIBRARY ARCHIVES Kerala Legislative Assembly

ിയില്ല. എന്തിനു സർ? നമ്മുടെ റവന്യൂ അക്കൗണ്ടിൽനിന്ന് പണം കൊടുക്കുകയാണ്. ഇവിടെ അപ്രോപ്രിയേഷനിൽ നിന്നും പണം കൊടുക്കുകയാണ്. അതിനു കൊടുക്കുന്ന ഓരോ നയാ പൈസക്കും കിട്ടുന്ന സ്ഥാപനങ്ങൾ അവുടെ കണക്ക് നിയമസഭയിൽ വയ്ക്കണമെന്നാണ് നമ്മുടെ ഭരണഘടന അനുശാസിക്കുന്നത്. ഇന്ത്യൻ ഭരണഘടന ഇത് എഴുതിയവർക്ക് ബാധകമല്ല. നമ്മുടെ കൺസോളിഡേറേറഡ് ഫണ്ടിൽനിന്ന് ഒരു നയാപൈസ എടുക്കുന്നവർക്ക് അതിന്റെ ബാദ്ധ്യതയുണ്ട്. ഇന്ത്യയിലുള്ള മറെറല്ലാ നിയമത്തിനും ഉത്തരമുണ്ട്. ഗോപാലൻ യൂണിവേഴ്സിറ്റിയിൽ മാത്രം എന്തുകൊണ്ട് ഇതില്ല. ഇത്തരത്തിലുള്ള ഒരു നിയമം ഈ നിയമസഭയിൽ അവതരിപ്പിക്കാനുള്ള ഗതി കേടോ നാണക്കേടോ നിങ്ങൾക്ക് എങ്ങനെ വന്നു എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ഇനി ഇതിൽ ഒരു ട്രൈബ്യൂണൽ ഉണ്ട്. ട്രൈബ്യൂണലിനെ നിയമിക്കാൻ ഗവൺമെൻറ് ട്രൈബ്യൂണലിനെ നോമിനേറ്റ് ചെയ്യാൻ വൈസ് ചാൻസലർ, എന്നിട്ടോ അതിന് പ്രവർത്തിക്കാനുള്ള നിയമമുണ്ടാക്കുന്നത് വൈസ് ചാൻസലറും സീനിറിക്കേറും ചേർന്ന അവരുടെ സമിതി. ഏതെങ്കിലും ട്രൈബ്യൂണൽ ഒരു പ്രത്യേക കേസ് വിചാരണ ചെയ്യുമ്പോൾ അവരുടെ പ്രവർത്തനത്തെ നിയന്ത്രിക്കണമെന്നുണ്ടെങ്കിൽ ആ സീൻഡിക്കേറിൽ നോമിനേറ്റ് ചെയ്തവർക്ക് അപ്പോൾ അതിന്റെ സ്റാറാറ്യൂട്ട് മാറിയെടുക്കണം. അതിന്റെ സ്റാറാറ്യൂട്ട് പ്രവർത്തനത്തെ റദ്ദാക്കണം. ഇങ്ങനെയുണ്ടോ ഒരു നിയമനിർമ്മാണം. ഇങ്ങനെയുണ്ടോ ഒരു ട്രൈബ്യൂണൽ? ഈ ട്രൈബ്യൂണലിൽ ജഡ്ജിമാരായിട്ടുള്ള മനുഷ്യർ വരും എന്നാണോ നിങ്ങൾ വിചാരിക്കുന്നത്. ഇതിൽ എന്തോ ദുരുദ്ദേശമുണ്ട്. നിലവിലുള്ള ഈ നിയമത്തെ ഒരു മുന്നറിപ്പുമില്ലാതെ, ഒരാവശ്യവുമില്ലാതെ കണ്ട് റദ്ദാക്കുകയും ഒരു ഓർഡിനൻസ് കൊണ്ടു വരികയും ചെയ്തു. ഈ ഓർഡിനൻസ് വിവരക്കേടുകൊണ്ടല്ലേ അവതരിപ്പിച്ചത്. ദുരുദ്ദേശപൂർണ്ണമാണ് എന്നുള്ളതിന്റെ തെളിവാണ് ഒന്നാമത്തെ ഓർഡിനൻസ് കഴിഞ്ഞ് രണ്ടാമത് പുനഃപ്രസിദ്ധീകരണം ചെയ്യുമ്പോഴേക്കും ഒന്നാമത്തെതിൽ മാറ്റം ചെയ്യേണ്ടി വന്നത്. അവധാനതയോടുകൂടി, പോണ്ടേത്ര പഠനത്തോടുകൂടി നിയമപരമായ പരിശോധനയോടുകൂടിയാണ് ചെയ്തിരുന്നതെങ്കിൽ ഇതു വേണ്ടിവരുമോ? ചുരുക്കിപ്പറഞ്ഞാൽ വൈസ് ചാൻസലർക്ക് റിസൈൻ ചെയ്യാൻ ഇതിൽ യാതൊരു വകുപ്പുമില്ല. റിസൈൻ ചെയ്യണമെന്ന് വിചാരിച്ചാൽ ഇതിൽ ഒരു വകുപ്പുമില്ല. രജിസ്ട്രാർ എന്നുള്ള മനുഷ്യൻ, അതിന്റെ അഡ്മിനിസ്ട്രേറീവ് ഹെഡായിട്ടാണ് ഫങ്ഷൻ ചെയ്യുന്നത്. അദ്ദേഹം പല കമിതികളുടെയും പടികയ്പോലും ചവിട്ടാൻ പാടില്ലെന്നാണ് ഇതിൽ എഴുതിവച്ചിരിക്കുന്നത്. ഇതിൽ ആകെ വൈസ് ചാൻസലറാണ് ആദ്യാവസാനം നിറഞ്ഞു നിൽക്കുന്നത്. വൈസ് ചാൻസലർക്ക് നിയമമുണ്ടാക്കാം. ആരേയും ബോദ്ധ്യപ്പെടുത്തണ്ടാ, ആരും ചോദ്യം ചെയ്യുകയില്ല, ചോദ്യം ചെയ്യുന്നവനെയെല്ലാം ഡിസ്മിസ് ചെയ്യാം. ഇങ്ങനെയുണ്ടോ സ്ഥിതി? ഇതു ആരുണ്ടാക്കിയതാണ്. ഇപ്പോഴത്തെ വൈസ് ചാൻസലർ ഏതു കാലം വരെ ഇരിക്കുമെന്ന് കണ്ടിട്ടാണെന്നറിയില്ല. ഒരു നിയമം നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ മയവായി സാങ്കേതികമായും നിയമപരമായും കുറ്റമററതാക്കാൻ ശ്രമിക്കണം. ഈ മാതിരി ഏതെങ്കിലും ഓഫീസർമാരുടെ മനസ്സിൽ കിടക്കുന്ന മുഴുവൻ കാര്യങ്ങളും നിയമനിർമ്മാണമായി ഞങ്ങളുടെ തലയിൽ അടിച്ചേൽപ്പിക്കരുത് എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ നിയമം മയവായി അങ്ങ് സബ്ജക്ട് കമ്മിറിക്ക് അയച്ച് മൂന്നു ദിവസംകൊണ്ട് അതിന്റെ പണി തീർക്കാമെന്ന് വിചാരിക്കരുത്. ഇന്ത്യയിൽ ഇതുപോലെ മററു സാങ്കേതികമായി സ്ഥാപനങ്ങളുണ്ട്. അതിന്റെ മുഖമായിട്ടുള്ളതാണല്ലോ ഇത്. കൊച്ചിൻ യൂണിവേഴ്സിറ്റി നിയമത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഡോ. രാധാകൃഷ്ണന്റെ കാട്ടേഷനുണ്ട്. അദ്ദേഹം Man of Science എന്നല്ല പറഞ്ഞത് Men of Science എന്നാണ് അതിൽ എല്ലാവരും ഉൾപ്പെടുന്നതാകണം. ഇത് ഒരു പ്രത്യേക വ്യക്തിയാണ്. അയാളെ മാത്രം കണ്ടുകൊണ്ട് നടത്തുന്നതാണ്. അയാളുടെ ശിലാഫലകമോ വേറെ എന്തെങ്കിലുമോ ഒരു പ്രതിമ സിമന്റുകൊണ്ടുണ്ടാക്കി വയ്ക്കാം. പക്ഷെ ഇന്ത്യയിൽ ശാസ്ത്ര സാങ്കേതിക പുരോഗതി ഉണ്ടാകണമെങ്കിൽ ശാസ്ത്രജ്ഞൻമാരെ മുഴുവൻ കൈക്കൊള്ളാനും അവരുടെ അഭിപ്രായങ്ങൾ അറിയാനും കഴിയണം. എല്ലാവരുടേയും വ്യത്യസ്ത വീക്ഷണങ്ങൾ ഉൾക്കൊള്ളാൻ കഴിയണം. അതൊന്നുമില്ലാതെ തിക്കിച്ചും ഏകാധിപത്യപരമായി, ഒരാൾക്ക് നിയന്ത്രിക്കാവുന്ന തരത്തിൽ ഒരാളുടെ പെരുവിരലിൽകിടന്ന് തിരിയുന്നതായ ഒരു സ്ഥാപനമാക്കി ഇതിനെ മാറ്റിയിരിക്കുകയാണ്. ഇത് തീർച്ചയായിട്ടും വിദ്യാഭ്യാസ രംഗത്തിനോ ശാസ്ത്ര സാങ്കേതിക പുരോഗതിക്കോ ഗുണം ചെയ്യുകയില്ല; മാത്രമല്ല നശിപ്പിക്കുകയും ചെയ്യും. ഇത്തരം അഭിപ്രായങ്ങൾ പറയാനുള്ള അവസരം കൂടെ ഇല്ലാതിരുന്നെങ്കിൽ ഗതികേടാകുമായിരുന്നു.

ഒരു കാര്യം ഞാൻ ഇപ്പോഴും ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ പല ഉന്നത ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ ഡൽഹിയിലും മറ്റും നടക്കുന്നുണ്ട്. ഇത്തരം തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ സ്ഥാപനങ്ങൾ ഇല്ലാത്തത്, ഏകാധിപത്യപരമായ അധികാരമുള്ളത്, അവിടെ 5-8 നിലകളുള്ള കെട്ടിടങ്ങൾ ഇപ്പോൾ ആത്മഹത്യാ സ്തൂപങ്ങളായി മാറിയിരിക്കുകയാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയും അങ്ങനെയൊന്നാകാതിരിക്കട്ടെ. ഈ വകക്കാർക്ക് അഭിപ്രായം പറയാൻ കഴിയുകയില്ല. പരാതിയുള്ളവർക്ക് അത് പറയാനുള്ള അവസരമില്ല. ആരെയും പിരിച്ചുവിടുമെന്നുള്ള ഏകാധിപത്യപരവുമായി ചെന്നാൽ മനുഷ്യൻ അവസാനം ഭീരുക്കളായി ചില ആളുകളെങ്കിലും അത് ചെയ്തു എന്നു വരും. കേരളത്തിൽ ഒരു ആത്മഹത്യാ സ്തംഭമായി കൊച്ചിൻ യൂണിവേഴ്സിറ്റി മാറാതിരിക്കട്ടെ എന്ന ഒരു മുന്നറിയിപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതു മുഴുവൻ ഉടച്ചു വാർത്ത് മനുഷ്യനു സാംസ്കാരിക അഭിവൃദ്ധിയോടൊപ്പംതന്നെ ശാസ്ത്ര സാങ്കേതിക വിദ്യയും വളർത്തി എടുക്കാനുള്ള സാഹചര്യമുണ്ടാക്കാവുന്ന ഒരു സ്ഥാപനമാക്കി ഇതിനെ മാറ്റണം. ഇത് സെലക്ട് കമ്മറ്റിക്ക് അയക്കണം. നിയമസഭയൊന്നും പെട്ടെന്ന് പിരിച്ചു വിടുകയില്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് സമയമുണ്ട്. ഇതിനെ സംബന്ധിച്ച് സാങ്കേതിക വിദഗ്ദ്ധൻമാരും നിയമജ്ഞൻമാരും ഉൾപ്പെടെയുള്ളവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടുള്ള സമഗ്രമായ ഒരു പരിശോധനയിലൂടെ മാത്രമേ ഇതിനെ ഒരു നിയമനിർമ്മാണത്തിന്റെ വഴിയിലേക്ക് കൊണ്ടുവരാവൂ എന്ന് ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. എഫ്. തോമസ്]

ശ്രീ. എം. എം. ഹസ്സൻ : സർ, ഈ ബില്ലിന്റെ ആശയത്തോടു ഞാൻ പൂർണ്ണമായും യോജിക്കുന്നു. ശാസ്ത്ര സാങ്കേതിക വളർച്ചയ്ക്ക്, ശാസ്ത്ര സാങ്കേതിക രംഗത്ത് വിദ്യാഭ്യാസ പുരോഗതി വളരെ അനിവാര്യമായ ഒരു കാര്യമാണ്. കൊച്ചിയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ആ സർവ്വകലാശാലയ്ക്ക് സംസ്ഥാനാടിസ്ഥാനത്തിലുള്ള അതിർത്തി നിശ്ചയിച്ചുകൊണ്ട്, നമ്മുടെ ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും ആസ്ഥാനമാക്കി മാറ്റിയിട്ടുള്ള ഈ മഹനീയമായ ആശയത്തെ ഞാൻ അംഗീകരിക്കുന്നു. സർ, ഈ ആശയം മാത്രം പോരാ. അതു നടപ്പിലാക്കുന്നതിനെ കുറിച്ച് ഒരു കാഴ്ചപ്പാടും സമീപനവും ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ കാര്യത്തിൽ നമ്മുടെ രാജ്യം അത്ഭുതകരമായി നേട്ടങ്ങൾ നേടിയെടുത്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഇവിടെ സംസാരിച്ച പല മെമ്പർമാരും ഗവൺമെന്റിനെയും വിദ്യാഭ്യാസ വകുപ്പു മന്ത്രിയെയും പ്രതിക്കൂട്ടിൽ നിറുത്തിക്കൊണ്ട്, ശാസ്ത്ര സാങ്കേതിക രംഗത്ത് വളർച്ചയുടെ കാര്യത്തിൽ ഈ സർവ്വകലാശാല ഒരു അപമാനമാണെന്നു പറയാൻ വരെ ശ്രമിച്ചു. ശാസ്ത്ര സാങ്കേതിക വളർച്ചയുടെ വക്താക്കളായ സംസാരിച്ചവരിൽ പലരും ഒരു ആത്മപരിശോധന നടത്തിയാൽ ഇത് മുഴുവനായി പറയാൻ കടപ്പെട്ടവരും അവകാശപ്പെട്ടവരുമാണോ എന്ന് എനിക്ക് സംശയമുണ്ട്. സർ, നമ്മുടെ പ്രഗത്ഭനായ പ്രധാന മന്ത്രി ശ്രീ. രാജീവ് ഗാന്ധി അടുത്ത നൂറ്റാണ്ടിലേക്കുള്ള പ്രയാണത്തെ ശാസ്ത്ര സാങ്കേതിക വളർച്ചയിൽ കൂടി ത്വരിതപ്പെടുത്താൻ ശ്രമിക്കുന്ന ആളാണ്. കംപ്യൂട്ടറൈസേഷൻപോലുള്ള കാര്യങ്ങളാണ് നമ്മുടെ രാജ്യത്ത് നടപ്പിലാക്കാൻ പോകുന്നത്. നിലവിലുള്ള തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാതെ വ്യവസായ രംഗത്തും കാർഷിക രംഗത്തും അഡ്മിനിസ്ട്രേറ്റീവ് രംഗത്തുമൊക്കെ സയൻറിഫിക്ക് ഡെവലപ്പുമെൻറ് ഉണ്ടാക്കാൻ ശ്രമിക്കുന്നതിനെപ്പോലും രാഷ്ട്രീയ പ്രേരിതമായി എതിർക്കുന്ന ആളുകളാണ് ശാസ്ത്ര സാങ്കേതിക പുരോഗതിയെ കുറിച്ച് ഊറ്റം കൊള്ളുന്നത്. കേൾക്കുമ്പോൾ എത്രമാത്രം ആത്മാർത്ഥതയോടുകൂടിയാണ് നിങ്ങൾ ഇവിടെ ഇതെല്ലാം പറഞ്ഞുവച്ചത് എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ഞാൻ അതിലേക്ക് വിശദമായി കടക്കുന്നില്ല. സർ, ഇത് വളരെ നല്ല ഉദ്ദേശത്തോടെകൂടി തന്നെയാണ് 1971-ൽ ഈ നിയമം കൊണ്ടുവന്നത്. എന്നാൽ കേരളത്തിൽ നമ്മുടെ സർവ്വകലാശല വിദ്യാഭ്യാസത്തിന് വ്യത്യസ്തമായി ഇന്നുള്ള കേരളാ യൂണിവേഴ്സിറ്റി, കാലിക്കട്ട് യൂണിവേഴ്സിറ്റി അതിൽ നിന്നെല്ലാം വ്യത്യസ്തമായി ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള വിദ്യാഭ്യാസ പഠന ഗവേഷണ സൗകര്യങ്ങളുണ്ടാക്കാനുള്ള ഒരാശയമാണ്. പക്ഷെ ആ ആശയത്തിന് കൂടുതൽ വ്യാപ്തിയും, കൂടുതൽ വ്യാപകമായ രൂപവും നൽകി വന്നപ്പോൾ ഈ ബില്ല് സത്യത്തിൽ ആ ആശയം പൂർണ്ണമായി നടപ്പിലാക്കാൻ സഹായകരമാണോ എന്നുള്ള കാര്യത്തിൽ ഇതിലെ ചില വ്യവസ്ഥകളുടെ സമീപനത്തോട് എനിക്ക് വ്യത്യസ്തമായ അഭിപ്രായമാണുള്ളത്. ഇത് സബ്ജക്ട് കമ്മിറ്റിയുടെ മുൻപിലേക്ക് വരാൻ പോകുകയാണ്. സബ്ജക്റ്റ് കമ്മിറ്റി അക്കാര്യങ്ങളൊക്കെ വിശദമായി പരിശോധിക്കുമെന്നുള്ളതുകൊണ്ട് ഞാൻ ഈ ബില്ലിന്റെ വ്യവസ്ഥകളിൽ ഒതുങ്ങി നിന്ന് ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ആ നിർദ്ദേശക്കൂടി ഉന്നയിക്കുന്ന കൂട്ടത്തിൽ നമ്മുടെ രാജ്യത്ത് ഏറ്റവും ഭാവനാ സമ്പന്നനായിരിക്കുന്ന വിദ്യാഭ്യാസ വിചക്ഷണൻ എന്നുള്ള തരത്തിൽ ശ്രീ. ജോസഫ് മുണ്ടശ്ശേരി, ഒരു കാലത്ത് നിങ്ങൾ, മണ്ടാ മണ്ടാ, മുണ്ടശ്ശേരീ എന്നു പറഞ്ഞ ആ മഹാൻ വിദ്യാഭ്യാസത്തിന് നൽകിയ സംഭാവനകളുടെ അടിസ്ഥാനത്തിൽ, ആ മഹാന്റെ പേര് ഈ യൂണിവേഴ്സിറ്റിക്ക് നൽകണമെന്ന നിർദ്ദേശമുണ്ട്. അതു കൂടി പരിഗണിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, എന്റെ അഭിപ്രായത്തിൽ മഹാനായ മുണ്ടശ്ശേരി മാസ്റ്ററെ അപമാനിക്കാൻ പാടില്ല. നിങ്ങൾക്ക് അങ്ങനെ ആഗ്രഹമുണ്ടെങ്കിൽ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇന്നലെ അണ്ണൻ എന്നു വിളിച്ചല്ലോ. ആ അണ്ണനും, ആശാനും കൂടി ചില നിർദ്ദേശങ്ങൾ വച്ചത് അങ്ങു് ആവർത്തിച്ചിരിക്കുന്നു. കോട്ടയത്ത് ആരംഭിച്ച സർവ്വകലാശാലയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധിയുടെ പേര് കൊടുത്തു, ഓരോ ദിവസവും പത്രത്തിൽ വായിക്കുന്നത് എന്താണെന്ന് വച്ചാൽ, "ഗാന്ധിജി നിലംപരിശായി" ഗാന്ധിജിയെ തകർത്തു" . 'ഗാന്ധിജി തോറ്റു" "ഗാന്ധി പിന്നിൽ" "ഗാന്ധിജിയിൽ വെട്ടിപ്പ്" ഇങ്ങനെയൊക്കെയാണ്. സർ, സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഉടമസ്ഥൻമാർക്കുപോലും ഗാന്ധിജിയെ തോൽപ്പിക്കാൻ കഴിഞ്ഞില്ല, ഗാന്ധിജിയെ പിന്നിലാക്കാൻ കഴിഞ്ഞില്ല. പക്ഷെ ഇന്ന് പത്രങ്ങളിൽ കാണുന്നത് ഗാന്ധിജിയെ തകർത്തു ഗാന്ധിജി പിന്നിൽ എന്നൊക്കെയാണ്. ബഹുമാനപ്പെട്ട കുറുപ്പുചേട്ടാ, മുണ്ടശ്ശേരി മൂക്കു കുത്തിവീണു എന്നു വായിക്കണമോ നിങ്ങൾക്ക്, മുണ്ടശ്ശേരിയെ തകർത്തുവെന്ന് വായിക്കണമോ മുണ്ടശ്ശേരി നിലംപരിശായി എന്നു വായിക്കണമോ അദ്ദേഹത്തിന് ഒരു സ്മാരകമുണ്ട്. നിങ്ങൾക്കറിയാമോ? അദ്ദേഹത്തിന്റെ മഹത്തായ ഗ്രന്ഥങ്ങളാണ് ആ സ്മാരകങ്ങൾ. സർ, ബഹുമുഖമായ വ്യക്തിത്വത്തിന്റെ ഉടമയാണ് ശ്രീ. ജോസഫ് മുണ്ടശ്ശേരി.

ശ്രീ. ബെന്നിബഹനാൻ : സർ, ബഹുമാനപ്പെട്ട ശ്രീ. ഹസ്സൻ ഇവിടെ ഗാന്ധിജി നിലംപരിശായി ഗാന്ധിജി പിന്നിൽ എന്നൊക്കെ പറഞ്ഞത്, വിദ്യാർത്ഥികൾക്കു വേണ്ടി അവിടെ നടക്കുന്ന മൽസരങ്ങളിൽ ഗാന്ധിജി യൂണിവേഴ്സിറ്റി പിന്നിലായതുകൊണ്ടാണ്. ഇപ്പോൾ പാസാക്കാൻ പോകുന്ന നിയമത്തിൽ അവിടെ വിദ്യാർത്ഥികൾക്ക് യാതൊരു മൽസരവും നടത്താൻ പോകുന്നില്ല എന്നാണ് നിയമത്തിൽ പറഞ്ഞിരിക്കുന്നത്. അതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. എം. എം. ഹസ്സൻ : ഞാൻ അതാണ് പറഞ്ഞത്. അതുകൊണ്ട് മുണ്ടശ്ശേരി മാസ്റ്റർ ജീവിച്ചിരുന്നപ്പോൾ, ആശാനും അണ്ണനുമൊക്കെ അദ്ദേഹത്തെ ഉപദ്രവിച്ചല്ലോ ഞങ്ങൾ മാത്രമല്ലല്ലോ. നിങ്ങളും ഒരുപ്പോലെ ഉപദ്രവിച്ചല്ലോ സർ, അദ്ദേഹം മൺമറഞ്ഞശേഷവും ആ സ്മരണയെ കുത്തി മുറിവേൽപ്പിക്കണമോ അദ്ദേഹത്തിന്റെ പുസ്തകങ്ങളിലൂടെ ശാശ്വതമായ അദ്ദേഹത്തിന്റെ സ്മാരകം നിലനിൽക്കട്ടെ. അതുകൊണ്ട് ഞാൻ അതിനോട് ശക്തിയായി വിയോജിപ്പുള്ള ഒരാളാണ്.

ശ്രീ. പന്തളം സുധാകരൻ : കേരളത്തിൽ ഉന്നതമായ വിജയ ശതമാനം പുലർത്തുന്ന, നല്ല നിലയിൽ പ്രവർത്തിക്കുന്ന ഞങ്ങളുടെ ഗാന്ധിജി സർവ്വകലാശാലയെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന തരത്തിൽ ശ്രീ. ഹസ്സൻ ചെയ്ത പ്രസ്താവന പിൻവലിക്കണം.

ശ്രീ. എം. എം. ഹസ്സൻ : എനിക്ക് ഗാന്ധിജി സർവ്വകലാശാലയോട് യതൊരു വിരോധവുമില്ല. പക്ഷെ മഹാത്മാഗാന്ധിയോട് അനൽപമായ ആദരവുമുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഞാൻ ഒരു ഗാന്ധിജി ഭക്തനാണ്. മഹാത്മാഗാന്ധിയെ പിന്നിലാക്കാനും, മഹാത്മഗാന്ധിയെ നിലം പരിശാക്കുന്നതിനും ബ്രിട്ടീഷുകാർ വിചാരിച്ചിട്ട് നടക്കാത്ത കാര്യങ്ങൾ നമ്മൾ ചെയ്യണമോ ? അതുപോലെ മുണ്ടശ്ശേരി മാസ്റ്ററോട് എനിക്കു ആദരവുള്ളതുകൊണ്ട് പറഞ്ഞതാണ്,

സർ, ഞാൻ ഓരോന്നായി പീഠിക തൊട്ട് എനിക്കുള്ള നിർദ്ദേശങ്ങൾ മാത്രം പറയാം. സർ, ഈ പീഠികയിൽ ബിരുദാനന്തര പഠനവും ഉപരി ഗവേഷണവും എന്നാണ് പറഞ്ഞിരിക്കുന്നത്. ഇന്ന് ഡിഗ്രി കോഴ്സുകളുണ്ട്. ഈ ഡിഗ്രി കോഴ്സുകൾ അവിടെ നിലനിറുത്തേണ്ട ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടോ ? ഇത് സബ്ജക്ട് കമ്മിറ്റി പരിശോധിക്കണം. കാരണം ഈ സാങ്കേതിക ശാസ്ത്ര വിഷയങ്ങളിലെല്ലാം ഡിഗ്രി കോഴ്സുകൾ നിലവിലുള്ളത് നിലനിറുത്തുകയും പുതിയ ഡിഗ്രി കോഴ്സുകൾ നടപ്പിലാക്കി ബിരുദ പഠനത്തിനും. ബിരുദാനന്തര പഠനത്തിനും എന്നുള്ളതാക്കി ഇതിന്റെ പീഠികയിൽ മാറ്റം വരുത്തണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. സർ, പേരിന്റെ കാര്യം ഞാനിവിടെ പറഞ്ഞു. ഇതിൽ ശ്രീ. പത്മനാഭൻ പറഞ്ഞതുപോലെ കൊച്ചി എന്നുള്ള പേരിനേക്കാൾ നല്ലത് സംസ്ഥാന അടിസ്ഥാനത്തിൽ, കൊച്ചി ആസ്ഥാനമാക്കി കേരളാ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നാക്കുന്നതിന് വിരോധമില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: കൊച്ചി സർവ്വകലാശാലയെന്നു പറയുന്നതിൽ എതിർപ്പുള്ളതുപ്പോലെ കോഴിക്കോട് സർവ്വകലാശാലയോടും എതിർപ്പുണ്ടാകുമോ ? ഉണ്ടെങ്കിൽ അത് മാറാനും കൂടി വല്ല നിർദ്ദേശവും മുണ്ടാകുമോ ?

ശ്രീ. എം. എം. ഹസ്സൻ : അതല്ല ഞാൻ പറഞ്ഞത്. കൊച്ചി സർവ്വകലാശാലയ്ക്ക് സംസ്ഥാനാടിസ്ഥാനത്തിൽ അതിർത്തി നിശ്ചയിച്ചു കൊണ്ട് സംസ്ഥാനത്ത് ഒട്ടാകെയുള്ള പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതായതുകൊണ്ട് എനിക്കു അതിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. കൊച്ചി എന്നു തുടരുന്നതുകൊണ്ട് എനിക്ക് യാതൊരു വിരോധവുമില്ല. അങ്ങനെ തന്നെ തുടരാം. കാരണം ശ്രീ. പീതാംബരൻ മാസ്റ്റർക്ക് ഉള്ളതു പോലെ തൽപ്പര്യം കൊച്ചിയോട് എനിക്കുമുണ്ടല്ലോ അതുകൊണ്ട് ഞാൻ വിയോജിപ്പ് പ്രകടിപ്പിക്കുന്നില്ല.

മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കുവാനുണ്ട്. സർ, സർവ്വകലാശാലയുടെ അധികാരങ്ങളും പറയുന്ന കൂട്ടത്തിൽ ഇവിടെ ശ്രീ. പത്മനാഭനും പല മെമ്പറൻമാരും ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളുണ്ട്. താഴെ പറയുന്ന സമിതികളും സ്ഥാപിക്കുന്നതിന് അതിന്റെ ഫണ്ടുകളും ഏർപ്പെടുത്തുന്നതിനും അധികാരം കൊടുത്തിട്ടുണ്ട്. അതിൽ യൂണിവേഴ്സിറ്റി യൂണിയനുകളും വിദ്യാർത്ഥികളുടെ സാംസ്ക്കാരിക ചർച്ചാ സംഘങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും ഞാനും ഈ സഭയിലെ പല മെമ്പർമാരും യൂണിവേഴ്സിറ്റി യൂണിയനുവേണ്ടി പ്രക്ഷോഭം നടത്തിയവരാണ്. അങ്ങനെ യൂണിവേഴ്സിറ്റി യൂണിയൻ എർപ്പെടുത്താൻ വേണ്ടി നടത്തിയ പ്രക്ഷോഭങ്ങളുടെ അലയടി പൂർണ്ണമായി അംഗീകരിച്ചു കിട്ടിയെന്നുള്ള തോന്നലോടു കൂടിയാണ് കേരളത്തിലും കാലിക്കട്ടിലും അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലുമെല്ലാം യൂണിവേഴ്സിറ്റി യൂണിയനുകൾ ഇപ്പോഴുള്ളത്.

ഇത് ടെക്നിക്കൽ യൂണിവേഴ്സിറ്റിയായതുകൊണ്ട് യൂണിവേഴ്സിറ്റി യൂണിയൻ പാടില്ലെന്ന് പറയുന്നത് ഒരിക്കലും അംഗീകരിച്ചു കൊടുക്കാൻ കഴിയുകയില്ല. വിദ്യാർത്ഥികളുടെ വ്യവസ്ഥാപിതമായിട്ടുള്ള മാനസികവും, കായികവും അതുപോലെ എല്ലാ തരത്തിലുള്ള ഉയർച്ചയും പുരോഗതിയും യൂണിവേഴ്സിറ്റി യൂണിയൻ ആവശ്യമാണ്. അതിന് ഒരു സ്റ്റാറ്റ്യൂട്ടറി പ്രൊവിഷൻ തന്നെയുണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം. യൂണിവേഴ്സിറ്റി യൂണിയൻ ഇതിലെ ഒരു അവിഭാജ്യഘടകമായിരിക്കേണ്ടതാണ്.

അടുത്തതായി എനിക്ക് പറയാനുള്ളത് സ്റ്റാഫ് കൗൺസിലിന്റെ കാര്യമാണ്. ഇങ്ങനെ ഒരു സ്റ്റാഫ് കൗൺസിൽ സെനറ്റിലില്ല. സിൻഡി

LIBRARY ARCHIVES Kerala Legislative Assembly

ക്കോറ്പോലുള്ള മറേറതെങ്കിലും സമിതിയിൽ അദ്ധ്യാപകരല്ലാതെ ജീവനക്കാരുടെ ശബ്ദം അവിടെ പ്രകടിപ്പിക്കാനുള്ള അവസരങ്ങളില്ല. സ്റ്റാഫിന്റെ പ്രശ്നങ്ങൾ എങ്ങനെയാണ് സർ, ചർച്ച ചെയ്യേണ്ടത്? കൂടാതെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും, പരിഗണിക്കുന്നതിനും ഒരു സ്റ്റാഫ് കൗൺസിൽ ഇതിലുണ്ടാകണം, ഇതിൽ എഴുതി ചേർക്കണം, സബ്ജക്ട് കമ്മിറ്റി അത് പരിഗണിക്കണം എന്നുള്ളതാണ് അതിനെ സംബന്ധിച്ച് എനിക്കുള്ള അഭിപ്രായം. അതുപോലെ തന്നെ ഈ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർമാരുടെ അധികാരങ്ങളെക്കുറിച്ച് ഇവിടെ പലരും സംസാരിച്ചു. ഇത്രയധികം അനിയന്ത്രിതമായ അധികാരങ്ങളുള്ള ഒരു വൈസ് ചാൻസലർ ഒരു ജനാധിപത്യ സംവിധാനത്തിൽ വേണമോ? ഒരു ഏകാധിപതിയെപ്പോലെ വൈസ് ചാൻസലറെ സൃഷ്ടിക്കാൻ വേണ്ടിയാണ് ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നതെന്നാണ് പ്രതിപക്ഷത്തുള്ള മെമ്പർമാർ പറയുന്നത്. എനിക്ക് അവരോട് യോജിക്കാൻ കഴിയുന്നില്ല. ഈ ഗവൺമെൻറിനോടുള്ള താൽപ്പര്യം പൂർണ്ണമായും നിലനിർത്തിക്കൊണ്ട് ഞാൻ പറയുകയാണ് ഒരു ഏകാധിപതിയായ വൈസ് ചാൻസലറെ ഈ യൂണിവേഴ്സിറ്റിയിൽ സൃഷ്ടിച്ചുകൊണ്ട് സർവ്വകലാശാല നിയമങ്ങൾക്ക് മുഴുവനും ഒരു അപവാദം ഉണ്ടാക്കുന്നത് സത്യത്തിൽ ഈ സമിതിക്ക് ചേർന്നതല്ല എന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ഒരു സർവ്വകലാശാല വൈസ് ചാൻസലർ എന്തിനാണ്? ഞാൻ മനസ്സിലാക്കുന്നത്. അവിടെ ഇപ്പോഴത്തെ സർവ്വകലാശാല വൈസ് ചാൻസിലറായിരിക്കുന്ന ആ മാന്യദേഹം ശാസ്ത്ര സാങ്കേതിക രംഗത്ത് പ്രഗൽഭനാണ്, പ്രസിദ്ധനാണ് എന്നൊക്കെ പറയുന്നു. എനിക്ക് അതിന്റെ വിശദ വിവരങ്ങളൊന്നും അറിയില്ല. പക്ഷേ അദ്ദേഹത്തിന് രാഷ്ട്രീയക്കാരോടും, രാഷ്ട്രീയത്തോടും പരമപുച്ഛമാണെന്ന് പലരും പറഞ്ഞത് ഞാൻമനസ്സിലാക്കിയിട്ടുണ്ട്. സർ, രാഷ്ട്രീയക്കാരുടെ പിന്നാലെ നടന്നിട്ടല്ലേ ഇന്ന് പല അക്കാഡമിഷ്യൻസും ഉന്നത സംസ്ഥാനങ്ങളിലെത്തുന്നത്. വൈസ് ചാൻസലർ പോലുള്ള പദവിക്കുവേണ്ടി രാഷ്ട്രീയക്കാരായിട്ടുള്ള മന്ത്രിമാരുടെ പിന്നാലെ അർദ്ധരാത്രിയിൽ തലയിൽ മുണ്ടിട്ടുകൊണ്ടുനടക്കുന്ന, കയറിവരുന്ന അക്കാഡമിഷ്യൻസിനെ ഞങ്ങളും ഇരുട്ടത്ത് കണ്ടിട്ടുണ്ട്. സർ, എന്തിനാണ് ഈ രാഷ്ട്രീയക്കാരെ പുച്ഛിക്കുന്നത്? ഈ അക്കാഡമിഷ്യൻസിന്റെ മാന്യത, അവർക്ക് കൊടുക്കേണ്ട അംഗീകാരം ഇതെല്ലാം ഞാൻ പൂർണ്ണമായി ബഹുമാനിക്കുന്ന ഒരാളാണ്. ഞാൻ ഒരു കാരണവശാലും അവസരവാദികളല്ലാത്ത അക്കാഡമിഷ്യൻസിനെ ആക്ഷേപിക്കുന്ന ആളല്ല. പക്ഷേ അവസരവാദികളായ കുറെ അക്കാഡമിഷ്യൻസ് ഈ രാജ്യത്തെ രാഷ്ട്രീയക്കാരെ പുച്ഛിക്കുകയാണ്. അവർ രാഷ്ട്രീയക്കാർക്ക് എതിരായി പറയുകയും എന്നാൽ ആർ. എസ്. എസിന്റെ ക്യാമ്പിൽ പോയി പങ്കെടുക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള ആളുകളെ പരമാധികാരികളാക്കുക, എവിടെയാണ് ഏകാധിപത്യം വരുന്നത്? എല്ലാ അധികാരങ്ങളും ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കുമ്പോഴാണല്ലോ ഏകാധിപത്യമുണ്ടാകുന്നത്. വൈസ് ചാൻസലറെ ഒരു ഏകാധിപതിയായി നിങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്.

<u>ശ്രീ. എ. സി. ഷൺമുഖദാസ്</u> : ഇൻഡ്യയിലെ ഇന്നത്തെ സ്ഥിതിയല്ലേ പറയുന്നത് ?

<u>ശ്രീ. എം. എം. ഹസ്സൻ</u> : ഇൻഡ്യയിലെ അല്ല, കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ സ്ഥിതിയാണ്. ശരത്പവാറിന്റെ കാര്യമല്ല ഞാൻ ഇവിടെ പറഞ്ഞത്. ശരത്പവാറിന്റെ കാര്യമോ, അല്ലെങ്കിൽ ഔറംഗബാദിൽ നടക്കാൻ പോകുന്ന കാര്യമോ അല്ല ഞാൻ പറയുന്നത്, കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ : ഇവിടെ ഈ ബില്ലിനെ ബഹുമാനപ്പെട്ട ഹസ്സൻ എതിർക്കുകയാണ് ചെയ്തിരിക്കുന്നത്. ശ്രീ. കെ. മുഹമ്മദാലി കഴിഞ്ഞ നിയമസഭയിൽ ഒരു കാളിംഗ് അറൻഷൻ കൊടുത്ത് ഇതിനെ എതിർത്തു. എന്നാൽ കൊച്ചിൻ യൂണിവേഴ്സിറ്റി വന്നപ്പോഴും അദ്ദേഹം സെനറ്റിലെ എക്സ് ഒഫിഷ്യോ മെമ്പറായിരുന്നു. ഇപ്പോഴും മുഹമ്മദാലി സിൻഡിക്കേറ്റ് മെമ്പറല്ലേ? ഇല്ലെന്ന് നിങ്ങൾക്ക് പറയാമോ ?

ശ്രീ. എം. എം. ഹസ്സൻ : ഞാൻ ഈ ബില്ലിനെ എതിർക്കുകയല്ല, അനുകൂലിക്കുകയാണ്. ഞാൻ പറയുന്നത് സബ്ജക്ട് കമ്മിറ്റി പരിഗണിക്കേണ്ട ചില കാര്യങ്ങളെക്കുറിച്ചാണ്. സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ട ചില കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ.....

.....

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : പ്രധാനപ്പെട്ട എല്ലാ വകുപ്പുകളോടും അങ്ങ് എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിൽ പലതിലും ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടു. ഒരു സബ്ജക്ട് കമ്മിറ്റിക്ക് മാത്രം ഇത്രയും ഭേദഗതി വരുത്താൻ സമയമുണ്ടോ? അതുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതല്ലേ നല്ലത്?

ശ്രീ. എം. എം. ഹസ്സൻ : ഏത് ഭേദഗതി അവതരിപ്പിക്കാനും മെംബർമാർക്ക് അധികാരമുണ്ട്. അവകാശമുണ്ട്. അതുപോലെതന്നെ ഞാൻ പറയുന്നത് വി. സി. മാരുടെ അധികാരങ്ങൾക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നാണ്. ആ അധികാരങ്ങൾ സിൻഡിക്കേറ്റിന് കൊടുക്കണം. ഒരു യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം പരമാധികാരം സിൻഡിക്കേറ്റിനും സെനറ്റിനുമാണ്. ഇവിടെ പറയുന്നതെന്താണെന്നുവച്ചാൽ, സെനറ്റ് വേണ്ടയെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ആമുഖ പ്രസംഗത്തിൽ പറഞ്ഞുവെന്നാണ് എന്റെ വിശ്വാസം. കൂടാതെ യു. ജി. സി. പുതിയതായി ഉണ്ടാക്കുന്ന സർവ്വകലാശാലകൾക്ക് എക്സ്ടഡ് ബോഡി വേണ്ട, അല്ലെങ്കിൽ ചില സമിതികളുടെ എണ്ണം കുറയ്ക്കണമെന്ന് പറഞ്ഞിട്ടുണ്ട്. യൂണിവേഴ്സിറ്റി ആട്ടോണമിയെക്കുറിച്ചാണെങ്കിൽപ്പോലും, അല്ലെങ്കിൽ യൂണിവേഴ്സിറ്റിയുടെ സ്വതന്ത്രമായ നിലനിൽപ്പിനെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളതെങ്കിൽപോലും ഇത് പുനഃപരിശോധിക്കണമെന്ന് യു. ജി. സിയോട് ആവശ്യപ്പെടേണ്ട കാര്യമാണ്. സർ, സർവ്വകലാശാലയിലക്ക് ഇന്ന് സെനറ്റ് ആവശ്യമാണ്. കേരള സർവ്വകലാശാലയ്ക്കും, കാലിക്കട്ട് സർവ്വകലാശാലയ്ക്കും ഇന്ന് സെനറ്റ് ആവശ്യമാണ്. കേരള സർവ്വകലാശാലയ്ക്കും കാലിക്കട്ട് സർവ്വകലാശാലയ്ക്കുമുള്ള സെനറ്റ് പോലെ കൊച്ചിൻ യൂണിവേഴ്സിറ്റിക്കും ഒരു സെനറ്റ് ആവശ്യമാണ്. ഇതിന്റെ കേസ് ഹൈക്കോടതിയിൽ വന്നപ്പോൾ ചീഫ് ജസ്റ്റീസ് മളീമഠ് തന്നെ പറഞ്ഞിട്ടുണ്ട് അസംബ്ലിയിൽ വരുമ്പോൾ തീർച്ചയായും നിയമസഭാ സാമാജികർ അതിനെക്കുറിച്ച് പരിഗണിക്കുമെന്ന്. സർ, സെനറ്റ് വയ്ക്കുന്നതുകൊണ്ട് എന്താണ് തകരാറ്? സിൻഡിക്കേറ്റിലെ അക്കാഡമീഷ്യൻസിന്റെ എണ്ണം കൂട്ടണമെന്നുള്ള കാര്യത്തിൽ എനിക്ക് യോജിപ്പാണുള്ളത്. ഇപ്പോഴുള്ള മെമ്പറൻമാരിൽ കൂടുതലും അല്ലാപൊതുപ്രവർത്തകർ. ബ്യൂറോക്രാറ്റ്സായ ഉദ്യോഗസ്ഥൻമാരാണ്. അതുപോലെ തന്നെ അക്കാഡമീഷ്യൻസിന്റെ എണ്ണം കൂട്ടണം. അതുപോലെ സിൻഡിക്കേറ്റിലെ ഫാക്കൽറ്റി മെംബർമാരായാലും, അതുപോലെ ശാസ്ത്ര സാങ്കേതിക സംഘടനകളെ പ്രതിനിധാനം ചെയ്യുന്ന വിദഗ്ധനായാലും വ്യവസായ വാണിജ്യ മണ്ഡലത്തിൽനിന്ന് വരുന്ന വിദഗ്ധനായാലും, പൊതു പ്രവർത്ത

LIBRARY ARCHIVES Kerala Legislative Assembly

കരായാലും 2 വർഷത്തേക്കാണ് ഇവരെ നോമിനേറ്റ് ചെയ്തിരിക്കുന്നത് ഇത് എന്ത് ന്യായമാണ്? എന്നാൽ സർവ്വകലാശാലയിലെ വൈസ് ചാൻസലറെ നാലു കൊലത്തേക്കാണ് നിയമിക്കുന്നത്. വൈസ് ചാൻസലർമാർക്ക് കൂടുതൽ അധികാരങ്ങളും കൊടുത്തതിനുശേഷം രണ്ടു കൊല്ലം കഴിയുമ്പോൾ സിൻഡിക്കേറ്റ് മെംബർമാരെ മാറുക, അപ്പോൾ വൈസ് ചാൻസലർമാരുടെ ചൊൽപ്പടിക്ക് നിൽക്കുന്ന കുറെ സിൻഡിക്കേറ്റ് മെമ്പർമാരുണ്ടാകുമെന്നുള്ളതാണ് ഇതിന്റെ പരിണിത ഫലം. അതുകൊണ്ട് സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് മെംബർമാർക്ക് വൈസ് ചാൻസലർമാരുടെ കാലാവധി തന്നെ നൽകണം. നാലു കൊല്ലക്കാലമായിരിക്കണം കാലാവധി. എന്തിനാണ് സർ, സിൻഡിക്കേറ്റ് മെംബർമാരെ വീണ്ടും നിയോഗിച്ചുകൂടെന്നു പറയുന്നത്? സിൻഡിക്കേറ്റ് മെംബർമാർ വി.സിയെപ്പോലെയുള്ള ഉത്തരവാദിത്വം ഏറെടുത്ത് നിർവ്വഹിക്കുന്നവരാണോ? വൈസ് ചാൻസലർക്കാണ് ഒരു യൂണിവേഴ്സിറ്റിയുടെ പരമാധികാരമെന്നുള്ള നിലയിൽ വീണ്ടും ഒരു പുനർ നിയമനം, നാലു കൊല്ലം എന്നുള്ളത് പാടില്ലെന്നാണ് എന്റെ അഭിപ്രായം. ആ യോഗ്യത മെംബറൻമാരുടെ കാര്യത്തിൽ പാടില്ലെന്നാണ് എന്റെ അഭിപ്രായം. മെംബറൻമാർക്ക് നാലു വർഷക്കാലം കൊടുക്കണം. സർ, യൂണിവേഴ്സിറ്റി ആക്ടോണമിയുടെ പേരിൽ സിൻഡിക്കേറ്റും, സെനറ്റും തെരഞ്ഞെടുക്കപ്പെടാതെ നോമിനേറ്റ് ചെയ്യുന്നത് യു. ജി. സിയുടെ നിർദ്ദേശപ്രകാരമാണെങ്കിൽ ഞാൻ അഭ്യർത്ഥിക്കുന്ന യു. ജി. സി.യോട് നമ്മൾ ആവശ്യപ്പെടണമെന്നാണ്. കേരള യൂണിവേഴ്സിറ്റിയിലും, കാലിക്കട്ട് യൂണിവേഴ്സിറ്റിയിലുമുള്ളതുപോലെ ഈ ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിക്കും സെനറ്റുണ്ടാകണം. സെനറ്റിലേയും, സിൻഡിക്കേറ്റിലേയും അംഗങ്ങളെ തെരഞ്ഞെടുക്കാൻ ....(ബഹളം)

ഇവിടത്തെ പ്രതിപക്ഷങ്ങൾ പറയുന്നതുപോലെ ഞാൻ അവരെ ഭയപ്പെടുന്നൊന്നുമില്ല .....

ഇവിടെ കോൺഗ്രസിൽ തെരഞ്ഞെടുപ്പ് നടത്തിയില്ല. അതുകൊണ്ടു ഞങ്ങൾ ഒരിടത്തും തെരഞ്ഞെടുപ്പ് നടത്തുകയില്ല എന്നൊക്കെ പറയുന്നില്ലേ? സർവ്വാധിപത്യത്തിൽ വിശ്വസിക്കുന്ന പാർട്ടിയിലെ ആളുകളാണ് ഞങ്ങളെ കുറ്റം പറയുന്നത്. അവരുടെ തെരഞ്ഞെടുപ്പെന്ന് പറയുന്നത് എന്താണ്? ആരെങ്കിലും ഒരാളെ അവർ തീരുമാനിക്കും. മാർക്സിസ്റ്റ് പാർട്ടിയിലെ ജില്ലാ കമ്മിറ്റിയും സ്റ്റേറ്റ് കമ്മിറ്റിയുമൊക്കെ തെരഞ്ഞെടുത്തിട്ടുണ്ട്, ആരെയാണ് അച്യുതാനന്ദനേയും, ശ്രീ. നായനാരെയുമൊക്കെ സാധാരണ നടക്കുന്ന തെരഞ്ഞെടുപ്പു പോലെയൊക്കെ തെരഞ്ഞെടുത്തിട്ടുള്ളതാണോ. അവരെയൊക്കെ ഞങ്ങൾക്ക് ഒരു ഭയവുമില്ല. ജനാധിപത്യപരമായ തെരഞ്ഞെടുപ്പുകൾ ഈ സർവ്വകലാശാലാസമിതികളിൽ എന്നല്ല എവിടേയും നടത്തുന്നതിനോട് യാതൊരു വിധമായഭയപ്പാടുമുള്ള ആളുകളല്ല ഞങ്ങൾ. ഞങ്ങൾ ജനാധിപത്യപാർട്ടിയാണ്. തെരഞ്ഞെടുപ്പുകളിലൂടെ ഞങ്ങൾക്ക് അധികാരത്തിൽ വരാൻ കഴിയും. അതുകൊണ്ട് യു.ജി. സിയോട് നമ്മൾ ആവശ്യപ്പെടണം. യു.ജി. സിയോട് നമ്മൾ നിർദ്ദേശിക്കണം, ജനാധിപത്യപരമായി തെരഞ്ഞെടുപ്പുകൾ നടത്താൻ. സർ, ഒരു സ്ഥിരം നാടകവേദിപോലെ അല്ലേ കമ്മ്യൂണിസ്റ്റ് പാർട്ടി. അങ്ങനെയുള്ള നിങ്ങളല്ലേ ഞങ്ങളെ ജനാധിപത്യം പഠിപ്പിക്കാൻ വരുന്നത് പണ്ട് ഈ സഭയിൽ ശ്രീ. എൻ. ഐ ദേവസിക്കുട്ടി പറഞ്ഞതുപോലെ തേക്കില്ലാത്ത തേക്കിൻകാട് മൈതാനം പോലെ ജനാധിപത്യമില്ലാത്ത പാർട്ടിയാണ് മാറുള്ളവരെ ജനാധിപത്യം പഠിപ്പിക്കാൻ വരുന്നത്. സർ, ഞാൻ പറയുന്നത് സിൻഡിക്കേറ്റിനു കൂടുതൽ .....(ബഹളം) .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഹസ്സൻ ഇവിടെ പ്രസംഗിക്കുന്ന സമയത്ത് മാർക്സിസ്റ്റ് പാർട്ടിയിലെ തെരഞ്ഞെടുപ്പിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. ഹസ്സൻ മാർക്സിസ്റ്റ് പാർട്ടിയുടെ ഭരണഘടന വായിച്ചിട്ടില്ല. മാർക്സിസ്റ്റ് പാർട്ടിയിൽ എങ്ങനെയാണ് കമ്മറി തെരഞ്ഞെടുക്കേണ്ടതെന്ന് ഭരണഘടനയിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ സന്ദർഭത്തിലും പാർട്ടി സമ്മേളനം ചേരുമ്പോഴും പാർട്ടി കമ്മിറ്റികളും തെരഞ്ഞെടുക്കാറുണ്ട്. ഭരണഘടനയനുസരിച്ചാണ് തെരഞ്ഞെടുക്കാറുള്ളത്. ഹസ്സന്റെതുപോലെ ഭരണഘടനയില്ലാത്ത ഒരു പാർട്ടിയല്ല മാർക്സിസ്റ്റ് പാർട്ടി.

ശ്രീ. എം. എം. ഹസ്സൻ : കഴിഞ്ഞ 37 കൊല്ലമായിട്ടും തെരഞ്ഞെടുപ്പ് നടത്തിട്ടും തിരുവനന്തപുരത്ത് എന്റെ നാട്ടിലെ കാട്ടായിക്കോണം ഇതുവരെ മാറിയിട്ടില്ല. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനുമുൻപ് അദ്ദേഹം കോൺഗ്രസിന്റെ ജില്ലാ സെക്രട്ടറിയായിരുന്നു. കിട്ടിക്കഴിഞ്ഞപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജില്ലാ സെക്രട്ടറിയായി.

ഞാൻ പറയുന്നത് സിൻഡിക്കേറ്റിന് കൂടുതൽ അധികാരം നൽകണമെന്നാണ്. കൂടുതൽ അധികാരങ്ങൾ വൈസ്ചാൻസലർക്ക് നൽകുന്നതിനു പകരം സിൻഡിക്കേറ്റിന് കൂടുതൽ അധികാരം നൽകുകയും യൂണിവേഴ്സിറ്റി സെനറ്റുണ്ടാകുകയും ചെയ്യണം. യൂണിവേഴ്സിറ്റി ആട്ടോണമസ് ബോഡിയായിരിക്കണം. കാരണം യൂണിവേഴ്സിറ്റി ഗവേഷണത്തിന്റെയും പഠനത്തിന്റെയും ആസ്ഥാനമാണ്. പക്വമാകാത്ത ആശയങ്ങൾ ഇവിടെ പ്രകടിപ്പിക്കപ്പെടുമ്പോഴോ അല്ലെങ്കിൽ ഗവേഷണം നടത്തുമ്പോഴോ, അല്ലെങ്കിൽ മറ്റ് തരത്തിലുള്ള ചർച്ചകൾ വരുമ്പോഴോ സമൂഹം ഒരുപക്ഷേ, പെട്ടെന്ന് അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള ആശയങ്ങൾ സ്വാതന്ത്ര്യമായി പ്രകടിപ്പിച്ചു എന്നുവരും. അതുപോലെ അദ്ധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും തെരഞ്ഞെടുപ്പിൽ മെറിറ്റ് അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോയിട്ടുണ്ടാകും. അവിടെയൊക്കെ അവസാനതീരുമാനം അക്കാഡമീഷ്യൻസിന് എടുക്കാനുമുള്ള സ്വാതന്ത്ര്യമാണ് യൂണിവേഴ്സിറ്റിയുടെ ആട്ടോണമികൊണ്ട്. ഉദ്ദേശിച്ചിട്ടുള്ളത്. യൂണിവേഴ്സിറ്റി ആട്ടോണമിയുടെ മറവിൽ കുറെ ഏകാധിപതികളായ വി. സി. മാരെ ഉണ്ടാക്കി യൂണിവേഴ്സിറ്റിയുടെ ജനാധിപത്യം പൂർണ്ണമായി തകർത്ത് സെനറ്റ് ഇല്ലാതാകുകയും സിൻഡിക്കേറ്റിന്റെ അധികാരം കവർന്ന് എടുത്ത് കീശയിലേൽപ്പിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസപരമായ ഒരു കാഴ്ചപ്പാട് നമുക്ക് യോജിച്ചതല്ല. യൂണിവേഴ്സിറ്റിയെ ഒരു ഏകാധിപത്യ യൂണിവേഴ്സിറ്റിയാക്കിയത് ഈ ഗവൺമെന്റാണെന്ന് ഇവിടത്തെ ചില പ്രതിപക്ഷ മെമ്പർമാർ പറഞ്ഞു പരത്താൻ ശ്രമിച്ചത് ശരിയല്ലെന്ന് തെളിയിക്കാൻ വേണ്ടിയാണ് ഇത് പറയുന്നത്. യു. ജി. സി. നമുക്ക് ഗ്രാന്റ് തരുന്നവരാണ്. അവർ പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിനെക്കുറിച്ച് ഇവിടെ ആരും പറഞ്ഞില്ല.

12 Noon] സർ, തെരഞ്ഞെടുക്കുന്ന സമിതികളൊന്നും വേണ്ട എന്ന് യു. ജി. സി. പറഞ്ഞാൽ യു. ജി. സി.യുടെ ഗ്രാന്റ് വേണ്ട എന്ന് പറയാനുള്ള ധാർഢ്യം നമ്മൾ കാണിക്കണമെങ്കിൽ നമ്മുടെ സാമ്പത്തികസ്ഥിതി മെച്ചമായിരിക്കണം. അതുകൊണ്ട് യു. ജി. സി. യോട് നമ്മൾ ആവശ്യപ്പെടണം; കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിയുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഇത് മാറിയെടുക്കണം: ഇത്തരം യൂണിവേഴ്സിറ്റികളിൽ ജനാധിപത്യവൽക്കരണം നടത്താൻ ജീവനക്കാരും അതുപോലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ശ്രമിക്കണം. അവരുടെയൊക്കെ വകയാണ് ഈ യൂണിവേഴ്സിറ്റികൾ. യൂണിവേഴ്സിറ്റി എന്ന് പറഞ്ഞാൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ജീവനക്കാരുമടങ്ങിയതാണ്. അവരുടെ ശബ്ദത്തിനും, അവരുടെ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ സംവിധാനം അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കണം. അത്തരം മാറ്റങ്ങളും സബ്ജക്ട് കമ്മിറ്റി പരിഗണിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബെന്നി ബഹനാൻ : സർ, നമ്മുടെ യൂണിവേഴ്സിറ്റികളുടെ ആട്ടോണമി സ്വഭാവത്തെ കുറിച്ചും വിദ്യാഭ്യാസരംഗം പൊതുമേഖലയിൽ വേണോ, സ്വകാര്യമേഖലയിൽവേണമോ എന്നിവയെക്കുറിച്ചുമൊക്കെ വിവാദപരമായ ഒട്ടേറെ സംവാദങ്ങളും സംശയങ്ങളും നമ്മുടെ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇവിടെ ഈ ബില്ല് അവതരിപ്പിച്ചിരിക്കുന്നത്. മറ്റ് പല അംഗങ്ങളും ഇവിടെ സൂചിപ്പിച്ച പോലെ ഈ ബില്ലിനോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ശാസ്ത്ര സാങ്കേതിക രംഗത്ത് നടപടികളും ഉണ്ടാകണം, നമ്മുടെ രാജ്യത്ത് അതിന്റെ പശ്ചാത്തലത്തിൽ വികസനങ്ങളും ഉണ്ടാകണം. കൂടുതൽ ശാസ്ത്ര സാങ്കേതിക വിജ്ഞാനമുള്ള പൗരൻമാരെ വാർത്തെടുത്തുകൊണ്ട് തൊഴിലില്ലായ്മക്ക് പരിഹാരം കണ്ടെത്തുക എന്ന വിശാലമായ തയ്യാറെടുപ്പോടെ തുടങ്ങിയിരിക്കുന്ന യൂണിവേഴ്സിറ്റിയുടെ ലക്ഷ്യത്തോട് പൂർണ്ണമായി യോജിക്കുന്നു. പക്ഷെ ഈ യൂണിവേഴ്സിറ്റി നിയമത്തിൽ മാറേറണ്ടതായിട്ടുള്ള വളരെ കാര്യങ്ങളും ഉണ്ട്. യൂണിവേഴ്സിറ്റിയുടെ ആട്ടോണമിയെ സംബന്ധിച്ച് ഫീഡിംഗ് ബോർഡ് സമയം നടന്നപ്പോഴും അതിനുമുമ്പുമൊക്കെ പല വിധത്തിലുള്ള സംശയങ്ങളും സന്ദേഹങ്ങളുമൊക്കെ നിയമസഭാ സാമാജികൻമാരുടെ ഇടയിലും പൊതുപ്രവർത്തകരുടെ ഇടയിലും ഉണ്ടായിരുന്നു. ഇന്ന് ഈ നിയമം പൊതുവേ എടുത്ത് വയിച്ചുനോക്കുമ്പോഴും ഒരു സർവ്വകലാശാലയ്ക്ക് വേണ്ട ജനാധിപത്യ സ്വഭാവം വളരെയേറെ നഷ്ടപ്പെട്ടിട്ടില്ലേ എന്ന സംശയം എനിക്കുമുണ്ട്. ഞാൻ അതിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ പലരും ആവർത്തിച്ചതാണ് വൈസ്ചാൻസിലറുടെ നിയമനത്തെ കുറിച്ച്. അതുപോലെതന്നെ മറ്റ് പല യൂണിവേഴ്സിറ്റി നിയമത്തിലുള്ള ചില സമിതികളും ഇല്ലാത്തതിനെ കുറിച്ചും ഇവിടെ സൂചിപ്പിച്ചു. ആരാണ് ഈ വൈസ്ചാൻസിലർ, വൈസ് ചാൻസിലർക്ക് പ്രത്യേക പദവി വല്ലതുമുണ്ടോ. ദേവലോകത്ത് പോലും ഒരു നിയമം ഉണ്ട്. അവിടെ ഉള്ള നിയമം ബ്രഹ്മാവ്, സൃഷ്ടാവും ശിവൻ സംഹാരമൂർത്തിയുമാണ്. നമ്മുടെ കൊച്ചിൻ യൂണിവേഴ്സിറ്റി നിയമത്തിൽ, ദേവലോകത്തുള്ള നിയമത്തിൽപോലും ഇല്ലാത്തവിധത്തിൽ സൃഷ്ടാവും സംഹാരമൂർത്തിയും ഒരാൾതന്നെയാണ്, അതായത് വൈസ്ചാൻസിലർ തന്നെയാണ്.

ശ്രീ. കാനം രാജേന്ദ്രൻ : കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലറുടെ സൃഷ്ടാവ് സാക്ഷാൽ ബ്രഹ്മാവ് തന്നെ എന്ന വിവരം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. ബന്നി ബഹനാൻ : ആര് ബ്രഹ്മാവ് ആയിരുന്നാലും, ആ സൃഷ്ടി ശരിയല്ലാ എന്ന അഭിപ്രായം എനിക്കുണ്ട്. ഇവിടെ ഈ ബില്ല് അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ ഈ നിയമസഭയിൽ ഒട്ടേറെ ആളുകളും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചവരും വിദ്യാഭ്യാസ മേഖലകളുമായി ബന്ധപ്പെട്ടവരുമാണ്. ശ്രീ. റ്റി. എം. ജേക്കബ് മന്ത്രിയാകുന്നതിനു മുമ്പ് കെ. എസ്. സി. യുടെ സംസ്ഥാന പ്രസിഡൻറ് ആയിരുന്നു. ഇവിടെ അങ്ങേവശത്തും ഇങ്ങേവശത്തും ഇരിക്കുന്ന ആളുകളിൽ പലരും വിദ്യാർത്ഥി യൂണിയൻ പ്രവർത്തനത്തിൽകൂടി കടന്നുവന്ന് നിയമസഭാ സാമാജികൻമാർ ആകാൻ അവസരം കിട്ടിയിട്ടുള്ളവരാണ്. നമ്മൾ ഒക്കെ വിദ്യാർത്ഥി നേതാക്കൾ ആയിരുന്നപ്പോഴും വിദ്യാർത്ഥി പ്രവർത്തകർ ആയിരുന്നപ്പോഴും നമ്മൾ ഏറ്റവും കൂടുതൽ സംഘടിതമായിനിന്ന് വാദിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റികളുടെ ജനാധിപത്യ സ്വഭാവത്തെ കുറിച്ചും ആ യൂണിവേഴ്സിറ്റികളിലെ സെനറ്റും യൂണിവേഴ്സിറ്റിയൂണിയനും പോലെയുള്ള പരമോന്നത സമിതികളുടെ അധികാരാവകാശങ്ങളെ കുറിച്ചും ആണ് നിർഭാഗ്യകരം എന്ന് പറയട്ടെ ഇന്ന് ഇപ്പോഴും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ സെനറ്റില്ല, യൂണിവേഴ്സിറ്റി യൂണിയനില്ല. യൂണിവേഴ്സിറ്റികളുടെ ജനാധിപത്യ സ്വഭാവത്തിന് വേണ്ടി സ്വകാര്യ മാനേജ്മെൻറിനു എതിരെ ഗവൺമെൻറിൻെറ കാലാകാലങ്ങളിലെ നടപടികൾക്കെതിരെ വളരെയേറെ ആവേശത്തോടുകൂടി വാദിക്കുകയും മർദ്ദനമേൽക്കുകയും ചെയ്ത്, അതുവഴി പൊതു ജീവിതത്തിലേക്ക് കടന്നുവന്ന ബഹുമാനപ്പെട്ട ശ്രീ. റ്റി. എം. ജേക്കബ്, ഉൾപ്പെടെയുള്ള ആളുകൾ ഇവിടെ നിയമനിർമ്മാണം നടത്തുമ്പോൾ നമ്മൾ ഒക്കെ പണ്ട് വാദിച്ച കാര്യങ്ങൾ മറന്നുപോകുന്നത് ശരിയല്ല എന്ന അഭിപ്രായം എനിക്ക് ഉണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ : കെ. എസ്. യു. വിലൂടെ വളർന്ന് വന്ന്, വിദ്യാർത്ഥി രംഗത്തിലൂടെ വളർന്നുവന്ന ശ്രീ. ബന്നിബഹനാൻ ഈ പറയുന്ന മാറ്റങ്ങൾ സബ്ജക്ട് കമ്മറ്റി പരിശോധിക്കുമ്പോൾ ഉണ്ടാകാതെ വന്നാൽ ബില്ലിനെതിരെ വോട്ട് ചെയ്യാൻ തയ്യാറാകുമോ ?

ശ്രീ. ബെന്നി ബഹനാൻ : നമുക്കിനി സംസാരിക്കാനായിട്ട് വരുന്നുണ്ട്. നിങ്ങളൊക്കെ സ്വകാര്യമേഖലകളെ കുറിച്ചുള്ള കാഴ്ചപ്പാടിലൂടെ സംസാരിക്കാൻ തുടങ്ങിയാൽ ഞാനില്ല. കാര്യം പറഞ്ഞാൽ ഒത്തിരി പറയാനുണ്ട്. അത് പറയാനുള്ള സമയം ഇല്ല. അതുകൊണ്ട് ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം. അതുപോലെ സ്റ്റുഡൻറ്സ് കൗൺസിലിനെക്കുറിച്ച് ഇവിടെ ആരോ പറഞ്ഞു. കുറച്ചു വിദ്യാർത്ഥികളെ വിളിച്ച് ദിവസവും രാവിലെയും വൈകുന്നേരവും മരുന്ന് കൊടുക്കുന്നതുപോലെ ശാസ്ത്ര സാങ്കേതിക വിജ്ഞാനം മാത്രം പകർന്നുകൊടുത്താൽ ഈ വിദ്യാർത്ഥികൾക്ക് ഉണ്ടാകേണ്ട പൗരബോധവും അതുപോലെതന്നെ മറ്റ് സ്വഭാവഗുണങ്ങളും ഉണ്ടാകും എന്ന അഭിപ്രായം എനിക്കില്ല.. ഇവിടെ സ്റ്റുഡൻസ് കൗൺസിൽ ഉണ്ടാകണം. യൂണിവേഴ്സിറ്റി യൂണിയൻ ഉണ്ടാകണം. വിദ്യാർത്ഥികളുടെ കലാപരമായ, സാംസ്ക്കാരികപരമായ, കായികപരമായ വളർച്ചയ്ക്ക് ഒക്കെ ഉതകുന്ന രീതിയിലുള്ള നിയമനിർമ്മാണങ്ങൾ നമ്മുടെ എല്ലാ യൂണിവേഴ്സിറ്റി നിയമത്തിലും ഉണ്ടാകണം. ഇവിടെ ജീവനക്കാരെ പിരിച്ചുവിട്ടാൽ കോടതിയിൽ പോലും പോകാൻ പാടില്ല എന്ന നിയമം ഉണ്ടാക്കിയിട്ടുണ്ട്. ഇത് എവിടത്തെ നിയമമാണ് ? നമ്മൾ 20-ാം നൂറ്റാണ്ടിൽ ജീവിക്കുന്നവരല്ലേ ? വൈസ്ചാൻസിലർമാർക്ക് തോന്നുന്നതുപോലെ ജീവനക്കാരെ പിരിച്ചുവിടാനുള്ള അധികാരം നൽകുന്നത് ഞാൻ ആദ്യം പറഞ്ഞതുപോലെ സൃഷ്ടാവ്തന്നെ സംഹാരമൂർത്തിയാകുന്നതുപോലെയാണ്. വൈസ് ചാൻസിലർമാർക്ക് അവരുടെ താൽപ്പര്യത്തിനും ഇംഗിതത്തിനും ഒത്തു മാത്രം ഈ യൂണിവേഴ്സിറ്റിയെ ചലിപ്പിക്കത്തക്ക രീതിയിൽ ആക്കി കൊടുക്കുന്ന ഈ സ്വഭാവം ശരിയല്ല. ഈ യൂണിവേഴ്സിറ്റികൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നത് ശാസ്ത്ര സാങ്കേതിക രംഗത്ത് വളർച്ച ഉണ്ടാക്കാനും അതിലൂടെ വളർന്നുവരുന്ന തലമുറയ്ക്ക് ബോധം പകർന്ന്, കൊടുക്കുന്നതിലേക്കു വേണ്ടിയിട്ടാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ബഹുമാനപ്പെട്ട ഹസ്സനോട് ചോദിക്കണമെന്നു വിചാരിച്ചു. അതേ, ശൈലിയിൽതന്നെ ബഹുമാനപ്പെട്ട ബന്നിക്കുടെ സംസാരിക്കുമ്പോൾ, ഇവിടെ പ്രസംഗിക്കുന്നത് വളരെ നല്ലത് തന്നെ, പക്ഷെ ഇക്കാര്യങ്ങളെല്ലാം നിങ്ങളുടെ മുന്നണി നിയമസഭാകക്ഷികളുമായി ആലോ

LIBRARY ARCHIVES Kerala Legislative Assembly

ചിച്ച് ഏതെങ്കിലും തരത്തിൽ കൺസൾട്ട് ചെയ്ത് ഒരു തീരുമാനം ഉണ്ടായിട്ടുണ്ടോ? അതൊന്നുമില്ല എന്നുണ്ടെങ്കിൽ ഈ പ്രസംഗം എല്ലാം പത്രങ്ങളിൽ വരിക എന്നതിൽ ഉപരിയായി വേറെ വല്ലതരത്തിലുള്ള പ്രയോജനവും ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ എന്ന് പറഞ്ഞാൽ മതി.

ശ്രീ. ബെന്നിബഹനാൻ : സർ ഇവിടെ പ്രയോജനപ്പെടും എന്ന് പൂർണ്ണമായി ബോദ്ധ്യം ഉണ്ടായതിന് ശേഷമാണ് ഞാൻ ഇവിടെ പ്രസംഗം നടത്തുന്നത്. പാർലമെൻററി പാർട്ടിയോഗത്തിലും പാർട്ടിക്കകത്തും ഒക്കെ ഞങ്ങൾ കാലാകാലങ്ങളിൽ കൈക്കൊണ്ടിരുന്ന അതേ മാർഗ്ഗങ്ങളിലും രീതിയിലും മാത്രമേ സംസാരിക്കുകയുള്ളൂ. ശ്രീ. പീതാംബരൻ മാസ്റ്റർക്ക് അറിയാം അതുകൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല. ഇവിടെ മാനേജ്മെൻറ് സ്റ്റഡീസ് തുടങ്ങി അതുപോലെ കേരളത്തിന് അനുയോജ്യമായ വിദ്യാഭ്യാസ സമ്പ്രദായം വളർത്തിയെടുക്കണം. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം ഉപയോഗപ്പെടുത്തി ടൂറിസം അതല്ലെങ്കിൽ അതുപോലെ തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്ക് രൂപംകൊടുക്കണം. അങ്ങനെ വളരെ വിപുലമായ, വളരെ വിശാലമായ മേഖലയിലേക്ക് കടന്നുചെന്ന് പ്രവർത്തിക്കേണ്ട ഒരു യൂണിവേഴ്സിറ്റിക്ക്, ആ യൂണിവേഴ്സിറ്റിയുടെ ലക്ഷ്യങ്ങൾ മാത്രം വലുതായാൽ പോരാ പ്രവർത്തിക്കുന്ന രീതിയും മാതൃകയും ഒക്കെ വളരെ പ്രധാനപ്പെട്ടതാണ്. കഴിഞ്ഞകാലഘട്ടങ്ങളിൽ വിദ്യാർത്ഥി പ്രവർത്തകർ ആയിരുന്നപ്പോൾ, വിദ്യാർത്ഥി നേതാക്കൻമാരായിരുന്നപ്പോൾ നമ്മളെല്ലാം കൂടി കേരള സംസ്ഥാനത്ത് വളർത്തിയെടുക്കാൻ ശ്രമിച്ച വിദ്യാഭ്യാസ മേഖലയെ . കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകളെയും സങ്കൽപ്പങ്ങളെയും തകർത്തുകൊണ്ട് ജനാധിപത്യവിരുദ്ധമായി ഈ നിയമ നിർമ്മാണത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വകുപ്പുകൾ മാറ്റംചെയ്തുകൊണ്ട് ഇത് കുറച്ചുകൂടി ജനാധിപത്യവൽക്കരിച്ചുകൊണ്ട്, ഈ ബില്ല്. അവസാനമായി പാസ്സാക്കണമെന്നാണ് എനിക്ക് വിദ്യാഭ്യാസ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ദീർഘിച്ച് സംസാരിക്കുന്നില്ല. സംസാരിച്ചാൽ വളരെയധികം കാര്യങ്ങൾ പറയാനുണ്ട്. ഈ നിയമം അതുപോലെതന്നെ പാസ്സാക്കുകയാണെങ്കിൽ നമ്മളോടൊപ്പംനിന്ന സ്നേഹിതൻമാരോടും സഹപ്രവർത്തകരോടും ചെയ്യുന്ന ആത്മ വഞ്ചനയാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി ബിൽ സമഗ്രമായ ഒരു പരിശോധനയ്ക്ക് വിധേയമാക്കണം എന്നാണ് എൻെറ അഭിപ്രായം. ഈ ബില്ലിൻെറ ചർച്ചയിൽ ഉന്നയിക്കപ്പെട്ട അഭിപ്രായങ്ങൾ പരിഗണിക്കുമ്പോൾ സബ്ജക്ട് കമ്മിറ്റി തലത്തിലുള്ള പരിശോധനകൾ മാത്രംകൊണ്ട്, ഈ ബില്ലിൽ വേണ്ടത്ര മാറ്റങ്ങൾ ഉണ്ടാകുമോ എന്ന സംശയം എനിക്കുണ്ട്. കാരണം ഇതുവരെ കേരളത്തിലുണ്ടായിട്ടുള്ള യൂണിവേഴ്സിറ്റി നിയമങ്ങളിൽനിന്ന് അടിസ്ഥാനപരമായ ഒരു നയ വ്യതിയാനമാണ് ഈ നിയമം. അതുകൊണ്ട് തീർച്ചയായും ഈ ബില്ല് നിയമം ആകുന്നതിനുമുമ്പ് കേരളത്തിലെ പൊതു പ്രവർത്തകരുടെയും ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധരുടെയും, വിദ്യാഭ്യാസ പണ്ഡിതൻമാരുടെയും ഒക്കെ അഭിപ്രായം ആരായുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം എന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിൻെറ വിദ്യാഭ്യാസ രംഗത്ത് പുരോഗമനപരമായ പല മാറ്റങ്ങളും ഉണ്ടാകാൻ സാധിച്ചിട്ടുണ്ട് അത് സംസ്ഥാനത്തെ വിദ്യാഭ്യാസ പ്രവർത്തകരുടെയും വിദ്യാർത്ഥികളുടെയും ഒക്കെ സംഘടിതമായ ശ്രമംകൊണ്ടാണ്. കേരളത്തിൽ നിലവിലുള്ള കേരളാ യൂണിവേഴ്സിറ്റിയിലേയും മറ്റു യൂണിവേഴ്സിറ്റികളിലേയും

LIBRARY ARCHIVES Kerala Legislative Assembly

നിയമങ്ങളിൽനിന്നും വ്യത്യസ്തമായി, ആ നിയമങ്ങളുടെ അടിസ്ഥാന സ്വഭാവത്തിന് ഘടകവിരുദ്ധമായ ഒരു സമീപനം ഈ ബില്ലിന്റെ പൊതു സ്വഭാവത്തിൽ കാണുന്നു എന്നുള്ളതാണ്. ഇവിടെ നേരത്തേ പലരും ചൂണ്ടിക്കാണിച്ചതുപോലെ വിദ്യാർത്ഥിരംഗത്തിലൂടെ കടന്നുവന്ന് നിയമസഭാസാമാജികന്മാരായ ഒരു ഡസനിലേറെ അംഗങ്ങൾ ഈ നിയമസഭയിലുണ്ട്.

വിദ്യാർത്ഥി നേതാക്കളായിരുന്ന ബഹുമാന്യനായ മന്ത്രി ശ്രീ ടി.എം. ജേക്കബും ശ്രീ. രമേശ് ചെന്നിത്തലയും മന്ത്രിമാരായുള്ള ഈ മന്ത്രിസഭയും, ഒരു ഡസനിലേറെ വിദ്യാർത്ഥി പ്രതിനിധികളുള്ള ഈ നിയമസഭയും ഒരു നിയമം ഉണ്ടാക്കുമ്പോൾ കഴിഞ്ഞകാലങ്ങളിൽ നമ്മൾ ഉയർത്തിവന്ന മുദ്രാവാക്യങ്ങൾക്കും നയങ്ങൾക്കും വ്യത്യസ്തമായ ഒരു സമീപനം ഉണ്ടായിക്കാണുന്നത് ഖേദകരമാണ്. ഇവിടെ ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ഞാൻ സംശയിക്കുന്നില്ല. യു. ജി. സി. ഇക്കാര്യത്തിൽ എടുത്ത നിലപാട് വളരെ ഖേദകരമാണ്. കാരണം, യൂണിവേഴ്സിറ്റികൾക്ക് ഗ്രാന്റ് നൽകാനുള്ള അധികാരമല്ലാതെ യൂണിവേഴ്സിറ്റി നിയമങ്ങളുടെ അടിസ്ഥാന സ്വഭാവത്തിൽ എന്തെങ്കിലും മാറ്റം വേണമെന്ന് പറയാനുള്ള അവകാശം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷനില്ല. അതുകൊണ്ട് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ എന്തെല്ലാം പറഞ്ഞാലും നമ്മുടെ കഴിഞ്ഞ കാലനയത്തിൽനിന്നും വ്യത്യസ്തമായ ഒരു സമീപനം സ്വീകരിക്കരുതെന്നാണ് എനിക്ക് ഭേദഗതി ക്കുവാനുള്ളത്. ഇവിടെ കാലാകാലങ്ങളിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ അഭിപ്രായം മാറിപ്പറയുന്നില്ലേ? നേരത്തേ യൂണിവഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പദ്ഘടനയുടെ ജനാധിപത്യവൽക്കരണത്തിനു വേണ്ടി ഉറച്ച നിലപാട് സ്വീകരിച്ചിരുന്നു. സുപ്രീം കോടതി ചീഫ് ജസ്റ്റിസായിരുന്ന ഗജേന്ദ്ര ഗാഡ്ക്കർ ചെയർമാനായി ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി Democratisation of Universities എന്ന തത്വം ആധാരമായി സമഗ്രമായ ശുപാർശ സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അന്ന് യൂണിവേഴ്സിറ്റി ഭരണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം, ബഹുജനപങ്കാളിത്തം ഇവയൊക്കെ അനിവാര്യമാണെന്ന അഭിപ്രായമുണ്ടായി. അതിന്റെ വെളിച്ചത്തിലാണ് കേരളത്തിലാദ്യമായി കേരള യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥികൾക്ക് പങ്കാളിത്തം ലഭിച്ചത്. ആദ്യം സെനറ്റിൽ പങ്കാളിത്തം ലഭിച്ചത്. ആ പങ്കാളിത്തം വളർന്ന് വലുതായി ഇന്ന് കേരള-കോഴിക്കോട് യൂണിവേഴ്സിറ്റികളിൽ സെനറ്റിലും അക്കാഡമിക് കൗൺസിലിലും സിൻഡിക്കേറ്റിൽ പോലും പങ്കാളിത്തം ഉണ്ട്. അത്തരത്തിൽ ഫലപ്രദമായ പങ്കാളിത്തവുമായി മുന്നോട്ടുപോകുമ്പോൾ അതിൽ നിന്നുള്ള ഒരു ഒളിച്ചോട്ടമായി ഇന്ന് പുതിയ നിയമം വരുന്നതിനെ അംഗീകരിക്കാൻ പ്രയാസമുണ്ട്. ഇവിടെ പലരും പറഞ്ഞതുപോലെ നോമിനേറ്റ് ചെയ്യപ്പെടുന്ന ആളുകളെക്കൊണ്ട് കുത്തിനിറച്ച ഒന്നാണ് ഈ യൂണിവേഴ്സിറ്റി ഭരണസമിതികളെന്ന് പറഞ്ഞു. അത് ശരിയാണെന്ന് തോന്നുന്നു. ജനാധിപത്യപരമായി തെരഞ്ഞെടുത്ത ആളുകളും ഉൾക്കൊള്ളുന്ന സമിതിയായി സിൻഡിക്കേറ്റ് മാറണം.

അതുപോലെതന്നെ ഇതൊരു വൈസ് ചാൻസലർ ഓറിയന്റഡ് ബില്ലാണ്. വൈസ് ചാൻസലർക്ക് അമിതമായ അധികാരം ഈ ബില്ലിൽ കൊടുത്തിരിക്കുന്നു. ശ്രീ. ബെന്നിബഹനാൻ ചൂണ്ടിക്കാണിച്ചതുപോലെ ജീവനക്കാരെ നിയമിക്കാനുള്ള അധികാരം, സസ്പെൻഡ് ചെയ്യാനുള്ള അധികാരം, എന്തിനു ഡിസ്മിസ് ചെയ്യാനുള്ള അധികാരംപോലും വൈസ് ചാൻസലർക്ക് ഉണ്ട്. എന്തിനാണ് ഇത്രയും അധികാരം കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു ജീവനക്കാരന്റെ സ്വഭാവത്തെപ്പറ്റി, പെരുമാറ്റത്തെപ്പറ്റി പരാതി ഉണ്ടെങ്കിൽ അത് പരിഗണിക്കാൻ പല വ്യവസ്ഥകളും ഉണ്ട്. കേരള യൂണിവേഴ്സിറ്റിയിലാണെങ്കിൽ അപ്പോയിന്റിംഗ് അതോറിറ്റി സിൻഡിക്കേറ്റാണ്. ശിക്ഷണനടപടി എടുക്കാനും അധികാരം സിൻഡിക്കേറ്റിനാണ്; പക്ഷേ കൊച്ചിൻ യൂണിവേഴ്സിറ്റി ആക്ടിൽ പറയുന്നത് അസിസ്റ്റന്റ് രജിസ്ട്രാറുടെ തസ്തികയിൽ താഴെയുള്ള ആളിനെ നിയമിക്കാനുള്ള അധികാരം വൈസ് ചാൻസലർക്കാണെന്നാണ്. അതുപോലെതന്നെ അവരെ സസ്പെൻഡ് ചെയ്യാനും ഡിസ്മിസ് ചെയ്യാനുമുള്ള അധികാരം വൈസ് ചാൻസലർക്ക് തന്നെയായിരിക്കണം. ഇത് ഏകാധിപത്യമാണ്. അത്തരത്തിൽ പൊതുവായിട്ട് ഈ ബിൽ പരിശോധിക്കുമ്പോൾ വൈസ് ചാൻസലർക്ക് അമിതാധികാരം കൊടുത്തുകൊണ്ടുള്ള ഒരു ബില്ലായിട്ടാണ് കാണുന്നത്. ഞാൻ ഇതിന്റെ സൂക്ഷ്മമായ വശങ്ങളിലേക്ക് കടക്കുന്നില്ല. കഴിഞ്ഞ കാലത്ത് നാം ഉയർത്തിപ്പിടിച്ച അടിസ്ഥാനനയങ്ങളിൽ നിന്നും വ്യതിചലിക്കാതെ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള നയങ്ങളിൽനിന്നും പിന്നോക്കംപോകാതെ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

അതുപോലെതന്നെ ഇവിടെ സിൻഡിക്കേറ്റിന്റെ ഘടനയെപ്പറ്റി ചൂണ്ടിക്കാണിച്ചു. എല്ലാ യൂണിവേഴ്സിറ്റികളിലും സിൻഡിക്കേറ്റിൽ വ്യത്യസ്തമായ വിഭാഗത്തിലെ അംഗങ്ങളും ഉണ്ട്. ശാസ്ത്ര സാങ്കേതിക വിഭാഗങ്ങളും വേണം. അതുപോലെതന്നെ ഫാക്കൽറ്റി ഡീൻസ് വേണം. എം. എൽ. എ. മാരുടെ പ്രതിനിധികളും വേണം. പൊതു പ്രവർത്തകരുടെ പ്രതിനിധികളും സിൻഡിക്കേറ്റിൽ ഉണ്ടാകാൻ പാടില്ലയെന്ന സമീപനം ശരിയല്ല. കേരള യൂണിവേഴ്സിറ്റിയിലാണെങ്കിൽ എം. എൽ. എ. മാരുടെ പ്രതിനിധികളും ഇലക്ടഡ് മെമ്പറൻമാരാണ്. കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ എം.എൽ. എ. മാരുടെ പ്രതിനിധികളും ഇലക്ടഡ് മെമ്പറൻമാരാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ മാത്രം വരുമ്പോൾ അവരെ നോമിനേറ്റ് ചെയ്യുന്നത് ശരിയല്ല. അതുപോലെതന്നെ സിൻഡിക്കേറ്റിന്റെ ഘടനയാണെങ്കിലും ഈ ബില്ലിന്റെ പൊതുസ്വഭാവമാണെങ്കിലും പൊതുവെ കഴിഞ്ഞ കാലങ്ങളിൽ കേരളത്തിലുണ്ടായ നിയമനിർമ്മാണങ്ങൾക്ക് ഘടകവിരുദ്ധമായിട്ടുള്ളതായതുകൊണ്ട് തീർച്ചയായും ഈ ബിൽ സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മിഷന്റെ അഭിപ്രായമെന്താണെങ്കിലും ശരി ആ അഭിപ്രായങ്ങൾക്ക് പരിഗണനകൊടുക്കുന്നതോടൊപ്പം കേരളത്തിലുണ്ടായിട്ടുള്ള മാറ്റങ്ങളിൽ നിന്നുള്ള ഒരൊളിച്ചോട്ടമായി ഈ ബിൽ മാറരുതെന്നും ഈ ബില്ലിൽ അടിസ്ഥാന മാറ്റങ്ങൾ ഉണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. മുഹമ്മദാലി : സർ, പൊതുജനാഭിപ്രായം നേടുന്നതിന് ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഈ നിയമ നിർമ്മാണം ഒരു ഓർഡിനൻസ് വഴി കൊണ്ടുവന്ന സന്ദർഭത്തിൽ ഈ സഭയിൽ അതിനെക്കുറിച്ച് ഒരു സബ്മിഷൻവഴി ഉന്നയിച്ച വ്യക്തിയെന്ന നിലയിൽ ഈ നിയമനിർമ്മാണത്തിൽ വന്നിട്ടുള്ള ന്യൂനതകൾക്ക് പരിഹാരം ഉണ്ടാകണമെന്ന് ന്യായമായും ആഗ്രഹിക്കുകയാണ്. ആദ്യമായി ഓർഡിനൻസ് ഇറക്കിയ സന്ദർഭത്തിൽ ഉണ്ടായിരുന്ന ചില കാര്യങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് രണ്ടാമത് ഓർഡിനൻസ് കൊണ്ടുവന്നത്. ഭേദഗതി ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ നിയമം സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. കൊച്ചി സർവ്വകലാശാല ഒരു സമ്പൂർണ്ണ ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയായി വികസിപ്പിച്ചെടുക്കുകയെന്ന ആത്മാർത്ഥമായ ലക്ഷ്യമാണ് ഈ നിയമനിർമ്മാണം കൊണ്ടുവരുന്നതിന് ഗവൺമെന്റിനെ പ്രേരിപ്പിച്ചിട്ടുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

എങ്കിൽ അത് സ്വാഗതാർഹമായ കാര്യമാണ്. ആ ആശയത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. പക്ഷേ ഈ നിയമനിർമ്മാണത്തിൽ വന്നുപോയിട്ടുള്ള ന്യൂനതകളെയും പോരായ്മകളെയും കാണുവാൻ ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്. ഈ നിയമസഭയിൽ പൊതുവായി ഉയർന്നുവന്ന അഭിപ്രായപ്രകടനങ്ങളും, ഈ നിയമ നിർമ്മാണം പ്രാബല്യത്തിൽ വരുമ്പോഴും ദൂരീകരിക്കുവാൻ കഴിയുമെന്നാണ് ന്യായമായും പ്രതീക്ഷിക്കുന്നത്. 1971-ലാണ് കൊച്ചിൻ സർവ്വകലാശാല രൂപീകൃതമായത്. കേരളത്തിലെ വ്യവസായമേഖലയുടെ ആവശ്യങ്ങൾകൂടി നിറവേറ്റുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് സർവ്വകലാശാലയ്ക്ക് രൂപം നൽകിയതെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അങ്ങനെ രൂപീകൃതമായ സർവ്വകലാശാലയ്ക്ക് അനുയോജ്യമായ പശ്ചാത്തലമൊരുക്കുവാൻവേണ്ടിയുള്ള പ്രവർത്തനമാണ് കഴിഞ്ഞകാലങ്ങളിൽ നടന്നുവന്നിട്ടുള്ളത്. പ്രഗൽഭനായ ശ്രീ. ജോസഫ് മുണ്ടശ്ശേരിയും ശ്രീ. എം. വി. പൈലിയും ഈ സർവ്വകലാശാലയുടെ തലപ്പത്തിരുന്ന സന്ദർഭത്തിൽ ഒരിക്കലും ഈ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾക്ക് തുരങ്കംവയ്ക്കുവാനുള്ള പ്രവർത്തനങ്ങൾ അവരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്നുമാത്രമല്ല ഈ സർവ്വകലാശാലയുടെ ലക്ഷ്യത്തിനനുസൃതമായി സർവ്വകലാശാലയെ വികസിപ്പിച്ചെടുക്കുവാൻ വേണ്ടിയുള്ള തീവ്രമായ, ശ്രമകരമായ പ്രവർത്തനമാണ് അവരുടെ ഭാഗത്തുനിന്നുമുണ്ടായത്. നിർഭാഗ്യവശാൽ ഇന്ന് ഈ സർവ്വകലാശാലയുടെ അധിപൻമാരായി വന്നുചേർന്നിരിക്കുന്ന ഉന്നതൻമാരായ വ്യക്തികളെ ചെരിപ്പിന് പാകമാകാൻപറ്റുന്ന നിലയിൽ കാലുമുറിക്കുകയെന്ന സമീപനവുമായിട്ടാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ടാണ് ഇവിടെ പല മെമ്പറൻമാരും പരാമർശിച്ചതുപോലെ ഈ നിയമനിർമ്മാണത്തിൽ അധികാര കേന്ദ്രീകരണം വന്നുചേരുവാൻ കാരണമായിട്ടുള്ളത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ നിർദ്ദേശത്തിന് വിധേയമായിട്ടാണ് ഈ നിയമനിർമ്മാണം കൊണ്ടുവരേണ്ടിവന്നതെന്നാണ് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ തുടക്കത്തിൽ പറഞ്ഞത്. ഇന്ന് കൊച്ചിൻ സർവ്വകലാശാലയുടെ തലപ്പത്തിരിക്കുന്ന ഉന്നതൻമാരായ ആളുകളാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ നിർദ്ദേശങ്ങളും തേടിക്കൊണ്ട് ജനാധിപത്യസ്വഭാവത്തെ പൂർണ്ണമായി തകർക്കുന്നതിനുള്ള ഗൂഢാലോചന നടത്തിയത്. പുതിയ യൂണിവേഴ്സിറ്റികളും രൂപീകരിക്കുമ്പോൾ അവിടെ രാഷ്ട്രീയ അതിപ്രസരം ഉണ്ടാകരുതെന്നും വിദ്യാഭ്യാസമേഖലയിൽ ഉള്ള അക്കാഡമിക് മേഖലയിലുള്ള പ്രഗൽഭരായ ആളുകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് യൂണിവേഴ്സിറ്റി സമിതികളും പുനഃസംഘടിപ്പിക്കണമെന്നും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർദ്ദേശിച്ച കാര്യം നമുക്കംഗീകരിക്കാവുന്നതാണ്; മനസ്സിലാക്കാവുന്നതാണ്. പക്ഷേ ഇവിടെ സംഭവിച്ചതെന്താണ്. ജനാധിപത്യസ്വഭാവം പൂർണ്ണമായും ഇല്ലാതാക്കാനുള്ള ശ്രമമാണ് നടന്നത്.

1963-ൽ കേരളാ യൂണിവേഴ്സിറ്റിയുടെ സെനറ്റായിട്ടാണ് എറണാകുളത്ത് അഞ്ച് ഡിപ്പാർട്ടുമെന്റുകൾ ആരംഭിച്ചത്. ഫിസിക്സ്, ലാ, ഹിന്ദി, മറൈൻ സയൻസ്, സ്കൂൾ ഓഫ് മാനേജ്മെന്റ്,-ഈ അഞ്ച് ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ടുകൊണ്ടാണ് 1971-ൽ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം തുടങ്ങുന്നത്. അതിനുശേഷം തന്നെ കാലാകാലങ്ങളിൽ ഈ യൂണിവേഴ്സിറ്റി വികസിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടായി. ഇന്ന് യൂണിവേഴ്സിറ്റി സെനറ്റ് അനിവാര്യമല്ലായെന്ന അഭിപ്രായരൂപീകരണത്തിലെത്തുവാനിടയായിട്ടുള്ള സാഹചര്യം ഞാൻ മനസ്സിലാക്കിയിടത്തോളം അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ സമീപനം കൊണ്ടല്ല. യൂണിവേഴ്സിറ്റി സെനറ്റിൽ സ്വാഭാവികമായും യൂണിവേഴ്സിറ്റി ഭരണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ വരുന്ന പോരായ്മകളെക്കുറിച്ച്, ന്യൂനതകളെക്കുറിച്ച് അവിടത്തെ സാമ്പത്തിക ഏർപ്പാടുകളെക്കുറിച്ച്, ജീവനക്കാരെ കൈകാര്യം ചെയ്യുന്ന കാര്യത്തെക്കുറിച്ച് ഒക്കെ വിമർശനങ്ങൾ ഉണ്ടാകാറുണ്ട്. അപ്പോഴെല്ലാം തന്നെ അസഹിഷ്ണുതയോടുകൂടിയാണ് വൈസ്ചാൻസലർ ഉൾപ്പെടെയുള്ള ആളുകൾ, പ്രതിനിധ്യസ്വഭാവമുള്ളവരിൽ നിന്നും വരുന്ന വിമർശനങ്ങളെ കാണുന്നത്. ഇന്ന് കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ തലപ്പത്തിരിക്കുന്ന വൈസ്ചാൻസലർ ശ്രീ. ഗോപാലൻ ജനാധിപത്യസ്വഭാവത്തോട് പൂർണമായും പുറംതിരിഞ്ഞു നിൽക്കുന്ന ഒരു വ്യക്തിയാണ്. വിമർശനങ്ങൾ സഹിഷ്ണുതയോടുകൂടി കാണുവാൻ തയ്യാറല്ലാത്ത ഒരാളാണ്. അദ്ദേഹത്തിന്റെ മനസ്സിൽ ഉരുത്തിരിഞ്ഞുവന്ന ഒന്നാണ് സെനറ്റ് വേണ്ടായെന്നുള്ളത്. അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ശുപാർശയായി അദ്ദേഹം തന്നെ സ്വാധീനിച്ച് അദ്ദേഹം തന്നെ അത് ഒക്കെയും ചെയ്തത്, ഇന്ന് ഒരു നിയമ നിർമ്മാണത്തിലൂടെ ഇവിടെ കൊണ്ടുവരാൻ കഴിഞ്ഞു എന്നുള്ളതാണ് നിർഭാഗ്യകരമായിപ്പോയി.

ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : ഫെബ്രുവരി 26-ന് ഈ ഓർഡിനൻസ് ഇവിടെ കൊണ്ടുവന്നപ്പോൾ നമ്മുടെ വിദ്യാഭ്യാസമന്ത്രി അറിഞ്ഞിട്ടില്ലായെന്ന ആക്ഷേപം ഈ സംസ്ഥാനത്ത് ഉയർന്നു വന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. മുഹമ്മദാലി : അത് ഞാനും കേട്ടിട്ടുണ്ട്. ഏതായാലും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ നിർദ്ദേശം എന്ന പേരിൽ ഇന്ന് സെനറ്റ് വേണ്ട എന്നത് ഉൾപ്പെടെ, യൂണിവേഴ്സിറ്റിസമിതികളുടെ ഘടനയെ കുറിച്ചു ബില്ലിൽ പറഞ്ഞിരിക്കുന്നത് ആശങ്ക ഉണ്ടാക്കുന്നതാണ്. യൂണിവേഴ്സിറ്റി ഭരണസമിതികളിൽ ജനാധിപത്യ സ്വഭാവം നിലനിൽക്കുന്നത് ഒരു ദിവസം കൊണ്ട് ഉണ്ടായിട്ടുള്ള കാര്യങ്ങളല്ല. ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി, വിദ്യാഭ്യാസമേഖലയിലുണ്ടായിട്ടുള്ള നിരന്തരമായ പ്രക്ഷോഭങ്ങളിലൂടെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദ്ധൻമാരുടെ അഭിപ്രായരൂപീകരണങ്ങളിലൂടെ കാലാകാലങ്ങളായി നേടിയെടുത്തതാണ് വിദ്യാഭ്യാസമേഖലയിലെ ജനാധിപത്യസ്വഭാവം. ഇന്ന് വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന പലരും വിദ്യാഭ്യാസമന്ത്രി ഉൾപ്പെടെയുള്ളവർ, കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ നടന്നിട്ടുള്ള പുരോഗമനപ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള സമരങ്ങളിലൂടെ വിദ്യാർത്ഥികളെ ആനയിച്ചു കൊണ്ടുവന്ന ആളുകളാണ്. അവർ അധികാരത്തിലിരിക്കുന്ന സന്ദർഭത്തിൽ വളരെ പിറകോട്ട് പോയി ഒരു നിയമനിർമ്മാണം കൊണ്ടു വരാനുള്ള, അല്ലെങ്കിൽ അങ്ങനെയുള്ള വകുപ്പുകൾ കൊണ്ടുവരാനുള്ള ശ്രമങ്ങളുണ്ടായാൽ അത് നിർഭാഗ്യകരമാണ്. ഈ നിയമനിർമ്മാണത്തിലെ പല കാര്യങ്ങളെക്കുറിച്ചും വളരെയേറെ ആശങ്കളുണ്ട്. ഞാൻ അതിലെക്കൊന്നും ഭീർഘമായി കടക്കാൻ ആഗ്രഹിക്കുന്നില്ല.

ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലും, അതുപോലെ മാനവികവിഷയങ്ങൾക്കു വേണ്ടിയും, ബിരുദാനന്തര പഠനത്തിനും, ഗവേഷണത്തിനും വേണ്ടിയുള്ള ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയാക്കി കൊച്ചിൻ യൂണിവേഴ്സിറ്റിയെ മാറ്റിയെടുക്കണമെന്നുള്ള ആഗ്രഹം ഉടലെടുത്തിട്ട് വളരെയേറെ നാളുകളായി. 1980-ൽ അന്നത്തെ കൊച്ചിൻ യൂണിവേഴ്സിറ്റി സെനറ്റിൽ, ഞാൻ കൂടി അന്ന് അതിൽ അംഗമായിരുന്നു, ആ സെനറ്റ് എടുത്ത ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്, ഈ കാര്യങ്ങളെ കുറിച്ച് ആലോചിച്ച് ജഗദ്പൂർ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായ ശ്രീ. എം. എം. ചക്രവർത്തി ചെയർമാനായി ഏഴ് അംഗങ്ങളടങ്ങുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമിതിയെ റിപ്പോർട്ട് സമർപ്പിക്കുവാൻ ഗവൺമെൻറ് നിയോഗിച്ചത്. ആ ചക്രവർത്തി കമ്മീഷൻ റിപ്പോർട്ട് ആധാരമാക്കിയാണ് ഈ പുതിയ നിയമ നിർമ്മാണം കൊണ്ടുവന്നിട്ടുള്ളത് എങ്കിൽ ആ ചക്രവർത്തി കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാതലായ ചില പ്രശ്നങ്ങളുമായി ഈ നിയമനിർമ്മാണത്തിൽ പറയുന്ന പല കാര്യങ്ങളും ബന്ധമില്ല എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല.

ശ്രീ. വി. ദിനകരൻ : വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനായാലും ശരി, നിയമനത്തിലായാലും ശരി സംവരണ തത്വം അംഗീകരിച്ച് നടപ്പിലാക്കണമെന്ന വ്യക്തമായ നിർദ്ദേശം ഗവൺമെൻറിൻെറ ഭാഗത്തു നിന്നുണ്ടായിട്ടുപോലും ഈ നിയമ നിർമ്മാണം പാസായി വരികയാണെങ്കിൽ സംവരണ തത്വം പാലിക്കപ്പെടുകയില്ല എന്നുമാത്രമല്ല സംവരണത്തിൻെറ കടയ്ക്ക് കത്തി വയ്ക്കുന്ന ഒരു സമീപനമാണ് ഈ ബില്ലിൽ കാഴ്ച വച്ചിരിക്കുന്നത് എന്നുള്ളതു അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. മുഹമ്മദാലി : ഗവൺമെൻറിൻെറ നയങ്ങളോടോ, സംവരണ തത്വങ്ങളോടോ യാതൊരു വിധത്തിലും ഉൾക്കൊള്ളാൻ കഴിയാത്ത ആളുകൾ ആണ് ഈ യൂണിവേഴ്സിറ്റിയുടെ തലപ്പത്ത് ഇരിക്കുന്നത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടിയിരിക്കുന്നു. അത് ഇവിടെ പലരും പരാമർശിക്കപ്പെട്ട കാര്യമാണ്.

ശ്രീ. കാനം രാജേന്ദ്രൻ : അങ്ങ് പരാമർശിച്ച, അദ്ദേഹം തന്നെയാണ് ഈ ബിൽ തയ്യാറാക്കിയത് എന്നും അങ്ങനെ തയ്യാറാക്കിയപ്പോൾ ഞാൻ തന്നെ അഞ്ചു വർഷം വൈസ് ചാൻസലറെന്ന് അതിൽ എഴുതി വച്ചിരുന്നുവെന്നുള്ളതും അങ്ങേക്കറിയുമോ ?

ശ്രീ. കെ. മുഹമ്മദാലി : അങ്ങനെയുണ്ടായിരുന്നു, അതിൽ അഞ്ചു വർഷമെന്നുള്ളത് നാലു വർഷമായി കുറച്ച കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് മനസ്സിലായി കാണുമെന്നാണ് ഞാൻ കരുതുന്നത്. ഏതായാലും യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനെ എല്ലാ കാര്യങ്ങളിലും എടുത്തു പരാമർശിക്കുവാൻ ശ്രമിക്കുന്ന സന്ദർഭത്തിൽ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ ഒരിക്കലും പരാമർശിച്ചിട്ടില്ലാത്ത ഹിന്ദി നിയമവിഭാഗം ഇന്ന് ആ യൂണിവേഴ്സിറ്റിയിൽ നിന്നും മാറാൻ നിർബന്ധമായ നിലപാട് സ്വീകരിക്കുന്നത് മനസ്സിലാക്കാനാകാവുന്നതല്ല. അന്ന് ഗവൺമെൻറ് നിയോഗിച്ച ചക്രവർത്തി കമ്മീഷൻ തന്നെ ഈ കാര്യം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

The department of law can make a real break through in areas such as enviornmental laws of the seeds, problem relating to intellectual property etc. Similarly, the department of Hindi has an opportunity for undertaking projects relating to rendering scientific and technical literature into Hindi as well as interpreting the developmental and socio-economic problem of the part of the country to the northern part. അങ്ങനെ ചക്രവർത്തി കമ്മീഷൻ റിപ്പോർട്ട് തന്നെ ഈ ഹിന്ദി വിഭാഗം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ തുടരുന്നതിനനുകൂലമായ തടസം നിന്നിട്ടില്ല. കൊച്ചിൻ യൂണിവേഴ്സിറ്റി വരുന്നതിനു മുമ്പുതന്നെ ഈ യൂണിവേഴ്സിറ്റി കാമ്പസിൽ പ്രവർത്തിച്ചിരുന്ന ഹിന്ദി വിഭാഗത്തെ അവിടെ നിന്നു മാറ്റുവാനുള്ള നിർബന്ധബുദ്ധി ആർക്കെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഇന്ന് കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ തലപ്പത്തിരിക്കുന്ന വി. സി. ശ്രീ. ഗോപാലനാണെന്ന് ഞാൻ പറയുകയാണ്. അങ്ങനെയുള്ള ഒരു വ്യക്തി

LIBRARY ARCHIVES Kerala Legislative Assembly

യിലേക്ക് അധികാരം കേന്ദ്രീകരിക്കുന്ന ഇവിടെ വൈസ് ചാൻസലറുടെ അധികാരം നിശ്ചയിച്ചിട്ടുണ്ട്. പൂർണ്ണമായും അധികാരം വൈസ് ചാൻസലറിലേക്ക് എത്തിയിരിക്കുകയാണ്. നേരത്തെ ഈ ഓർഡിനൻസ് ആദ്യമായി കൊണ്ടുവന്ന സന്ദർഭത്തിൽ വളരെയേറെ ആക്ഷേപമുണ്ടായതാണ്. സിൻഡിക്കേറ്റ് അംഗങ്ങളെ സസ്പെൻറ് ചെയ്യാനുള്ള അധികാരം വരെ വൈസ് ചാൻസലർക്ക് നൽകിയിരിക്കുകയായിരുന്നു. സിൻഡിക്കേറ്റിനു രണ്ടുകൊല്ലത്തെ കാലാവധി, വൈസ് ചാൻസലർക്ക് അഞ്ചു വർഷത്തെ കാലാവധി, അങ്ങനെ രണ്ടുകൊല്ലം മാത്രം കാലാവധി വച്ച് നിയോഗിക്കപ്പെടുന്ന സിൻഡിക്കേറ്റ് അംഗങ്ങളെ തോന്നിയപോലെ സസ്പെൻറ് ചെയ്യാൻ വൈസ് ചാൻസലർക്ക് അധികാരം നൽകിക്കൊണ്ട് അദ്ദേഹം എടുക്കുന്ന നടപടികൾ കോടതിയിൽ പോകുവാനുള്ള അവകാശം നിഷേധിച്ചു കൊണ്ട് അദ്ദേഹത്തിന് ആരേയും എന്തും ചെയ്യാനുള്ള അവസരം നൽകിക്കൊണ്ട് ആണ് അന്ന് ഓർഡിനൻസ് കൊണ്ടുവന്നത്, അതിനു കുറെയൊക്കെ മാറ്റം വന്നിട്ടുണ്ട്. അത് പൂർണ്ണമായും മാറണം. അധികാര കേന്ദ്രീകരണം ഒരിക്കലും അനിവാര്യമായ കാര്യമല്ല. നമ്മുടെ രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുന്ന സാമൂഹ്യചലനങ്ങൾ, അതിനുനേരെ പുറം തിരിഞ്ഞു നിൽക്കുന്ന, ദന്തഗോപുരങ്ങളിൽ വാഴുന്ന ആളുകൾക്ക് നാളെ ഈ രാജ്യത്തുണ്ടാകുന്ന മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചിടത്തോളം നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്ന നില വന്നാൽ അതു അപകടകരമാണ്. വൈസ് ചാൻസലറെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനു പൊതുപ്രവർത്തകരെയും രാഷ്ട്രീയനേതാക്കളെയും വളരെ പുച്ഛമാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് അദ്ദേഹം തന്നെയാണെന്ന നിലയിൽ ആണ് കാര്യങ്ങൾ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇവിടെ ഈ നിയമ നിർമ്മാണത്തിൽ തന്നെ വൈസ് ചാൻസലറെ നിയമിക്കുന്ന കമ്മിറ്റിയെ കുറിച്ച് പറഞ്ഞിട്ടുണ്ട്. നേരത്തേയുള്ള ഓർഡിനൻസിൽ ഗവൺമെൻറിന്റെ നോമിനി, യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ നോമിനി, യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ നോമിനി ആദ്യം അത് സെനറ്റിലെ നോമിനിയായിരുന്നു. അങ്ങനെ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ നോമിനിയായി നിശ്ചയിച്ചശേഷം യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനിൽ തീരുമാനമെടുത്ത അതേ ദിവസം തന്നെ ഡൽഹിയിൽ പോയി തനിക്ക് അനുയോജ്യനായ ഒരാളെ, വൈസ്ചാൻസലർ പാനലിലേക്ക് അയക്കേണ്ട നോമിനിയെ തീരുമാനിക്കാൻ, താൻ നിർദ്ദേശിച്ച ആളെ യു. ജി. സി. യിൽ നിന്ന് പേര് എഴുതി കൊണ്ടു വന്ന ഒരു വ്യക്തിയാണ് ശ്രീ. ഗോപാലൻ. അങ്ങനെയുള്ള ഒരു വ്യക്തിക്ക് കൊച്ചിൻ യൂണിവേഴ്സിറ്റിയെ പോലെ വളരെയേറെ ദീർഘവീക്ഷണത്തോടുകൂടി നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ച് പരാമർശിക്കപ്പെട്ടിട്ടുള്ള ഈ യൂണിവേഴ്സിറ്റി സംവിധാനത്തിൽ പൂർണ്ണമായ അധികാരം കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്താൻ ഏൽപ്പിക്കുകയെന്നു പറഞ്ഞാൽ അങ്ങേയറ്റം അപകടമായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ജനാധിപത്യസംവിധാനം പൂർണ്ണമായി നിലനിറുത്തിക്കൊണ്ടുമാത്രമേ നമുക്ക് മുന്നോട്ടു പോകാൻ കഴിയുകയുള്ളൂ. ഇന്ന് സർവ്വകലാശാലാരംഗത്ത് ജനാധിപത്യം പുനഃസ്ഥാപിക്കുകയും അത് നിലനിർത്തിക്കൊണ്ടുപോകേണ്ടതും അനിവാര്യമായ ഒരു കാര്യമാണ്. ഇത് ആവർത്തിച്ചുപറയാൻ കാരണം നിരന്തരമായ പ്രക്ഷോപണങ്ങളിലൂടെയാണ് ജനാധിപത്യസംവിധാനം ആ മേഖലയിൽ ഉറപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുള്ളത്. ഇൻഡ്യയിൽ ആദ്യമായി വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി ഭരണസമിതികളിൽ പ്രാതിനിധ്യം കൊടുക്കാൻ കഴിഞ്ഞിട്ടുള്ള ഒരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം.

LIBRARY ARCHIVES Kerala Legislative Assembly

നും അതിൽ അഭിമാനിക്കാവുന്നതാണ്. കേരള വിദ്യാർത്ഥി യൂണിയനായാലും കേരള വിദ്യാർത്ഥി കോൺഗ്രസ്സായാലും, വിദ്യാർത്ഥി പ്രസ്ഥാനങ്ങളായാലും, മറ്റ് വിദ്യാർത്ഥി സംഘടനകളായാൽ തന്നെയും ആ സംഘടനകളെല്ലാം തന്നെ നിരന്തരമായി സമരം നടത്തിയും പ്രക്ഷോപണങ്ങൾ നടത്തിക്കൊണ്ടുമാണ് ആ മേഖലയിൽ ജനാധിപത്യം പുനഃസ്ഥാപിക്കാനും ന്യായമായ പ്രാതിനിധ്യം എല്ലാ മേഖലയിലും പിടിച്ചെടുക്കാനും കഴിഞ്ഞിട്ടുള്ളത്. അതെല്ലാം ഒറ്റദിവസംകൊണ്ട് പൂർണ്ണമായും ഇല്ലാതാക്കിയതെങ്കിലും ഒരു ബ്യൂറോക്രാറ്റിന്റെ താളത്തിനൊത്ത് നിയമനിർമ്മാണം ഉണ്ടാക്കുക എന്നതിനോട് ഒരിക്കലും നമുക്ക് യോജിക്കാൻ കഴിയുകയില്ല. ഈ നിയമനിർമ്മാണത്തിൽ കാതലായ മാറ്റങ്ങൾ ഉണ്ടാകണം. ന്യൂനത പരിഹരിക്കാൻ കഴിയണം. ഇത് പൊതുജനാഭിപ്രായത്തിന് വിടണമെന്നു പറയാൻ കാരണം ഇത് സജീവമായി ചർച്ച ചെയ്യപ്പെടേണ്ട ഒരു നിയമനിർമ്മാണമായതുകൊണ്ടാണ്. ജനങ്ങളുടേയും വിദ്യാഭ്യാസ വിദഗ്ദ്ധൻമാരുടേയും ഈ മേഖലയുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടേയും എല്ലാവരുടേയും അഭിപ്രായം ആരാഞ്ഞതിനുശേഷം മാത്രമേ, ആ അഭിപ്രായ രൂപീകരണത്തിലൂടെ മാത്രമേ ഇത് പ്രാബല്യത്തിൽ വരാൻ പാടുള്ളുവെന്നാണ് എന്റെ അഭിപ്രായം. കേരളത്തിൽ വിദ്യാഭ്യാസത്തിന് വളരെയേറെ സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുള്ള ഒരു മേഖലയിൽ നിന്നുവരുന്ന വ്യക്തിയാണ് ഞാൻ. കൊച്ചി പ്രദേശമാണെങ്കിൽ കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ ഏറ്റവും മുന്നിട്ടുനിൽക്കുന്ന പ്രദേശമാണ്. ഇന്ന് ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ വന്നിട്ടുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ബഹുപൂരിപക്ഷവും എറണാകുളം ജില്ലയിൽ നിന്നുള്ള കോളേജുകളാണ്. ഗാന്ധിജി യൂണിവേഴ്സിറ്റി രൂപംകൊണ്ട സന്ദർഭത്തിൽ യഥാർത്ഥത്തിൽ അതിന്റെ ആസ്ഥാനം എറണാകുളം ആക്കേണ്ടതായിരുന്നു. നിർഭാഗ്യവശാൽ അതിന് കഴിയാതെപോയി. ഇന്ന് കൊച്ചിൻ യൂണിവേഴ്സിറ്റി മാത്രമാണ് എറണാകുളം മേഖലയിൽ പ്രവർത്തിക്കുന്നത്. അതുതന്നെ എറണാകുളത്തെ വ്യാവസായിക സ്ഥാപനങ്ങളുമായിട്ടും അവിടുത്തെ ആവശ്യങ്ങളുമായും ബന്ധപ്പെടുകൊണ്ടാണ് രൂപീകൃതമായിട്ടുള്ളത് ഇന്ന് ആ ലക്ഷ്യങ്ങളെല്ലാം മാറിമറിച്ചുകൊണ്ട്, അതിനെയെല്ലാം തകർത്തുകൊണ്ട് ഏതെങ്കിലും ഒന്നുരണ്ടു വ്യക്തികളുടെ, ഈ മേഖലയിൽ വന്നിട്ടുള്ള ബ്യൂറോക്രാറ്റിന്റെ താൽപ്പര്യത്തിനുവേണ്ടി അത് മുന്നോട്ടുകൊണ്ടുപോകുന്നത് ഒരിക്കലും നമുക്ക് അംഗീകരിക്കാൻ കഴിയുന്നതല്ല. അതുപോലെതന്നെ രേണസമിതികളിൽ അംഗങ്ങളായി അക്കാഡമിക് സ്വഭാവമുള്ള, അല്ലെങ്കിൽ അക്കാഡമിക് മേഖലയിലെ വിദഗ്ദ്ധൻമാരായ ആളുകളെ ഇതിൽകൂടുതൽ കൊണ്ടുവരണമെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും തർക്കമില്ല. ആ മേഖലയിൽ അതിന് പര്യാപ്തരായ ആളുകൾ വേണമെന്ന കാര്യത്തിൽ മറ്റാരേക്കാൾ നമ്മൾ പൂർണ്ണമായി യോജിക്കുന്നവരാണ്. പക്ഷേ വരുന്നവർ അങ്ങനെയല്ല. ഗാന്ധിജി യൂണിവേഴ്സിറ്റി നിയമനിർമ്മാണം വന്നു, ഇപ്പോൾ കൊച്ചിൻ യൂണിവേഴ്സിറ്റി ഓർഡിനൻസ് വന്നു; എല്ലാം വന്നിട്ടും രാഷ്ട്രീയക്കാർക്കെതിരായ പ്രചരണം നടന്നിട്ടുണ്ടെങ്കിലും സ്വാഭാവികമായും ഈ രംഗത്തുവരുന്നത് മൂന്നാംകിടക്കാരായ ആളുകളാണെന്ന കാര്യത്തിൽ സംശയമില്ല. ആ മേഖലക്ക് അതിന് പര്യാപ്തമായതും യോജിച്ചതുമായ ആളുകൾ വേണം. അത്തരത്തിലുള്ള ഒരു നിയമം ഉണ്ടാക്കുന്ന കാര്യത്തിൽ നമുക്ക് അഭിപ്രായവ്യത്യാസമില്ല. എല്ലാവരും ആ കാര്യത്തിൽ യോജിക്കാൻ തയ്യാറാണ്, പക്ഷേ അതിൽനിന്ന് വ്യത്യസ്തമായി ആരുടെയെങ്കിലും താൽപ്പര്യങ്ങൾ സ്ഥാപിക്കാൻവേണ്ടി ഏതെങ്കിലും പരിമിതമായ ആളുകളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി ഈ രാജ്യത്തിന്റെ ഭാവിയെ സ്വാധീനിക്കാൻ കഴിയുന്ന ഒരു നിയമനിർമ്മാണം കൊണ്ടുവരുന്ന് ലാഘവത്തോടുകൂടി ഇത് കൈകാര്യം ചെയ്യുന്നത് നിർഭാഗ്യകരമാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഈ നിയമനിർമ്മാണത്തിൽ വന്നുചേർന്നിട്ടുള്ള പോരായ്മകളും പാളിച്ചകളും ദൂരീകരിക്കേണ്ടത് നമ്മുടെകൂടി അന്തസ്സിനു അനിവാര്യമാണ്. ബഹുമാന്യനായ വിദ്യാഭ്യാസമന്ത്രി ഇത് കൂടുതൽ ചർച്ചകൾക്ക് പര്യാപ്തമായ വേദിയിലേക്ക് കൊണ്ടുവരുമെന്നും അവിടെവച്ച് ഇതിൽ വന്നിട്ടുള്ള പോരായ്മകൾ പൂർണ്ണമായി ദൂരീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതിൽതന്നെ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളിലും കോടതിയിൽ പോലും ചോദ്യം ചെയ്യാൻ പറ്റാത്ത രീതിയിൽ വകുപ്പുകൾ എഴുതിച്ചേർത്തിരിക്കുകയാണ്. ഗോപാലൻ വി. സി. ആയിരുന്ന അവസരത്തിൽ യൂണിവേഴ്സിറ്റിയിലുണ്ടായിരുന്ന പലരും കോടതിയിൽ പോയി. ജീവനക്കാരും വിദ്യാർത്ഥികളും യൂണിവേഴ്സിറ്റി സമിതിയിലുള്ളവർ വരെ കോടതിയിൽ പോയി. കോടതിയിൽനിന്ന് പരാമർശങ്ങളുണ്ടായി. പരാമർശങ്ങളുണ്ടായതുകൊണ്ടാണ് ആ സൗകര്യം ഇല്ലെന്നു വയ്ക്കാൻ തീരുമാനിച്ചത്. യൂണിവേഴ്സിറ്റി ഭരണത്തെക്കുറിച്ച് സെനറ്റിൽ പരാമർശനങ്ങൾ ഉണ്ടായപ്പോൾ സെനറ്റ് വേണ്ട എന്നു പറഞ്ഞു. സിൻഡിക്കേറ്റിൽ വിമർശനങ്ങൾ ഉണ്ടായപ്പോൾ സിൻഡിക്കേറ്റ് പൂർണമായി തനിക്ക് അനുകൂലമായും മാറാൻ ശ്രമിച്ചു. അതുപോലെ കോടതിയിൽ ചോദ്യം ചെയ്തപ്പോൾ കോടതിയുടെ പരിധിയിൽ വരേണ്ട എന്ന് തീരുമാനങ്ങൾ എടുത്തു. അത്രത്തോളം ഒരു വ്യക്തിക്ക് ഏകാധിപതിയാകാമെന്ന രീതിയിൽ ഈ രാജ്യത്തിന്റെ ഭാവിയെ ബാധിക്കുന്ന സംവിധാനം കൈകാര്യം ചെയ്യാനുള്ള അവസരം നൽകുന്ന രീതിയിൽ ഈ നിയമനിർമ്മാണം നടപ്പിലാക്കരുത്, പ്രാബല്യത്തിൽ കൊണ്ടുവരുകയുമരുത്. ഇതേരൂപത്തിൽ ഇത് അംഗീകരിക്കരുത്. എന്നാണ് എന്റെ അഭിപ്രായം. ഏതായാലും ഇക്കാര്യത്തിൽ യഥാർത്ഥ ബോധത്തോടുകൂടിയുള്ള സമീപനം വിദ്യാഭ്യാസമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തിനും അഭിപ്രായങ്ങളുണ്ടാകാം, അതെല്ലാം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസമേഖലയിലുള്ള വിദഗ്ദൻമാരുടേയും വിദ്യാർത്ഥികളുടേയും ഈ സഭയിലുള്ള അംഗങ്ങളുടേയും വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ നിയമനിർമ്മാണത്തിൽ അനിവാര്യമായ മാറ്റങ്ങൾ ഏർപ്പെടുത്തിക്കൊണ്ട്, ഹിന്ദി-നിയമ വിഭാഗം നിർബന്ധമായും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ സ്ഥാപനം. ബിസിനസ് മാനേജ്മെന്റ് അവിടെ പഠിപ്പിക്കാമെങ്കിൽ എന്തുകൊണ്ട് ഹിന്ദി-നിയമം അവിടെ പഠിപ്പിച്ചുകൂടാ എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ മാനവിക വിഷയങ്ങൾ പഠിപ്പിക്കുന്നതിന് യാതൊരു തടസ്സവും പറഞ്ഞിട്ടില്ല. ഹിന്ദി, നിയമ വിഭാഗം അവിടെ പ്രവർത്തിക്കുന്നതിനുള്ള കുഴപ്പം എന്താണെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയാത്തത്. ഹിന്ദി, നിയമ വിഭാഗം നിർബന്ധമായും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിലനിറുത്തിക്കൊണ്ട്, മാനവിക വിഷയങ്ങൾക്കുള്ള സൗകര്യം നിലനിർത്തിക്കൊണ്ട് അവിടെ ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള.....

ശ്രീ. എ. വി. താമരാക്ഷൻ : ഈ നിയമം വളരെയേറെ പരിശോധനയ്ക്ക് വിധേയമാക്കേണ്ട ഒന്നാണെന്നുള്ളതുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന അഭിപ്രായത്തിൽ അങ്ങും അങ്ങയുടെ പാർട്ടിയും ഒരുമിച്ചുനിൽക്കുമോ ?

ശ്രീ. കെ. മുഹമ്മദാലി : പാർട്ടിയുടെ പ്രശ്നം വരുന്നില്ല. എന്റെ വ്യക്തിപരമായ അഭിപ്രായമാണ് ഞാൻ ഇവിടെ പ്രകടിപ്പിച്ചത്. ചർച്ച ചെയ്യേണ്ട നിയമനിർമ്മാണമാണെന്ന കാര്യത്തിൽ എനിക്ക് അഭിപ്രായ വ്യത്യാസമില്ല. ആ നിലയിൽ എന്റെ സ്വന്തം അഭിപ്രായമാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : ഹിന്ദിയും നിയമവും അതുരണ്ടും അവിടെ നിന്ന് മാറ്റരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആ ജില്ലയിലെ എല്ലാ എം. എൽ. എ. മാരും എം. പി. മാരും മുഖ്യമന്ത്രിക്കും വിദ്യാഭ്യാസമന്ത്രിക്കും നിവേദനങ്ങൾ കൊടുത്തിട്ടുള്ളതായി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. മുഹമ്മദാലി : എറണാകുളം ജില്ലയിലെ എല്ലാ നിയമസഭാ സമാജികരും രാഷ്ട്രീയഭേദമെന്യേ ഒപ്പിട്ട്, ഹിന്ദി നിയമ വിഭാഗം കൊച്ചി സർവ്വകലാശാലയിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യ മന്ത്രിക്കും വിദ്യാഭ്യാസമന്ത്രിക്കും നിവേദനങ്ങൾ നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിൽത്തന്നെ പെട്ട വിദ്യാഭ്യാസമന്ത്രി അതിൽ വ്യത്യസ്തമായ ഒരു നിലപാട് സ്വീകരിക്കുകയില്ല എന്നുള്ളതാണ് ഇപ്പോഴും ഞങ്ങൾക്കുള്ളത്. എന്തായാലും ഈ നിയമനിർമ്മാണം പ്രാബല്യത്തിൽ വരാനുള്ള സാഹചര്യം നോക്കുമ്പോൾ ഹിന്ദി, നിയമവിഭാഗവും അതുപോലെ ഇവിടെ പരാമർശിക്കപ്പെട്ട മറ്റ് കാര്യങ്ങളും മുമ്പിലേക്ക് എടുത്തുകൊണ്ട് അതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. തോമസ് : സർ, 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി ഞാൻ പിന്താങ്ങുന്നു. സാങ്കേതിക വിദ്യയിലെ ഒരു ഉന്നതവിദ്യാപീഠമായി കൊച്ചിൻ യൂണിവേഴ്സിറ്റി മാറുന്നതിൽ എനിക്കുള്ള താൽപ്പര്യംകൊണ്ടാണ് ഞാൻ ഈ വിഷയത്തെപ്പറ്റി സംസാരിക്കുന്നത്. ഒരു വിദ്യാഭ്യാസ വിദഗ്ദ്ധന്റെ നിർദ്ദേശങ്ങൾ എനിക്ക് വയ്ക്കാൻ കഴിയുകയില്ല. ഈ ബില്ലിനെ ആസ്പദമാക്കി ഇന്നലെയും ഇന്നും ഒക്കെ ബഹുമാനപ്പെട്ട അംഗങ്ങൾ നല്ലനല്ല വിമർശനങ്ങൾ ഇവിടെ കാഴ്ചവച്ചു. കൂടുതൽ കാര്യങ്ങളിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സാങ്കേതിക വിദ്യയിൽ ഒരു ഉന്നതവിദ്യാപീഠത്തിന്റെ ആവശ്യകത നമ്മുടെ വ്യവസായ മേഖലക്ക് അനുഗ്രഹമാകും. അതുകൊണ്ട് പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകുകയും നമ്മുടെ വ്യവസായത്തിന്റെ നവോത്ഥാനം നടക്കുകയും ചെയ്യുകയാണെങ്കിൽ അത് നമ്മുടെ സംസ്ഥാനത്തിന് അനുഗ്രഹമാകും എന്നു ഞാൻ വിശ്വസിക്കുന്നു.

സർ, ഈ ബില്ലിന്റെ പ്രാരംഭത്തിൽ പറഞ്ഞിരിക്കുന്നത് നോക്കുക. "വിജ്ഞാന പുരോഗതിക്കും, സാമൂഹ്യനൻമക്കുംവേണ്ടി പ്രയുക്ത ശാസ്ത്രത്തിലും, സാങ്കേതിക ശാസ്ത്രത്തിലും വ്യവസായത്തിലും മാനേജുമെന്റിലും ഗവേഷണം നടത്തുകയും പ്രോൽസാഹിപ്പിക്കുകയും" ചെയ്യുക എന്ന ഉദ്ദേശമാണ് ഇതിനുള്ളത്. വ്യവസായ നവീകരണം എന്ന് ഞാൻ പറഞ്ഞത് രാജ്യത്ത് എല്ലായിടത്തും ഇന്ന് വലിയ മാറ്റങ്ങൾ ഉണ്ടായികഴിഞ്ഞിരിക്കുന്നു. എന്നാൽ നമ്മുടെ വ്യവസായ മേഖലയിൽ യാതൊരു മാറ്റവും ഉണ്ടാക്കാൻ കഴിഞ്ഞില്ല. 26 ലക്ഷത്തോളം യുവതീയുവാക്കൻമാരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തത് തൊഴിലിനുവേണ്ടി പരക്കം പായുന്നത്. ഇവർക്ക് എങ്ങനെ തൊഴിലുണ്ടാക്കുമെന്നതിനെ സംബന്ധിച്ച് സസൂക്ഷ്മം പരിശോധിക്കുമ്പോൾ, വ്യാവസായികരംഗത്ത് അടിസ്ഥാനപരമായ മാറ്റം ഉണ്ടായെങ്കിൽ മാത്രമേ അതിന് കഴിയുകയുള്ളുവെന്ന് ഞാൻ വിശ്വസിക്കുന്നു. കേരളത്തിലെ നമ്മുടെ പല വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളാണ്. ഈ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തെക്കുറിച്ച് ഇവിടെ ആരും കാര്യമായി

LIBRARY ARCHIVES Kerala Legislative Assembly

ചിന്തിക്കുന്നില്ല. ഞാൻ ഒരു ഉദാഹരണം പറയാം. കേരളത്തിലെ തേയില വ്യവസായത്തിന് ഏതാണ്ട് 19-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ പഴക്കമുണ്ട്. ഈ വ്യവസായം പ്ലാന്റേഷൻ വ്യവസായത്തിലെ ഒരു വലിയ സ്ഥാപനമായി ഇന്ന് മാറിയിരിക്കുന്നു. മൂന്നു നാല് ലക്ഷം തൊഴിലാളികൾ അതിൽ പണി യെടുക്കുന്നു. പത്തു ലക്ഷത്തോളം ആളുകൾ ആ തൊഴിൽകൊണ്ട് ഉപജീവനം കഴിക്കുന്നു. ഫാക്ടറിയിൽ തേയില പ്രോസസ് ചെയ്തു ബി. ഒ. പി.യും ടെസ്റ്റും സൂപ്പർടെസ്റ്റും സൂപ്പർ ഫൈനും ഒക്കെയായി മാറുന്നു. അടുത്തകാലത്തെ തേയിലയ്ക്ക് വിലകുറഞ്ഞു. ഇത് പാർലമെന്റിലും പരാമർശവിഷയമായി. ആ അവസരത്തിൽ ക്വാളിറ്റിയിൽ മാറ്റം ഉണ്ടാക്കാൻ കഴിയുന്നില്ല എന്നും ക്വാളിറ്റിയിൽ മാറ്റം ഉണ്ടാക്കിയെങ്കിൽ മാത്രമേ കേരള ത്തിലെ തേയില വ്യവസായം അഭിവൃദ്ധിപ്പെടുകയുള്ളൂ എന്നും പാർലമെ ന്റിൽ പറഞ്ഞു. അതുകൊണ്ട് പുതിയ പുതിയ പരിജ്ഞാനം ഉപയോഗിച്ച് തേയില വ്യവസായത്തിലെ ഇന്നത്തെ നില മാറ്റിയെടുത്താൽ മാത്രമേ ആ വ്യവസായത്തിന് കൂടുതൽ പുരോഗതിയുണ്ടാവുകയുള്ളൂ.

സർ, കൊച്ചിൻ സർവ്വകലാശാലയിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി യുടെ കാലത്താണ് ആദ്യമായിട്ട് പുതിയപുതിയ ഗവേഷണങ്ങൾ ആരംഭിച്ചത്. പക്ഷേ അത് വളരെ കാര്യമായിട്ട് തുടർന്നുകൊണ്ടുപോകാൻ സാധിച്ചില്ലായെ ന്നാണ് എന്റെ വിശ്വാസം. റബ്ബർ ടെക്നോളജിയ്ക്ക് അവിടെ കോഴ് സുണ്ടെങ്കിലും റബ്ബർ സംബന്ധമായ ഗവേഷണം നടക്കുന്നില്ല. റബ്ബർ സംബന്ധമായ ഗവേഷണം നടക്കാത്തതുകൊണ്ട് റബ്ബർ വ്യവസായത്തിന്റെ പ്രോസസ്സിംഗിൽ മാറ്റം ഉണ്ടാകുന്നതിനുവേണ്ടി സാങ്കേതികമായ കൂടുതൽ പരിജ്ഞാനം അവിടെ നിന്നും നേടുവാൻ കഴിയുന്നില്ല.

സർ, ഈ ബില്ലിൽ പറയുന്നത് ഉന്നത പഠനവും അതോടൊപ്പം ഗവേഷ ണവും, എന്നാണ്. ഞാൻ സൂചിപ്പിക്കുന്നത് തേയില വ്യവസായത്തിൽ മാറ്റം ഉണ്ടാകണമെങ്കിൽ തേയില വ്യവസായത്തിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തി പുതിയ പുതിയ ക്വാളിറ്റി തേയില ഉൽപ്പാദിപ്പിക്കുവാനുള്ള സാങ്കേ തിക വിദ്യയുണ്ടാകണം. ഇന്ന് ഫിലിപ്പൈൻസിൽ നാളികേരത്തിൽനിന്നും 70 ഇനം സാധനങ്ങൾ ഉണ്ടാക്കുന്നുണ്ട്; കമ്പോളത്തിൽ വിറ്റഴിക്കുന്നതിന് വേണ്ടിയിട്ട്. മാനില യൂണിവേഴ്സിറ്റിയിൽ ഇതിനുവേണ്ടി പ്രത്യേക പഠനവും ഗവേഷണവും ഉണ്ട്. കോഫി ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പി ക്കുന്ന രാഷ്ട്രം ബ്രസീൽ ആണ്, കോഫിയിൽനിന്നും കഫീൻ, ഫാൻഷ്യാ എന്നിങ്ങനെ ഏഴിലധികം സാധനങ്ങൾ അവർ ഉൽപ്പാദിപ്പിക്കുന്നുണ്ട്. സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഗവേഷണവും പരിശീലനവും ആണ് ഇതിന് കാരണം. അതുകൊണ്ട് നമ്മുടെ യൂണിവേഴ്സിറ്റി ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയായി മാറ്റുന്നതോടൊപ്പം വിദേശരാജ്യങ്ങളിലെ സർവ്വകലാശാലകളിൽനിന്നും സാങ്കേതിക വിദഗ്ധൻമാരെ ഇവിടെ കൊണ്ടു വന്ന് അവരെക്കൊണ്ട് പഠിപ്പിക്കണം; ഗവേഷണം നടത്തിക്കണം. അങ്ങനെ അടിസ്ഥാനപരമായ മാറ്റം നമ്മുടെ രാജ്യത്തു ഉണ്ടായെങ്കിൽമാത്രമേ ഇവി ടത്തെ തൊഴിലില്ലാത്ത യുവാക്കൻമാർക്ക് പുതിയ തൊഴിലവസരങ്ങൾ ഉണ്ടാ വുകയുള്ളൂ എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ്. രാവിലെ എഴുന്നേറ്റാൽ ബി. എ. പാസ്സായ ഒരു ചെറുപ്പക്കാരനെ കണി കാണിക്കാൻ സാധിക്കും. അവന്റെആഗ്രഹം തൊഴിലാണ്. അയാൾക്കൊരു തൊഴിലുണ്ടാക്കിക്കൊടുക്കാൻ നമുക്കാർക്കും സാധിക്കുന്ന കാര്യമല്ല.

സർ, ഇന്ന് ഏലത്തിന്റെ സ്ഥിതിയെന്താണ്? നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിൽനിന്നുള്ള ഏലം അറബി നാടുകളിലെ സുഗന്ധറാണിയായിരുന്നു. ആ സുഗന്ധറാണി പുറംരാജ്യങ്ങളിൽ ഇന്ന് അപമാനിക്കപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഏലം ഒരു കാലത്തു വനോൽപ്പന്നം ആയിരുന്നു. അത് പിന്നീട് വ്യവസായിക ഉൽപ്പന്നമായി മാറി. വ്യാവസായിക ഉല്പന്നം എന്ന നിലയിൽ അതിനെ സംസ്ക്കരിച്ച് അതിനുവേണ്ട രീതിയിൽ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രോസസ് ചെയ്തു കമ്പോളത്തിൽ എത്തിക്കുന്നതിനു നമുക്കു കഴിയാതെ വന്നു. ഇന്നതിന് മറ്റ് രാജ്യങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഏലവുമായി മൽസരിക്കുന്നതിന് കഴിയുന്നില്ല. ഏലം പ്രോസസ് ചെയ്തു എത്ര ഇനങ്ങളാക്കി മാറ്റാനും കഴിയും. അതിനുള്ള സാങ്കേതിക പരിജ്ഞാനം എവിടെ നിന്നും സമ്പാദിക്കും.? അതിനുവേണ്ടിയുള്ള സാങ്കേതിക പരിജ്ഞാനം ഉണ്ടാകത്തക്കനിലയിൽ യൂണിവേഴ്സിറ്റിയിൽ മാറ്റം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. കേവലം കടലാസിൽ എഴുതിവയ്ക്കുകയും അതു നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന ഒരു നടപടിയിലേക്ക് പോകാതിരിക്കണം. അതിനു വേണ്ടി നമ്മുടെ സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനം കിട്ടത്തക്കനിലയിൽ വിദേശരാഷ്ട്രങ്ങളിൽനിന്നും അതിന് വിദഗ്ദ്ധരായവരെകൊണ്ടുവന്ന് ഈ യൂണിവേഴ്സിറ്റിയിൽ ഗവേഷണവും പഠനവും നടത്തണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : 1971-ൽ നമ്മുടെ നിയമസഭ പാസ്സാക്കിയ ഒരു നിയമം അനുസരിച്ച് കൊച്ചി സർവ്വകലാശാല അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഓർഡിനൻസ് വഴി അതിന്റെ രൂപവും ഘടനയും മാറുന്നത്. ആ സർവ്വകലാശാല രൂപീകരിക്കുന്നതു സംബന്ധിച്ച് ഈ നിയമസഭയിൽ നടന്ന ചർച്ചകൾ പരിശോധിച്ചു നോക്കിയാൽ മനസ്സിലാകും. ഇന്ന് ഭരണകക്ഷിയുമായി ബന്ധപ്പെട്ടിരിക്കുന്ന പല പ്രമുഖൻമാരും പ്രത്യേകിച്ച് വിദ്യാഭ്യാസമന്ത്രിയുടെ പാർട്ടിയുടെ അന്നത്തെ നേതാക്കൻമാർ ഉൾപ്പടെയുള്ള ആളുകൾ നിർബന്ധമായിട്ടും ആവശ്യപ്പെട്ടതിന്റെ ഫലമായിട്ട് സമഗ്രമായ പഠനത്തിനുവേണ്ടി ആ ബിൽ സെലക്ട് കമ്മറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി അന്നത്തെ വിദ്യാഭ്യാസമന്ത്രി ശ്രീമാൻ സി. എച്ച്. മുഹമ്മദ്കോയ അംഗീകരിച്ച് ഒരു സെലക്ട് കമ്മറ്റിയുടെ സമഗ്രമായ പരിഗണനയ്ക്കുശേഷം പാസ്സാക്കിയെടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സർവ്വകലാശാലയായിരുന്നു കൊച്ചിൻ സർവ്വകലാശാല. ആ സർവ്വകലാശാലയുടെ ഘടന മാറ്റുന്നതു സംബന്ധിച്ച് ഒരു പുതിയ നിയമം ഉണ്ടാക്കണമെന്ന് നമ്മുടെ ബഹുമാന്യനായ മന്ത്രിക്ക് തോന്നുമ്പോൾ അത്തരം ഒരു സമഗ്രമായ പരിശോധനയ്ക്ക് ഇടയാക്കി രൂപപ്പെടുത്തിയ ഒരു ആക്ട് ആക്കുന്നതിന് പകരം ഒരു ഓർഡിനൻസിലൂടെതന്നെ ഭേദഗതി ചെയ്തു ഒരു പുതിയ സംവിധാനം ഉണ്ടാക്കാൻ ശ്രമിച്ചത് സാഹസമായിപ്പോയി എന്നാണ് എനിക്ക് ആദ്യമേതന്നെ പറയാനുള്ളത്. അതുകൊണ്ടാണ് ഞാനി ഭേദഗതി അവതരിപ്പിച്ചത്. കൊച്ചിൻ സർവ്വകലാശാലാനിയമം പാസ്സാക്കിയെടുക്കാൻ അന്നത്തെ വിദ്യാഭ്യാസമന്ത്രി ശ്രമിച്ച സന്ദർഭത്തിൽ സഭയിൽ പൊതുവായി ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സെലക്ട് കമ്മിറ്റിക്ക് വിടാൻ അദ്ദേഹം സമ്മതിക്കുകയും അങ്ങനെ ഒരു സെലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷം രൂപപ്പെടുത്തിയ ബിൽ, ആ ആക്ട് മാറ്റി മറിച്ച് അതിന്റെ രൂപവും ഭാവവും മാറ്റിയെഴുതിയപ്പോൾ തീർച്ചയായും കൂടുതൽ സമഗ്രമായ പരിശോധനയുണ്ടാകണമെന്നുള്ളതുകൊണ്ടും മറ്റ് സബ്ജക്ട് കമ്മിറ്റിയിലോ മറ്റ് ഏതെങ്കിലും തലത്തിലോ ഇത്തരം വിവരങ്ങൾ ശേഖരിക്കാനും പരിശോധിക്കാനും സന്ദർഭം കിട്ടില്ല എന്നുള്ളതുകൊണ്ടും ഒരു സെലക്ട് കമ്മിറ്റിയുടെ പരിശോധന കൂടാതെ ഇത് പാസ്സാക്കിയെടുക്കുന്നത് വലിയ പ്രയാസമായിരിക്കും എന്ന് ഞാൻ ആദ്യമേ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുത്തുകയാണ്. ഇത് സർ, ഇത്ര ധൃതി പിടിച്ച് പാസാക്കേണ്ട അത്യാവശ്യം എന്തായിരുന്നുവെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കൊച്ചിൻ സർവ്വകലാശാല ഒരു ഫെഡറൽ യൂണിവേഴ്സിറ്റിയായിരുന്നു. എന്നാൽ ഇപ്പോൾ അത് ഒരു യൂണിറ്ററി സർവ്വകലാശാലയായി മാറുകയാണ് അത് ആകെ പരിശോധിച്ചുനോക്കിയാൽ അതിന്റെ ഘടനമുഴുവൻ ഒരു ഇൻസ്റ്റിട്യൂട്ടിന്റേതും അതിന്റെ മുഖം ഒരു സർവ്വകലാശാലയുടേതുമാണ്. ഒരു വിചിത്രജീവിയാണിത്. ഉടലാകെ ഒരു ഇൻസ്റ്റിറ്റ്യൂട്ടിന്റേതും മുഖം മാത്രം ഒരു സർവ്വകലാശാലയുടേതും

അങ്ങനെ വിദ്യാഭ്യാസരംഗത്തു ഒരു വികൃതജന്തുവിനെ അവതരിപ്പിക്കേണ്ട ഒരു ഗതികേട്, അതിന്റെ ബാദ്ധ്യത നമ്മുടെ വിദ്യാഭ്യാസമന്ത്രി എടുക്കരുത് എന്നാണ് എന്റെ അഭിപ്രായം.

ഈ അവസരത്തിൽ ഒരു കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഇതിനുമുമ്പ് നടന്ന ചർച്ചകളിൽ ശാസ്ത്ര സാങ്കേതിക രംഗത്തെ ഉപരിപഠനത്തിനുവേണ്ടി കൊച്ചിൻസർവ്വകലാശാലയെ ഒരു ശാസ്ത്ര സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ടാക്കി ഭേദഗതി ചെയ്യണമെന്ന നിർദ്ദേശം ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്നുതന്നെ ഉണ്ടായിട്ടുണ്ട്. അത്തരമൊരഭിപ്രായം വന്നതിനെത്തുടർന്ന് അതിനെതിരായി ശക്തമായ അഭിപ്രായങ്ങളും ഈ നിയമസഭയിൽ ഉണ്ടാവുകയും യാതൊരു കാരണവശാലും ഒരു സർവ്വകലാശാലയായി പ്രവർത്തിക്കുന്ന കൊച്ചിൻ സർവ്വകലാശാലയെ ഒരു ഇൻസ്റ്റിറ്റ്യൂട്ടാക്കി പരിമിതപ്പെടുത്തരുതെന്ന അഭിപ്രായം ഉയർന്നുവരികയുമുണ്ടായിട്ടുണ്ട്. അതിനെത്തുടർന്ന് അദ്ദേഹത്തിന്റെ ഔദാര്യം കൊണ്ട് അദ്ദേഹം സ്ഥാപിക്കാൻ ശ്രമിച്ച ഈ ഇൻസ്റ്റിറ്റ്യൂട്ടിന് ഇപ്പോൾ സർവ്വകലാശാലയെന്ന പേരു നൽകിയിരിക്കുകയാണ് ചെയ്തിരിക്കുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെ പേരിൽമാത്രമായി ഒരു സർവ്വകലാശാല നിലനിൽക്കുന്നതിൽ യാതൊരർത്ഥവുമില്ല സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്ത് അംഗീകരിക്കപ്പെട്ടിട്ടുള്ള ചില സങ്കൽപ്പങ്ങളുണ്ട്. അതിന്റെ ഘടനയും സ്വഭാവവുമൊക്കെ നമുക്കറിയാവുന്നതാണ്. എല്ലാ സർവ്വകലാശാലകളിലും ആ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട ജനങ്ങളുടെ, അവിടെ പഠിക്കുന്ന വിദ്യാർത്ഥിനികളുടെ അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ, വിജ്ഞാന-സാങ്കേതിക വിദഗ്ദ്ധൻമാരുടെ ഒക്കെ പ്രതിനിധികം കാണും. ജനങ്ങളുടെ അല്ലെങ്കിൽ അവരുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളുടെയും പ്രാതിനിധ്യമുള്ള സഭയുടെ അഭിപ്രായമനുസരിച്ച് നടക്കുന്ന ഒരു വിദ്യാഭ്യാസ മേൽസ്ഥാപനമെന്ന നിലയിലാണ് സാധാരണ യൂണിവേഴ്സിറ്റിക്കം പ്രവർത്തിച്ചുവരുന്നത്. ആ യൂണിവേഴ്സിറ്റിയുടെ സ്ഥാനത്ത് ഒരു ഇൻസ്റ്റിറ്റ്യൂട്ടുണ്ടാക്കുകയെന്നുള്ളത് മനസ്സിൽ വച്ചുകൊണ്ട് യൂണിവേഴ്സിറ്റിക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പർപ്പസ് സെർവ്വ് ചെയ്യാൻ വേണ്ടി ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കാൻ ശ്രമിച്ചതിന്റെ ഗതികേടാണ് ഇപ്പോൾ കാണുന്നത്. ഇതാകെയൊന്നു പരിശോധിച്ചുനോക്കിയാൽ ഒരു ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടറും കീഴുദ്യോഗസ്ഥൻമാരും കൂടിചേർന്നു നിയന്ത്രിക്കുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ടുപ്പോലെയാണ് ഈ യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസലറും അതിന്റെ കീഴിലുള്ള ആളുകളും, അതിന്റെ ഘടനയും സ്വഭാവവുമെല്ലാം. അങ്ങനെയുള്ള ഒരു ഘടനയുണ്ടാക്കിയതിന്റെ ഔചിത്യം വാസ്തവത്തിൽ നമുക്ക് മനസ്സിലാകുന്നില്ല ഈ ബില്ല് ആകെയൊന്നു പരിശോധിച്ചുനോക്കിയാൽ, ഇപ്പോൾ കൊച്ചിൻ യൂണിവേഴ്

LIBRARY ARCHIVES Kerala Legislative Assembly

സിറ്റിയുടെ വൈസ് ചാൻസലറായിരിക്കുന്ന ആളാണോ ഈ ബില്ല് ഡ്രാഫ്റ്റ് ചെയ്തതെന്നു പോലും സംശയം തോന്നുന്നു. കാർണം, അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ചാണോ ഇത് ഡ്രാഫ്റ്റ് ചെയ്തതെന്നു തോന്നും. ഇതൊരു ശാസ്ത്ര സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ടായാൽ മാത്രമേ കേന്ദ്രഗവൺമെന്റിൽ നിന്നും യു. ജി. സി. യിൽനിന്നുമൊക്കെ ഈ ഇൻസ്റ്റിറ്റ്യൂട്ടിനാവശ്യമായ സാമ്പത്തികസഹായം ലഭിക്കുകയുള്ളൂ. അതുകൊണ്ട് ഇതൊരു ശാസ്ത്ര സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ടാക്കണമെന്നുമായിരുന്നു അന്നത്തെ വാദഗതി. ഇപ്പോഴും ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശപ്രകാരമായിരിക്കുമെന്നു തോന്നുന്നു. അന്നത്തെ ഘടനയ്ക്ക് ഇണ്ണ് കൊച്ചിൻ യൂണിവേഴ്സിറ്റിയെന്നു പേരുകൊടുത്ത് ചായം പൂശാൻ ശ്രമിക്കുകയാണ്. ഇതു പോരെന്നാണ് ഞാൻ പറയുന്നത്. ഈ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടറെ പോലെ സർവ്വ അധികാരങ്ങളും യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർക്ക് കൊടുക്കുന്ന ഒരു സംവിധാനത്തെ നമ്മുടെ ജനാധിപത്യയുഗത്തിൽ അംഗീകരിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഇവിടെ സഭയിൽ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളും പരിശോധിച്ചാൽ, ഇതൊരു ജനകീയ സ്ഥാപനമായി, ഈ യൂണിവേഴ്സിറ്റിയുടെ സ്വഭാവം നിലനിറത്തിക്കൊണ്ടുതന്നെ, സെനറ്റും സിൻഡിക്കേറ്റും അതിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുമൊക്കെ ഉൾപ്പെട്ട, നിലവിലുള്ള മറ്റു യൂണിവേഴ്സിറ്റികളുടെ സംവിധാനം തന്നെ തുടരണമെന്നുള്ളതാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമൊക്കെയുള്ള പല മെമ്പർമാരും ഈ അഭിപ്രായക്കാർ തന്നെയാണ്. ശ്രീ. എം. എം. ഹസ്സനും ശ്രീ. ബെന്നി ബെഹനാനും ശ്രീ. കെ. സി. ജോസഫും ശ്രീ. തോമസ്സുമൊക്കെ ഈ അഭിപ്രായം തന്നെയാണ് പറഞ്ഞത്. അങ്ങനെയാണെങ്കിൽ ഭരണപക്ഷത്തുള്ള ഇതുവരെ സംസാരിച്ച ആളുകളൊക്കെ ഇത്. യൂണിവേഴ്സിറ്റിയുടെ സ്വഭാവത്തോടുകൂടിത്തന്നെ, കേരള യൂണിവേഴ്സിറ്റിയിലും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും ഗാന്ധിജി യൂണിവേഴ്സിറ്റിയിലും ഉള്ളതുപോലെ തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും സെനറ്റും സിൻഡിക്കേറ്റും അതിന്റെ നിയന്ത്രണങ്ങളും നേതൃത്വവും ഒക്കെ ഉണ്ടാകണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലെങ്കിലും, ബഹുമാനപ്പെട്ട മന്ത്രി ഇതൊരു സാധാരണമട്ടിൽ ഒരു സെനറ്റും അതിന്റെ സംവിധാനവുമൊക്കെയുള്ള ഒരു പൂർണ്ണ യൂണിവേഴ്സിറ്റിയായി തുടരുവാൻ അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതുകൊണ്ടാണ് ഇത് സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നു പറയുന്നത്. മാറ്റു ചില പ്രധാനപ്പെട്ട സംഗതികൾകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

നേരത്തെ ശ്രീ. പത്മനാഭൻ സൂചിപ്പിച്ചതുപോലെ ഇതിന്റെ ഏഴാംവകുപ്പിൽ പറഞ്ഞിരിക്കുന്നത്, സർവ്വകലാശാലയിൽ എല്ലാ മതവിശ്വാസികൾക്കും പ്രവേശനം നൽകുമെന്നാണ്. മതം, വർഗ്ഗം, ജാതി, വംശം, ജനനസ്ഥലം ഇവയൊന്നും അവിടെ പ്രവേശനം ലഭിക്കുന്നതിന് തടസ്സമായിക്കൂടെന്നാണ്. തടസ്സമാകണമെന്ന അഭിപ്രായം എനിക്കുമില്ല. പക്ഷേ ഈ രാജ്യത്തെ തലമുറകളായി അവഗണിക്കപ്പെട്ടു കിടക്കുന്ന മറ്റുള്ളവരോടൊപ്പമെത്താൻ കഴിയാത്ത ഹരിജനങ്ങൾക്കും പിന്നോക്കവിഭാഗത്തിൽപ്പെട്ട ആളുകൾക്കും അവിടെ പ്രവേശനം ലഭിക്കുന്നതിന്, അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിന് ഉതകുന്ന ഭേദഗതി ഇതിനകത്തുണ്ടാകണം. അങ്ങനെയല്ലെങ്കിൽ മറ്റു പല കാരണങ്ങൾകൊണ്ട്, രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങൾകൊണ്ട് ഉന്നതമായ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് വളർന്നിട്ടുള്ള വിഭാഗങ്ങൾക്ക് മാത്രമായി ഈ യൂണിവേഴ്സിറ്റിയിലെ പ്രവേശനം പരിമിതപ്പെടുത്തുന്ന ഒരു ഫലമുണ്ടാകും, അത് ഈ രാജ്യത്ത് ഭൂരിപക്ഷം വരുന്ന, നികുതി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന ആളുകളുടെ താൽപ്പര്യത്തെ ദോഷകരമായി ബാധിക്കുന്ന ഒരു നിയമമായിരിക്കും അത് ജനാധിപത്യത്തിനും അത് ദോഷകരമാകും.

അതുപോലെ ഇതിൽ ആളുകളെ നിയമിക്കുന്ന ചട്ടങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ രാജ്യത്ത് നിലവിലുള്ള, ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള സംവരണതത്വം നിയമനങ്ങളിൽ പാലിക്കുന്നതാണെന്ന് എന്തുകൊണ്ട് പറഞ്ഞുകൂടാ? അത് വ്യക്തമാക്കണം. പിന്നീട് വരുന്നവർക്ക് ഇഷ്ടംപോലെ കൈകാര്യം ചെയ്യാൻവേണ്ടി വിട്ടുകൊടുക്കുന്നത് ശരിയല്ല. വൈസ് ചാൻസലറെ നിയമിക്കുന്നതിന് ഒരു പാനലുണ്ട്. ആ പാനൽ പരിശോധിച്ചിട്ട് മൂന്നുപേരുടെ പേര് നിർദ്ദേശിക്കും ആ പേരിൽനിന്ന് ഇഷ്ടമുള്ള ആളിനെ ചാൻസലറായി നിയമിക്കുമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ബില്ലിൻെറ ചർച്ചാവേളയിൽ പങ്കെടുത്തുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പാർട്ടിയുടെ പ്രസിഡൻറായ ശ്രീ. പി. ജെ. ജോസഫ് നടത്തിയ പ്രസംഗം ഞാൻ ഇന്നലെ വായിക്കുകയുണ്ടായി. ആക്ടിൽ പറഞ്ഞിരിക്കുന്നത്. മൂന്നുപേരടങ്ങിയ ഒരു പാനൽ ഏകകണ്ഠമായി ഒരു പേര് നിർദ്ദേശിക്കുകയാണെങ്കിൽ ആ പേര് അംഗീകരിച്ച് വൈസ് ചാൻസലർ നിയമിക്കണമെന്നും ഏകകണ്ഠമല്ലാത്ത നിർദ്ദേശമാണെങ്കിൽമാത്രം, വൈസ് ചാൻസലർക്ക് ഇഷ്ടമുള്ള ഒരാളെ അതിൽനിന്ന് നിയമിക്കാമെന്നുമാണ്. അതുപോലും, ജനാധിപത്യവിരുദ്ധമാണെന്നും ശുപാർശ ചെയ്യാനുള്ള പാനൽ ഒരാളെമാത്രം നിർദ്ദേശിക്കുകയും ആ ആളിനെ അംഗീകരിക്കുകയും വേണമെന്ന് വാദിച്ച പാർട്ടിയുടെ ഇന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി മൂന്നുപേര് ഒരുമിച്ച്കൊടുത്താലും അതിൽ നിന്ന് ഇഷ്ടംപോലെ ഒരാളെ നിയമിക്കുകയുള്ളൂ എന്ന ഭേദഗതി കൊണ്ടുവന്നത് ഒരിക്കലും ശരിയല്ല. അതുപോലെ പ്രൊ-വൈസ് ചാൻസലറുടെ നിയമനത്തെ സംബന്ധിച്ചിടത്തോളം ചാൻസലർക്ക് ഇഷ്ടമുള്ള ആളിനെ നിയമിക്കാം. ഈ നിയമത്തിൻെറ പ്രത്യേകതയാണ്. വേണമെങ്കിൽ നിയമിക്കാം. നിയമിച്ചാൻ അദ്ദേഹവും കൂടി ചേർന്നതാണ് സർവ്വകലാശാലയെന്നു പറയുന്നത്. വേണമെങ്കിൽ നിയമിക്കുമെന്നു പറയുമ്പോഴും തന്നെ 11-ാം സെക്ഷനിലെ പതിമൂന്നാം ഉപവകുപ്പിൽ പറയുന്നത്, വൈസ് ചാൻസലറുടെ ഔദ്യോഗികസ്ഥാനത്ത് ഒരു താൽക്കാലിക ഒഴിവ് വരികയാണെങ്കിൽ പ്രൊ-വൈസ് ചാൻസലർ, വൈസ് ചാൻസലറുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതാണ് എന്നാണ് വേണമെങ്കിൽ നിയമിക്കാമെന്നു പറയുകയും നിയമിക്കാതിരിക്കുകയും ചെയ്യുന്ന ഒരു ഘട്ടമുണ്ടെങ്കിൽ വൈസ്ചാൻസലറുടെ ഒഴിവിൽ എങ്ങനെയാണ് പ്രൊ-വൈസ് ചാൻസലർ, വൈസ് ചാൻസലറുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നത് എന്ന് മനസ്സിലാകുന്നില്ല. അതിനെക്കുറിച്ച് ഗവൺമെൻറിന് വ്യക്തമായ ധാരണയുണ്ടെങ്കിൽ, പ്രൊ-വൈസ്ചാൻസർ വേണമെന്നുണ്ടെങ്കിൽ അങ്ങനെ നിയമിക്കുന്നതാണെന്ന് പറയുന്നതല്ലേ കുറേക്കൂടി ഭേദം?

അതുപോലെ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ മുൻ ആക്ട് പരിശോധിച്ചാൽ, രജിസ്ട്രാറെയും ഫിനാൻസ് ഓഫീസറെയുമൊക്കെ നിയമപ്രകാരമാണ് നിയമിക്കുന്നത്. അവരെ നിയമിക്കുന്നതിനുള്ള അധികാരം സിൻഡിക്കേറ്റിനും സെനറ്റിനും തന്നെയാണ്. എന്നാൽ ഇപ്പോൾ രജിസ്ട്രാറായി രണ്ടുപേരെ സിൻഡിക്കേറ്റ് ശുപാർശ ചെയ്യണമെന്നും അതിൽനിന്ന് ഒരാളെ ഗവൺമെൻറ് നിയമിക്കുമെന്നുമാണ് പറയുന്നത്. ഫിനാൻസ് ഓഫീസറുടെ കാര്യത്തിലും ഇതുപോലെ ശുപാർശ ചെയ്യുന്ന ആളിൽനിന്ന് ഇഷ്ടമുള്ള ഒരാളെ ഗവൺമെൻറ് നിയമിക്കുമെന്നാണ് പറയുന്നത്.

സർ, അപ്പോൾ വൈസ്ചാൻസലറെ നിയമിക്കുന്നത് സർക്കാർ, പ്രൊ വൈസ്ചാൻസലറെ നിയമിക്കുന്നത് സർക്കാർ, രജിസ്ട്രാറെ നിയമിക്കുന്നത് സർക്കാർ ഫൈനാൻസ് ആഫീസറെ, നിയമിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

1.00 p. m സർക്കാർ—1 ഇങ്ങനെയുള്ള എല്ലാ ഉദ്യോഗസ്ഥൻമാരെയും സർക്കാർ നിയമിക്കുന്നു., സർവ്വകലാശാലയുടെ ഘടനയിൽ, നിയമത്തിൽനിന്നും വ്യത്യസ്തമായിട്ട് സെനറ്റ് ഉപേക്ഷിച്ചിരിക്കുന്നു- എന്തുകൊണ്ടാണ് സെനറ്റിനെ ഉപേക്ഷിച്ചത് ? സെനറ്റ് ഉണ്ടായാലുള്ള അപകടത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. സിൻഡിക്കേറ്റിനകത്തുള്ള രേഖകളിലേക്ക് വന്നാൽ.....അവ ഓരോന്നും ഞാൻ വായിക്കുന്നില്ല. സിൻഡിക്കേറ്റിലെ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ആൾ, പ്രോ വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ആൾ, വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ആൾ—അങ്ങനെ നാമനിർദ്ദേശമില്ലാതെ ഒരാളും സിൻഡിക്കേറ്റിനകത്ത് വരികയില്ല. ഗവൺമെൻറ് നാമനിർദ്ദേശം ചെയ്യുന്ന ആളുകൾമാത്രം ഉള്ള ഒരു സിൻഡിക്കേറ്റാണ് ഇവിടെയുള്ളത്. ആ സിൻഡിക്കേറ്റുപോലെതന്നെ അക്കാഡമിക് കൗൺസിലിൽ ഗവൺമെൻറ് മാത്രം നോമിനേറ്റ് ചെയ്യുന്ന, വൈസ് ചാൻസലർ നോമിനേറ്റ് ചെയ്യുന്ന ആളുകളാണ് ഉള്ളത്. ചുരുക്കിപ്പറഞ്ഞാൽ നാമനിർദ്ദേശം ചെയ്യുന്ന ആളുകൾ മാത്രം അടങ്ങുന്ന ഒരു സമിതിയുടെ ഇഷ്ടം അനുസരിച്ച്, കാര്യങ്ങൾ നടത്താൻ അനുവദിക്കുന്ന ഫ്ളർപ്പാട് അംഗീകരിക്കുവാൻ പാടില്ല. അതുകൊണ്ട് എന്റെ നിർദ്ദേശം, കൊച്ചിൻ സർവ്വകലാശാലയിൽതന്നെ സെനറ്റിൽ ജനങ്ങൾക്ക് പ്രാതിനിധ്യമുള്ള ഒട്ടനവധി പാർട്ടികൾക്ക് പ്രാതിനിധ്യം കൊടുത്തിരുന്നു. അക്കാഡമിക് കൗൺസിലിന്റെ പ്രതിനിധികൾ ഉണ്ടായിരുന്നു. രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ പ്രതിനിധികൾ ഉണ്ടായിരുന്നു സ്റ്റുഡൻറ്സിന്റെ പ്രതിനിധികളുണ്ടായിരുന്നു, അദ്ധ്യാപകരുടെ പ്രതിനിധികളുണ്ടായിരുന്നു, സ്റ്റാഫിന്റെ പ്രതിനിധികളുണ്ടായിരുന്നു. പഞ്ചായത്തിന്റെ പ്രതിനിധികളുണ്ടായിരുന്നു, മുൻസിപ്പാലിറ്റിയുടെ പ്രതിനിധികളുണ്ടായിരുന്നു. അങ്ങനെ ഈ രാജ്യത്തെ വിവിധ വിഭാഗങ്ങളുടെ അഭിപ്രായമനുസരിച്ച് നടക്കുന്ന ഒരു സ്ഥാപനമാക്കണം എന്ന കാര്യത്തിൽ നിർബന്ധമുണ്ടായിരുന്നു. എന്നാൽ അത്തരത്തിലുള്ള എല്ലാ വിഭാഗത്തെയും ഒഴിവാക്കികൊണ്ട് ഒരു കൂട്ടം ഉദ്യോഗസ്ഥൻമാരെ, ബ്യൂറോക്രാറ്റുകളെ, സമൂഹത്തിന്റെ തലപ്പത്തു കയറിയിരിക്കാൻ അനുവദിക്കുന്ന സർവ്വകലാശാലാ നിയമം ആണ് ഇത്. ഈ രാജ്യത്ത് കഴിഞ്ഞ ഒരു യുഗമായി നിലനിൽക്കുന്നു. ജനങ്ങളുടെ ഇടയിൽ, വിദ്യാഭ്യാസത്തിൽ ജനങ്ങൾക്ക് ഉള്ള അഭിപ്രായങ്ങൾ പ്രതിഫലിപ്പിക്കുന്ന സമ്പ്രദായത്തിൽനിന്ന് ഈദി-അമീന്റെ സേച്ഛാധിപത്യത്തിലേക്ക് ഈ രാജ്യത്തെ കൊണ്ടുപോകാൻ പാടില്ല. അതുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുക എന്ന ആവശ്യം വളരെ വർഷങ്ങളായി ഉയർന്നുവന്നിട്ടുള്ള സംഗതിയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 1971-ൽ കൊച്ചിൻ യൂണിവേഴ്സിറ്റി നിലവിൽ വന്നു. അന്നത്തെ കൊച്ചിൻ യൂണിവേഴ്സിറ്റി ആക്ടിന്റെ പ്രിയാമ്പിളിൽ പറഞ്ഞിരിക്കുന്നത്,

Whereas it is expedient to establish the University of a federal type at Cochin for the development of higher education with particular emphasis on post-graduate studies and research in applied science, technology, industry and commerce. അങ്ങനെ ഒരു യൂണിവേഴ്സിറ്റി

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സ്ഥാപിച്ചശേഷം നമ്മുടെ കേരളത്തിൽ കുറച്ചുകൂടി വിപുലമായ രൂപത്തിൽ ശാസ്ത്ര സാങ്കേതിക വിഷയങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

മായ സംവിധാനത്തിൽ രൂപം കൊള്ളണമെന്ന ആവശ്യം ഉയർന്നുവന്നു. അതിനെത്തുടർന്നാണ് പ്ലാനിംഗ് ബോർഡുതന്നെ ഈ കാര്യത്തെക്കുറിച്ച് പഠനം നടത്തിയശേഷം ഒരു റിപ്പോർട്ട് സമർപ്പിച്ചത്. കൊച്ചിൻ യൂണിവേഴ്സിറ്റിതന്നെ മുൻകൈയെടുത്ത് വൈസ്ചാൻസലർ മുനീന്ദ്രമോഹൻ ചക്രവർത്തിയെ കമ്മീഷനായി വച്ചുകൊണ്ട് പഠനം നടത്തുകയുണ്ടായി. അവരുടെ റിപ്പോർട്ട് കിട്ടിയശേഷം ഗവൺമെന്റ് തന്നെ ശ്രീ. വി. ആർ. പിള്ളയുടെ പ്ലാനിംഗ് ബോർഡിൽ വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്ന ആളാണ്-നേതൃത്വത്തിൽ മറ്റൊരു സമിതി രൂപീകരിക്കുകയുണ്ടായി. അവരുടെ ശുപാർശകൂടി കണക്കിലെടുത്തുകൊണ്ടാണ് ഇപ്പോഴത്തെ യൂണിവേഴ്സിറ്റി നിയമം കൊണ്ടുവന്നിരിക്കുന്നത്. ഈ യൂണിവേഴ്സിറ്റി നിയമത്തിന്റെ ലക്ഷ്യങ്ങളിൽ ഇതിന്റെ ഉദ്ദേശങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഇതിൽ ആദ്യത്തേതിൽനിന്ന് കുറെയേറെ വ്യത്യാസങ്ങളും വരുത്തിയിട്ടുണ്ട്.

വിജ്ഞാന പുരോഗതിക്കും സാമൂഹ്യനൻമയ്ക്കുംവേണ്ടി പ്രയുക്തശാസ്ത്രത്തിലും വ്യവസായത്തിലും മാനേജുമെൻറിലും ഗവേഷണം നടത്തുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക, ബോധനം, പരിശീലനം, ഗവേഷണം, വിശദീകരണം, വിപുലീകരണം എന്നിവ മുഖേനയും സർവ്വകലാശാലയ്ക്ക് യുക്തമെന്നു തോന്നുന്ന മറ്റു മാർഗ്ഗങ്ങളും മുഖേനയും പ്രയുക്തശാസ്ത്രം, സാങ്കേതിക ശാസ്ത്രം, വ്യവസായം, മാനേജുമെൻറ് എന്നിവയിൽ ബിരുദാനന്തര വിദ്യാഭ്യാസത്തിന് സൗകര്യങ്ങളും ഏർപ്പെടുത്തുകയും അവസരങ്ങളും ലഭ്യമാക്കുകയും ചെയ്യുക ;

സമൂഹത്തിന്റെ മാറിവരുന്ന ആവശ്യങ്ങൾക്കനുസൃതമായി വൈവിധ്യമേറിയതും അഗാധവുമായ വിശേഷ ജ്ഞാന സമ്പാദനത്തിന് ഊന്നൽ കൊടുത്തുകൊണ്ട് പ്രയുക്ത ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, വ്യവസായം, മാനേജുമെൻറ് എന്നിവയിൽ വിദ്യാഭ്യാസ പരിപാടികളും ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക ;

പണ്ഡിത ഗവേഷണ വിഭാഗവും വ്യാവസായിക വിഭാഗവും തമ്മിൽ സഹകരണവും ആശയവിനിമയവും പരിപോഷിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രമായി പ്രവർത്തിപ്പിക്കുക ;

അതുപോലെതന്നെ, അദ്ധ്യാപനത്തിലും ഗവേഷണത്തിലും ഉള്ള പ്രസക്തമായ ആധുനിക വികസന പരിണാമങ്ങൾക്ക് ഒപ്പം എത്തുന്നതിന് ഇൻഡ്യയിലെയും വിദേശത്തുമുള്ള പ്രസിദ്ധമായ സ്ഥാപനങ്ങളുമായി വിനിമയ പരിപാടികളും സംഘടിപ്പിക്കുക ഈ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളും തന്നെ ഈ ആശയങ്ങളോട് പൂർണ്ണമായും യോജിക്കുന്നുണ്ടെന്നാണ് എനിക്കു തോന്നുന്നത്. ഈ ബില്ല് ഇവിടെ ഓർഡിനൻസായി കൊണ്ടുവരുന്നതിന് ഉണ്ടായ സാഹചര്യങ്ങളും ഞാൻ ഇന്നലെത്തന്നെ വിശദീകരിച്ചു. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട കാര്യങ്ങളിൽ ചിലതിനെക്കുറിച്ച് പരാമർശിക്കുന്നത് നന്നായിരിക്കുമെന്നുള്ളതുകൊണ്ട് അവയെക്കുറിച്ച് ഞാൻ ചുരുക്കിപ്പറയാം. അതിനുമുമ്പ് ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതു ആവശ്യമാണെന്നു തോന്നുന്നു. ഇവിടെ പൊതുവേ യൂണിവഴ്സിറ്റികളുടെ ഭരണത്തിൽ ക്രമാതീതമായി കൈകടത്താൻ ഗവൺമെൻറ് ശ്രമിക്കുന്നു, ആ നിലയിലുള്ള സമീപനം ഗവൺമെൻറ് സ്വീകരിക്കുന്നു എന്നുമുള്ള ഒരു ചിന്താഗതി നമ്മുടെ നാട്ടിൽ വളർന്നുവരുന്നു. ഇപ്പോഴും ഈ ബില്ല് ഇവിടെ കൊണ്ടുവരാനിടയായ സാഹചര്യങ്ങളെക്കുറിച്ച് സഭ മനസ്സിലാക്കിയിരിക്കണം. ഇതിന്റെ ഉള്ളടക്കത്തോട് പല അംഗങ്ങൾക്കും വിയോജിപ്പുണ്ടാകാം. ഇത് ഒരു വിദഗ്ദ്ധ കമ്മിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശയുടെ അടിസ്ഥാനത്തിൽ കൊണ്ടുവന്നിരിക്കുന്നതാണ്. അതു പോലെ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ ചില മാർഗ്ഗനിർദ്ദേശങ്ങളും എല്ലാ സംസ്ഥാനങ്ങൾക്കും നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അധികാരം ഏതു നിലയിലായിരിക്കണം ? യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനെ ഇൻഡ്യാ ഗവൺമെൻറ് നിയോഗിച്ചിരിക്കുന്നത് പ്രധാനമായിട്ടും യൂണിവേഴ്സിറ്റികളെ സഹായിക്കുവാൻ വേണ്ടിയാണ്. പക്ഷെ ഇന്ന് അതിൽനിന്നും വ്യത്യസ്തമായിട്ട് യൂണിവേഴ്സിറ്റികളുടെ ഭരണത്തെ സംബന്ധിച്ചും അതിന്റെ നടത്തിപ്പിനെ സംബന്ധിച്ചുമൊക്കെ അഭിപ്രായങ്ങളും പായുകയും അതിനുവേണ്ട നിർദ്ദേശങ്ങളും കൊടുക്കുകയും ചെയ്യുന്ന രീതിയിലേക്ക് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ മാറിയിട്ടുണ്ട്. അത് പൊതുവെ ഇൻഡ്യയിൽ ചർച്ച ചെയ്യപ്പെടേണ്ടതു് ആവശ്യമാണ്. കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് നമ്മുടെ ബഹുമാന്യനായ പ്രധാനമന്ത്രിതന്നെ മുൻകയ്യെടുത്ത് പുതിയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി നാഷണൽ ഡവലപ്മെൻറ് കൗൺസിലിന്റെ ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി. എല്ലാ മുഖ്യമന്ത്രിമാരും വിദ്യാഭ്യാസ മന്ത്രിമാരും ആ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. ഇൻഡ്യയുടെ ചരിത്രത്തിലാദ്യമായിട്ടാണ് നാഷണൽ ഡവലപ്മെൻറ് കൗൺസിൽ ഒരു പ്രത്യേക വിഷയം ചർച്ച ചെയ്യുന്നതിനുവേണ്ടി കൂടുന്നത്. അതിൽ പങ്കെടുത്ത പല അംഗങ്ങളും പ്രത്യേകിച്ച് മുഖ്യമന്ത്രിമാരിൽ പലരും യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ചുള്ള ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അതിനെക്കുറിച്ച് പ്രധാനമന്ത്രി മറുപടി പറയുകയും ചെയ്തു. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ ഏതു പരിധിവരെ പോകാം, ഏതെല്ലാം നിലയിൽ പ്രവർത്തിക്കണം എന്നുള്ളതിനെക്കുറിച്ച് പൊതുവെ ഒരു ധാരണ ഇൻഡ്യയിൽ ഉയർന്നുവന്നു, അതിൽ ഒരു മാറ്റം ഉണ്ടാകാത്തിടത്തോളംകാലം യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായിട്ടേ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അതല്ലെങ്കിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വളരെയേറെയായിരിക്കും. കഴിഞ്ഞ രണ്ടു വർഷക്കാലത്തിനിടയിൽ കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് യു. ജി. സി. യിൽനിന്ന് 272.40 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. അതുപോലെതന്നെ വിവിധ ഏജൻസികളിൽനിന്നും 1982-86 വരെയുള്ള കാലയളവിൽ 720.68 ലക്ഷം രൂപ കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് സഹായമായി ലഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ സഹായവും ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെൻറ് മിനിസ്ട്രിയുടെ സഹായവും കൂടാതെ നമ്മുടെ യൂണിവേഴ്സിറ്റിക്കുക്ക് സർക്കാരിന്റെ ഗ്രാൻറ്കൊണ്ടുമാത്രം പ്രവർത്തിക്കുവാൻ കഴിയുകയില്ലെന്നുള്ള സത്യം അവശേഷിക്കുന്നു. സ്വാഭാവികമായും യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുവാൻ നമ്മൾ ബാധ്യസ്ഥരുമാണ്. ഗവൺമെൻറിനു് ഇപ്പോൾ രണ്ടിന്റെയും മദ്ധ്യേനിന്ന് ഒരു ത്രിശങ്കുസ്വർഗ്ഗത്തിൽ നിൽക്കുന്ന പ്രതീതിയാണുള്ളത്. എല്ലാവരെയും വിമർശിക്കുമ്പോൾ മന്ത്രിമാരെ വിമർശിക്കരുതെന്ന് ഞാൻ പറയുന്നില്ല. സ്വാഭാവികമായും എല്ലാവർക്കും വിമർശിക്കുവാനുള്ള അധികാരവും അവകാശവുമുണ്ട്. ആ അധികാരവും അവകാശവും ഉപയോഗിക്കുന്നതിൽ തെറ്റില്ല. പക്ഷെ അതിന്റെ യഥാർത്ഥസ്ഥിതികൂടി മനസ്സിലാക്കിയിരിക്കണം. ഈ ഓർഡിനൻസ് ഇറക്കിയശേഷം യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനു് അയച്ചുകൊടുത്തപ്പോൾ ഇതിന്റെ വിവിധ വകുപ്പുകളെക്കുറിച്ച് അഭിപ്രായം പറഞ്ഞു. ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിൽത്തന്നെ മൂന്നു പൊതു പ്രവർത്തകരെയും രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭാ സാമാജികരെയും നോമിനേറ്റ് ചെയ്യാനുള്ള വ്യവസ്ഥകൂടി ചേർത്തിട്ടുണ്ട്. ആ വ്യവസ്ഥ മാറണമെന്നാണ് ഇപ്പോൾ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ ഗവൺമെൻറിനെ നിർബന്ധിച്ചുകൊണ്ടിരിക്കുന്നത്. അതാണ് ഇപ്പോഴത്തെ സ്ഥിതി. അവർ ആ കാഴ്ചപ്പാടോടുകൂടി ഉംക്കൊള്ളാൻ തയ്യാറാകുന്നില്ലെന്നുള്ളതു നാം മനസ്സിലാക്കണം. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻറെ അംഗീകാരവും സഹായവും ആവശ്യമായിരിക്കുന്ന ഒരു സാഹചര്യം ഉണ്ടെന്നുള്ള കാര്യം നാം വിസ്മരിക്കരുത്.

നമ്മുടെ കേരളത്തിൽ ഇന്ന് പല യൂണിവേഴ്സിറ്റികളുമുണ്ട്. യൂണിവേഴ്സിറ്റികളുടെ അധികാരങ്ങൾ ഏതു പരിധിവരെ പോകാം അല്ലെങ്കിൽ യൂണിവേഴ്സിറ്റികൾക്ക് എന്തുമാത്രം അധികാരം കൊടുക്കണം • നിയമസഭയ്ക്കും ഗവൺമെൻറിനും യൂണിവേഴ്സിറ്റികളുടെ ഭരണവുമായി ബന്ധപ്പെട്ട അധികാരങ്ങളുണ്ടോ, ആ അധികാരങ്ങൾ നാം ഏതു പരിധിവരെ ഉപയോഗിക്കണം എന്നൊക്കെയുള്ളത് കുറെക്കൂടി ഗൗരവകരമായി ചർച്ചചെയ്യേണ്ട സംഗതികളാണ്. സ്വയംഭരണാവകാശം നമ്മുടെ യൂണിവേഴ്സിറ്റികൾക്ക് ആവശ്യമാണ്. ഞാൻ ആ ആശയത്തോട് പൂർണ്ണമായും യോജിക്കുന്ന വ്യക്തിയാണ്. പക്ഷെ സ്വയംഭരണാവകാശത്തിൻറെ പേരിൽ യൂണിവേഴ്സിറ്റികൾക്ക് എന്തും കാണിക്കാം, വൈസ് ചാൻസലർമാർക്ക് എന്തും കാണിക്കാം, യൂണിവേഴ്സിറ്റികളുടെ ഭരണസമിതിക്ക് എന്തും കാണിക്കാം— ആ നിലയിലേക്കുപോയാൽ ഗവൺമെൻറിന് തീർച്ചയായും അതിനകത്ത് ഉത്തരവാദിത്വമുണ്ട്. ഇവിടെ നിയമസഭയിൽ വരുന്ന ചോദ്യങ്ങൾക്കും ഉന്നയിക്കുന്ന ആക്ഷേപങ്ങൾക്കും മറുപടി പറയേണ്ട ബാധ്യത ഗവൺമെൻറിനുണ്ട്. ഈ ഗവൺമെൻറ് അത് ഏറെടുക്കുന്നുണ്ട്. ഈ വക കാര്യങ്ങളിലേക്കുള്ള ഉത്തരവാദിത്വം ഗവൺമെൻറിനുള്ളതുപോലെതന്നെ അവരെ നിയന്ത്രിക്കുവാനുള്ള അധികാരം ഏതു ഗവൺമെൻറിനായാലും ഉണ്ട്. ശ്രീ. കെ. കരുണാകരൻറെ നേതൃത്വത്തിൽ ഭരിക്കുന്ന ഗവൺമെൻറായാലും ഇങ്ങനെയുള്ള കാര്യങ്ങളിൽ യൂണിവേഴ്സിറ്റികളെ നിയന്ത്രിക്കുവാനുള്ള അധികാരം ഗവൺമെൻറിനുകൂടി ഉണ്ടാകേണ്ടത് അവശ്യമാണ്.

സർ, ഞാൻ ഒരു കാര്യം ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. 1982-ൽ ശ്രീ. നായനാർ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഒരു ബില്ല് നിയമസഭയിൽ പബ്ലിഷ് ചെയ്തു. പക്ഷേ അത് പാസ്സാക്കിയിട്ടില്ല. അതിനകത്ത് പ്രസക്തമായ പല കാര്യങ്ങളും ചൂണ്ടിക്കാണിച്ചു. ചില പ്രത്യേക സാഹചര്യത്താലാണ് ആ ബില്ല് അന്ന് വരാൻ ഇടവന്നത്. അതിനകത്ത് പറഞ്ഞിരുന്ന കാര്യങ്ങൾ ഒന്ന് യൂണിവേഴ്സിറ്റിയിലെ ഏതൊരു അതോറിറ്റിയുടേയും നടപടികൾ പ്രൊ-വൈസ് ചാൻസലർക്ക് റദ്ദാക്കാം എന്നാണ്. സെനറ്റിലേക്ക് ചാൻസലർ നോമിനേറ്റ് ചെയ്യേണ്ടവരുടെ പേരുകൾ പ്രൊ-വൈസ് ചാൻസലർ നിർദ്ദേശിക്കുന്നതും അത് ചാൻസലർ സ്വീകരിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ഗവൺമെൻറ് നോമിനേറ്റ് ചെയ്യണമെന്നത് പ്രൊ-വൈസ്-ചാൻസലർ നോമിനേറ്റ് ചെയ്യണമെന്നാക്കി മാറ്റുക. അതുപോലെതന്നെ വൈസ് ചാൻസലർക്ക് ഏകകണ്ഠമായ ഒരു നിർദ്ദേശം കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ പ്രൊ-വൈസ്-ചാൻസലർ നിർദ്ദേശിക്കുന്ന ആളിനെ വൈസ് ചാൻസലർ ആക്കുക. അതുപോലെ തന്നെ വൈസ് ചാൻസലറുടെ തസ്തിക സ്ഥിരമായോ താല്ക്കാലികമായോ ഉണ്ടാകുന്ന ഒഴിവിലേക്ക് പ്രൊ-വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം ചാൻസലറെ നിയമിക്കണം. ഇങ്ങനെ ചില നിർദ്ദേശങ്ങൾ വന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: ഈ നിയമ നിർമ്മാണത്തിന് ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ശ്രമിച്ചപ്പോൾ അതിനെ

LIBRARY ARCHIVES Kerala Legislative Assembly

ന്ധശിഖാന്തം ' എതിർത്ത ആളാണ് ബഹുമാനപ്പെട്ട ശ്രീ. ജേക്കബ്. ഇന്ന് ഇതിനെ അനുകൂലിക്കുകയാണോ ?

ശ്രീ. ടി. എം. ജേക്കബ് : ആ ബില്ല് നിയമസഭയിൽ ചർച്ചയ്ക്ക് വന്നിട്ടില്ല. ബഹുമാനപ്പെട്ട ശ്രീ. സുരേന്ദ്രനാഥിന്റെ ഓർമ്മയ്ക്കുവേണ്ടി പറയുകയാണ്. ഞാൻ പ്രതിപക്ഷത്തിരുന്നപ്പോഴും എല്ലാ ബില്ലിന്റെ ചർച്ചയിലും പങ്കെടുത്തിട്ടുള്ള ആളാണ്. ആ ബില്ല് ഈ കേരള നിയമസഭയിൽ ചർച്ച ചെയ്തിട്ടില്ല. പബ്ലിഷ് ചെയ്ത ബില്ലാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചത് ആ ബില്ല് ഇവിടെ പബ്ലിഷ് ചെയ്തിരുന്നു എന്നതാണ്. ഓരോ കാലഘട്ടത്തിലും ഗവൺമെന്റുകൾക്ക് ഇങ്ങനെ ചിന്തിക്കാൻ ഉള്ള സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. അത് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ചില കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചത്. എന്താണെങ്കിലും 6-ാം നിയമസഭയിൽ സർക്കുലേറ്റ് ചെയ്ത ബില്ല് നമ്മുടെ നിയമസഭ പാസ്സാക്കുകയുണ്ടായില്ല. ഇങ്ങനെയൊക്കെയുള്ള സാഹചര്യങ്ങൾ നമ്മുടെ ഇവിടെ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് നമ്മുടെ യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാവകാശവും അതുപോലെ മറ്റ് കാര്യങ്ങളും നാം ചർച്ച ചെയ്യുന്നതോടൊപ്പം, തന്നെ യു.ജി.സി.-യുടെ അധികാരങ്ങളും, യു.ജി സി.-യ്ക്ക് ഏതു പരിധിവരെ ഈ കാര്യങ്ങളെ നിയന്ത്രിക്കാനുള്ള അവകാശങ്ങളും ഉണ്ടായിരിക്കണമെന്നുള്ളതിനെക്കുറിച്ച് നാം അല്പം ഒന്ന് ചിന്തിക്കുന്നത് നന്നായിരിക്കും.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ശ്രീ. നായനാരുടെ കാലത്ത് ഈ ബില്ല് നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. ഏതോ ഉദ്യോഗസ്ഥൻമാർ ഡ്രാഫ്റ്റ് ചെയ്തത് ശ്രീ. നായനാരുടെ അനുവാദത്തോടുകൂടിയാണ് എന്ന് പറഞ്ഞിട്ടാണോ ഇത് വിമർശനം ?

ശ്രീ. ടി. എം. ജേക്കബ് : സർ, അല്ല. രണ്ടും ശ്രീ. ഗോവിന്ദക്കുറുപ്പിന്റെ ഓർമ്മപ്പിശകുകൊണ്ട് പറയുന്നതാണ്. ക്യാബിനറ്റ് അപ്രൂവ് ചെയ്ത് നിയമസഭയിൻ സർക്കുലേറ്റ് ചെയ്ത ബില്ലാണ്, അത് അങ്ങു വെരിഫൈ ചെയ്തോ, ഞാൻ വെരിഫൈ ചെയ്തതിനുശേഷമാണ് പറയുന്നത്. 1982-ൽ നിയമസഭയിൽ സർക്കുലേറ്റ് ചെയ്ത ബില്ലാണ് അത്. ഞാൻ അതിനെ ആക്ഷേപമായിട്ടോ കുറ്റമായിട്ടോ സൂചിപ്പിക്കുകയല്ല. പക്ഷേ, അങ്ങനെയുള്ള ചിന്താഗതിക്ക് പ്രേരണ നല്കുന്ന പല സാഹചര്യങ്ങളും അന്ന് ഉണ്ടായി. ഇപ്പോഴുതന്നെ കൊച്ചിൻ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് പറയുമ്പോഴും, കൊച്ചിൻ യൂണിവേഴ്സിറ്റി മറ്റ് മൂന്ന് യൂണിവേഴ്സിറ്റികളേയുംപോലെ അല്ലെങ്കിൽ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയെപ്പോലെയും കാണേണ്ട ഒരു യൂണിവേഴ്സിറ്റി അല്ല. ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും എന്താണെന്ന് ഞാൻ ആദ്യം സൂചിപ്പിച്ചു. ഈ യൂണിവേഴ്സിറ്റിയിൽ ആകെ ഇപ്പോഴുള്ളത് 1353 കുട്ടികളാണ്. അതിനകത്ത് ഫുൾ ടൈം റിസർച്ച് സ്റ്റുഡൻറ്സ് 102-ഉം പാർട്ട് ടൈം റിസർച്ച് സ്റ്റുഡൻറ്സ് 116-ഉം റഗുലറായിട്ടു വരുന്ന സ്റ്റുഡൻറ്സ് ബാക്കിയുള്ള ആളുകളുമാണ്. അപ്പോൾ ആകെയുള്ള സ്റ്റുഡൻറ്സ് സ്റ്റെണ്ടത് എന്നു പറയുന്നത് 1353 ആണ്. മറ്റ് യൂണിവേഴ്സിറ്റികളിൽനിന്ന് വ്യത്യാസമായിട്ടുള്ള ഒരു സമീപനമാണുള്ളത്. 1985 മുതൽ 1990 വരെയുള്ള ഏഴാം പദ്ധതിക്കാലയളവിൽ നമ്മുടെ രാജ്യത്തിന് ഏറ്റവും ഉപകാരപ്രദമായിട്ടുള്ള നിരവധി കോഴ്സുകൾ, ഏകദേശം പത്തു മുപ്പതു പുതിയ കോഴ്സുകൾ പ്രത്യേകിച്ചും ഞാൻ ഇവിടെ സൂചിപ്പിച്ച നമ്മുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ പറഞ്ഞിരിക്കുന്നതിന് അനുസൃതമായിട്ടുള്ള കോഴ്സുകളാണ് വിഭാവന ചെയ്തിരിക്കുന്നത്. എം. ടെക്കിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മാത്രം ഒന്ന് രണ്ട് കാര്യങ്ങളും ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതിൽ തന്നെ 13 കോഴ്സുകളും അവർ പ്രഖ്യാപിച്ചിട്ടുണ്ട്. കംപ്യൂട്ടർ കോഴ്സ്, പോളിമർ ടെക്നോളജി, നേവൽ ആർക്കിടെക്ച്ചർ, കെമിക്കൽ ടെക്നോളജി, പേപ്പർ ഹാർവെസ്റ്റിംഗ് ടെക്നോളജി, അപ്ലൈഡ് ഓപ്റ്റിക്സ്, ഓപ്റ്റിക് ഇലക്ട്രോണിക്സ്, ലെയിത്ത് ടെക്നോളജി, ഓഷൻ എൻജിനീയറിംഗ്, മെയിൻറനൻസ് ആൻറ് മാനുഫാക്ച്ചറിംഗ് എൻജിനീയറിംഗ്, ബിൽഡിംഗ് ടെക്നോളജി, ഇൻഡസ്ട്രിയൽ എൻജിനീയറിംഗ് തുടങ്ങി നമ്മുടെ ഈ രാജ്യത്തെ വിദ്യാർത്ഥികൾക്കും, സമൂഹത്തിനും ഗുണകരമായിട്ടുള്ള നിരവധി പുതിയ കോഴ്സുകളും ഈ യൂണിവേഴ്സിറ്റിയിൽ തുടങ്ങണം എന്നുതന്നെയാണ് ഗവൺമെൻറ് ആഗ്രഹിച്ചിട്ടുള്ളത്, ആ കാര്യം യൂണിവേഴ്സിറ്റിയെ അറിയിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി അതിന് ആവശ്യമായ നടപടികളും സ്വീകരിച്ചുവരുകയും ചെയ്യുകയാണ്. അതുകൊണ്ട് നമ്മുടെ മറ്റ് യൂണിവേഴ്സിറ്റികളിൽനിന്ന് വ്യത്യസ്തമായ ഒരു കാഴ്ചപ്പാടും നിലപാടും ഈ യൂണിവേഴ്സിറ്റിക്ക് ഉണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗങ്ങളും മനസ്സിലാക്കണമെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പ്രധാനമായും ഉയർന്നുവന്ന ചില ആക്ഷേപങ്ങളെ സംബന്ധിച്ച് ചുരുക്കമായി മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന് നമ്മുടെ യൂണിവേഴ്സിറ്റികളുടെ സെനറ്റും. അതുപോലെ മറ്റ് ചില ഭരണ സമിതികളും ഗവൺമെൻറ് നിർത്തിയിരിക്കുന്നു എന്നുള്ളതാണ്.

ശ്രീ. വി. കെ. രാജൻ : ഉദ്ദേശ ലക്ഷ്യങ്ങളും ഇവിടെ പറഞ്ഞു. ഏതെങ്കിലും സ്വീകരിക്കാവുന്ന കാര്യങ്ങളും ഒന്നു പറയാമോ ? ഈ ബില്ലിൽ ഉള്ളത് വായിച്ചതല്ലേ ? അതു പിന്നെ രണ്ടാമത് ആവർത്തിക്കേണ്ട കാര്യമുണ്ടോ ?

മി. സ്പീക്കർ : ഈ നിർദ്ദേശങ്ങളൊക്കെ സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ നോക്കാമല്ലോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, പൊതുവായിട്ട് ഇവിടെ വന്ന ചില അഭിപ്രായങ്ങളെക്കുറിച്ച് ഞാൻ മറുപടി പറയാം. സെനറ്റിനെ സംബന്ധിച്ചാണ് പൊതുവായിട്ട് ഒരു ആക്ഷേപം പറഞ്ഞത്. നേരത്തേ നമ്മുടെ കൊച്ചിൻ യൂണിവേഴ്സിറ്റി ആക്ടിൽ സെനറ്റ് നിലവിലുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ സെനറ്റ് എടുത്തുകളഞ്ഞിട്ടുണ്ട്. 1986 ഫെബ്രുവരിയിലാണ് ഈ യൂണിവേഴ്സിറ്റി ഓർഡിനൻസ് ആദ്യം നിലവിൽ വന്നത്. അന്ന് യു ജി.സി. യുടെ കർക്കശമായ നിലപാട് സെനറ്റ് പാടില്ലെന്നായിരുന്നു. ഇവിടെ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ ഒരു പുതിയ ബില്ല് വരുന്നുണ്ട്. ബില്ലായിട്ടുതന്നെ ഈ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്. യു.ജി.സി. യുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് ആ ബില്ല് ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻറെ അംഗീകാരം കിട്ടാനും, ധനസഹായം ലഭ്യമാക്കാനുംവേണ്ടിയാണ് അത് ചെയ്തിരിക്കുന്നത്. അതിൻറെ ചർച്ചയ്ക്കുവേണ്ടി ഡൽഹിയിൽ പോയപ്പോൾ യു. ജി. സി. ചെയർമാനുമായി വളരെ ദീർഘനേരം ഞാൻ ഈ കാര്യം നമ്മുടെ ഉദ്യോഗസ്ഥൻമാരും അവിടത്തെ ഉദ്യോഗസ്ഥൻമാരുമായി ഒരുമിച്ചിരുന്ന് സംസാരിക്കുകയുണ്ടായി. അവിടെവച്ച് യു. ജി. സി. ചെയർമാൻ ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് സെനറ്റാകണമെന്ന് സമ്മതിച്ചിട്ടുണ്ട്. പക്ഷേ ആ സെനറ്റ് ആകാമെന്ന് സമ്മതിച്ചിരുന്നത് തന്നെ സെനറ്റിൻറെ അധികാരങ്ങളും വളരെ കുറച്ചിരിക്കുകയാണ്. സെനറ്റ് ഒരു അഡ്വൈസറി ബോഡിയാക്കിക്കൊണ്ട് സെനറ്റ് രൂപീകരിക്കാമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. സ്വാഭാവികമായും ഇപ്പോഴത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഈ ഓർഡിനൻസിൽ സിൻഡിക്കേറ്റിലെങ്കിൽത്തന്നെയും ഈ യൂണിവേഴ്സിറ്റിക്ക് നമുക്കു സെനറ്റ് രൂപീകരിക്കാവുന്നതാണ്. സെനറ്റ് രൂപീകരിക്കുകയെന്നു പറയുന്നത് യു. ജി. സി. യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇത് ഒരു പരമാധികാര സമിതി എന്നുള്ള ആ അധികാരം എടുത്തുകളഞ്ഞുകൊണ്ട് ഈ അടുത്തകാലത്ത് യു. ജി. സി. യുമായി ഞങ്ങൾ നടത്തിയ ചർച്ചകളിൽ യു. ജി. സി. അംഗീകരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ട് ഇതിന്റെ സെനറ്റ് രൂപീകരിക്കാൻ ഉള്ള നടപടികൾ നമുക്ക് സബ്ജക്ട് കമ്മിറ്റിയുടെ സ്റ്റേജിൽ ആലോചിക്കാവുന്നതാണ്. അതുപോലെ തന്നെ സിൻഡിക്കേറ്റിന്റെ ഘടനയെക്കുറിച്ച് പറഞ്ഞു. ആദ്യം പബ്ലിഷ് ചെയ്ത ഓർഡിനൻസിൽനിന്നും പല മാറ്റങ്ങളും ഇതിനകത്ത് വരുത്തിയിട്ടുണ്ട്. ഇവിടെതന്നെ ചില അംഗങ്ങൾ, സിൻഡിക്കേറ്റ് അംഗങ്ങൾക്ക് രണ്ടു വർഷത്തെ കാലാവധിയും, വൈസ് ചാൻസലർമാർക്ക് നാലുകൊല്ലത്തെ കാലാവധിയും കൊടുത്തിരിക്കുന്നത് വൈസ് ചാൻസലറുടെ അമിത അധികാരങ്ങൾ നിലനിർത്തുവാനും അല്ലെങ്കിൽ സിൻഡിക്കേറ്റ് അംഗങ്ങളെ നിയന്ത്രിക്കാനും ആണെന്നു ഒരു ആക്ഷേപം ഉന്നയിക്കുകയുണ്ടായി. തീർച്ചയായും സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ ആ കാര്യം പരിശോധിക്കാവുന്നതും സബ്ജക്ട് കമ്മിറ്റിക്ക് സ്വീകാര്യമായ വിധത്തിൽ അതിന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് നിർദ്ദേശം കൊണ്ടുവരാവുന്നതുമാണ്. ഇതിന്റെ ചർച്ചയിൽ പങ്കെടുത്ത അവസരത്തിൽ ശ്രീ. പത്മനാഭൻ ചില നിർദ്ദേശങ്ങൾ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ഓർമ്മക്കുവേണ്ടി ഒരു കാര്യം സൂചിപ്പിക്കാനുള്ളത് ഇതിനകത്ത് റിസർവേഷൻ പ്രൊവിഷനില്ലെന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. വളരെ സ്പെസിഫിക്കായിട്ടുള്ള പ്രൊവിഷനുണ്ട്. നമ്മുടെ മറ്റ് സർവ്വീസിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതുപോലെ തന്നെ ഈ യൂണിവേഴ്സിറ്റിയിലെ നിയമനങ്ങളും നടത്താനുള്ള വ്യവസ്ഥകൾ ഇപ്പോൾതന്നെ യൂണിവേഴ്സിറ്റി നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ടി പി. പീതാംബരൻ മാസ്റ്റർ : യൂണിവേഴ്സിറ്റി നിയമനങ്ങൾ നടത്തുന്ന കാര്യത്തിൽ ഹരിജനങ്ങൾക്കും പിന്നോക്ക വിഭാഗക്കാർക്കും ഇപ്പോഴുള്ള സംവരണം തുടരുമോ ?

ശ്രീ. ടി. എം. ജേക്കബ് : അത് പ്രത്യേകമായിട്ട് നോക്കാം. സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ പരിശോധിക്കാമെന്ന് പറഞ്ഞു. ബില്ലിനകത്ത് അത് ഇൻകോർപ്പറേറ്റ് ചെയ്യണമെങ്കിൽ ചെയ്യാം. ഒരു കാര്യം സൂചിപ്പിക്കാനുള്ളത് ഇപ്പോൾ കമ്മ്യൂണൽ റിസർവേഷൻ നമ്മുടെ രാജ്യത്ത് പൊതുവേ അംഗീകരിച്ചിട്ടുണ്ട്. അത് നിലനിർത്തണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതുപോലെതന്നെ എസ്.സി./എസ്.ടി. കുട്ടികൾക്ക് എന്തെല്ലാം കൺസെഷൻസ് എവിടെയെല്ലാം കിട്ടുന്നുവോ ആ ആനുകൂല്യങ്ങൾ ഈ യൂണിവേഴ്സിറ്റിയിൽ നിഷേധിക്കപ്പെടാൻ പാടില്ല. അതിന് വിരുദ്ധമായിട്ട് എന്തെങ്കിലും കടന്നുകൂടിയിട്ടുണ്ടെങ്കിൽ ബില്ല് സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ നമുക്ക് അത് പരിശോധിക്കുകയും ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാം. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പൊതുവായ ചില കാര്യങ്ങൾ സൂചിപ്പിച്ചു. അദ്ദേഹം പറഞ്ഞത് എല്ലാവരും ആവർത്തിക്കുന്ന ഒരു സംഗതിയാണ്. ഗുമസ്തൻമാരെ വാർത്തെടുക്കുന്ന വിദ്യാഭ്യാസ രീതിയാണ് നമ്മുടെ രാജ്യത്ത് നിലനിലക്കുന്നതെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന അല്ലെങ്കിൽ വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുന്ന മാറ്റങ്ങളിൽ ഈ ഒരു പ്രവണതയ്ക്ക് മാറ്റമുണ്ടാകണം എന്ന് ഞാൻ ആഗ്രഹിച്ചിട്ടുണ്ട്. പക്ഷേ സ്കൂൾ തലം മുതൽതന്നെ അതിന് ആവശ്യമായിട്ടുള്ള നടപടികളും ഞങ്ങൾ സ്വീകരിക്കുകയും അതിനുവേണ്ടിയുള്ള ക്രമീകരണങ്ങളുമായി മുന്നോട്ടുപോവുകയും ചെയ്തിട്ടുണ്ട്. സ്കൂൾ സിലബസും കരിക്കുലവും പരിശോധിച്ചാൽ കാണാൻ കഴിയും വൊക്കേഷണൽ കോഴ്സിന് കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുണ്ടെന്ന്. അതുപോലെ 8-ഉം 10-ഉം ക്ലാസ്സുകളിൽ പ്രീ-വൊക്കേഷണൽ ക്ലാസ്സുകളും കൂടി ചേർത്തുകൊണ്ട് അതിനുള്ള നടപടികളും ആണ് സ്വീകരിച്ചിരിക്കുന്നത്.

പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുകയെന്നുള്ള നയത്തിൽനിന്ന് ഗവൺമെന്റിന് യാതൊരു വ്യതിയാനവുമില്ല. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻതന്നെ പറഞ്ഞു ശ്രീ. തച്ചടി പ്രഭാകരൻ ഇങ്ങനെ പറഞ്ഞല്ലോയെന്ന്. ഞാൻ ശ്രീ. തച്ചടി പ്രഭാകരനുമായി ഇന്നു രാവിലെ സംസാരിച്ചു. അദ്ദേഹം പറഞ്ഞത് ഇങ്ങനെയല്ല. അതുകൊണ്ട് നിങ്ങൾക്കാർക്കും അതിൽ ഒരു ആശയക്കുഴപ്പവും വേണ്ട. ഗവൺമെന്റിന് കളക്ടീവ് റെസ്പോൺസിബിളിറ്റിയാണുള്ളത്. .....(ബഹളം).....
ഞാൻ അതിവിടെ സൂചിപ്പിക്കാനുണ്ടായ കാരണം ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. ഈ പത്മനാഭനും ഈ കാര്യത്തെക്കുറിച്ച് ഇവിടെ വളരെയേറെ സമയംനിന്നു സംസാരിച്ചു. ഇത് ഒരു വിവാദമൊന്നുമാക്കേണ്ട വിഷയമല്ല, സംസ്ഥാന മന്ത്രിസഭ കഴിഞ്ഞ മേയ്മാസത്തിൽ എടുത്ത ഒരു നയപരമായ തീരുമാനമാണ്. ആ തീരുമാനത്തിന് യാതൊരു മാറ്റവുമില്ല. അതിന്റെ നടപടിക്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഞങ്ങൾ പ്രതിപക്ഷ നേതാക്കൻമാരോടു പറഞ്ഞ ചില വാഗ്ദാനങ്ങളുണ്ട്. നിങ്ങളുമായി ചർച്ച നടത്തുമെന്നു പറഞ്ഞു. ആ ചർച്ചകൾ നിശ്ചയിച്ചിട്ടുണ്ട്. ആ ചർച്ചകളുംകൂടി നടത്തിയതിനുശേഷം അതിന്റെ നടപടിക്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ടു പോകും. ഈ വർഷംതന്നെ അതിന്റെ നടപടിക്രമങ്ങൾ ഗവൺമെന്റ് പൂർത്തിയാക്കുകയും ചെയ്യും. ഇതിനകത്തൊന്നും ആർക്കും ഒരു തർക്കവും സംശയവും വേണ്ട. സർ, എന്താണെങ്കിലും ഇതിൽ വെറുതെയൊരു തെറ്റിദ്ധാരണക്ക് ആവശ്യമില്ല. ശ്രീ. ഈ പത്മനാഭൻ ചൂണ്ടിക്കാണിച്ച മറ്റൊരു സംഗതി ചക്രവർത്തി കമ്മിറ്റി റിപ്പോർട്ടിലെ ഒരു നിർദ്ദേശവും ഈ യൂണിവേഴ്സിറ്റി നിയമത്തിൽ ഇല്ലെന്നുള്ളതാണ്. അതു ശരിയല്ല. പല നിർദ്ദേശങ്ങളും ഉൾക്കൊണ്ടിട്ടുണ്ട്. പക്ഷേ ആ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമായും ഇതിനകത്ത് അഡോപ്റ്റ് ചെയ്തിട്ടില്ല അങ്ങനെ ചെയ്യണമെന്ന് ആരും പറയുമെന്ന് എനിക്ക് തോന്നുന്നില്ല. ഒരു കമ്മിറ്റി റിപ്പോർട്ട് നമുക്കു ലഭിച്ചാൽ ആ റിപ്പോർട്ടിന്റെ മുഴുവൻ ആശയങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് മുന്നോട്ടു പോകേണ്ടതായിട്ടില്ല. അതിനകത്ത് ഉൾക്കൊള്ളിക്കാൻ കഴിയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിക്കുകയും മുന്നോട്ടു പോകുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ പല അംഗങ്ങളും ചൂണ്ടിക്കാണിച്ച ഒരു സംഗതി വൈസ് ചാൻസലർ ആർ. എസ്. എസ്സിന്റെ ഒരു ശിബിരത്തിൽ പങ്കെടുത്തു പ്രസംഗിച്ചു എന്നുള്ളതാണ്. അതു സംബന്ധിച്ച് ഒരു പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ആ പരാതിയിൻമേൽ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരികയാണ്. നിയമപരമായിട്ട് സ്വീകരിക്കാൻ കഴിയുന്ന ചില നടപടികളുണ്ട്. അതിനു വിധേയമായിട്ട് ഉദ്യോഗസ്ഥൻമാർക്കും അല്ലെങ്കിൽ ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർക്കും ഒക്കെ പല കാര്യങ്ങൾക്കും നിയന്ത്രണമുണ്ട്. ആ നിയമംവിട്ട് ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ എവിടെയെങ്കിലും പെരുമാറിയാൽ വൈസ് ചാൻസലറാകട്ടെ അല്ലെങ്കിൽ വേറെ ആരെങ്കിലുമാകട്ടെ നിയമപ്രകാരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കും. ആ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും ആശങ്കവേണ്ട. ആ പരാതി അവിടത്തെ ജീവനക്കാരും മറ്റു പലരുമാണ് കൊണ്ടു തന്നത്. അവർ തന്ന പരാതിയിൻമേൽ ഗവൺമെൻറ് നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിന്റെ അവസാന സ്റ്റേജ് ആയിട്ടില്ല. അതുമാത്രമേയുള്ളൂ. അതുപോലെതന്നെ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഊന്നൽ കൊടുക്കുന്നില്ലെന്നുള്ള പൊതുവായ ഒരു പരാതി വന്നു. ഇവിടെ ഈ യൂണിവേഴ്സിറ്റിതന്നെ പരിശോധിച്ചാൽ അത് ഒരു ഫെഡറൽ നാച്വറൽ ആയിരുന്നു. ഇപ്പോഴും അതിൽനിന്നുമാറി ഇൻഡ്യയിലെതന്നെ മറ്റു സ്ഥാപനങ്ങളുമായും വിദേശങ്ങളിലുള്ള ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായിട്ടുമൊക്കെ ബന്ധപ്പെട്ടു മുന്നോട്ടു പോകാൻ കഴിയുമെന്നു പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ ഊന്നൽ കൊടുത്തുകൊണ്ട് കൂടുതൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ഗവൺമെൻറ് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ കേരളത്തിൽ ഇപ്പോൾ ആകെയുള്ള ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അല്ലെങ്കിൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്നു പറയുന്നത് 137 എണ്ണമാണ്. ഈ 137 സ്ഥാപനങ്ങളിൽ ഈ ഗവൺമെൻറാണ് 62 സ്ഥാപനങ്ങൾക്ക് അനുവാദം കൊടുത്തിരിക്കുന്നത്. ഈ ഗവൺമെൻറ് വരുന്നതിനുമുമ്പ് 75 സ്ഥാപനങ്ങൾ മാത്രമാണ് കേരളത്തിൽ നിലവിലുണ്ടായിരുന്നത്. അതുകൊണ്ടുതന്നെയാണ് ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾക്കും ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസുകൾക്കും കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു സമീപനം ഈ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നതും മുമ്പോട്ടു പോകുന്നതും. ഈ യൂണിവേഴ്സിറ്റിയിൽ എൻ. സി. സി. യുടേയും, എൻ. എസ്. എസ്സിന്റെയും പ്രവർത്തനങ്ങൾ ഇല്ലായെന്ന് ചില അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. സർ, എൻ. സി. സി. യുടേയും എൻ. എസ്. എസ്. നേറയും പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റികൾക്ക് വേണമെന്നുള്ള അഭിപ്രായമുണ്ട്. അതിനാവശ്യമായിട്ടുള്ള പ്രൊവിഷൻസ് കൂട്ടിച്ചേർക്കാം. അതുപോലെതന്നെ വിദ്യാർത്ഥികളുടെ കാര്യങ്ങളെക്കുറിച്ചു പറഞ്ഞു. ഇവിടെ സംസാരിച്ച പല അംഗങ്ങളും പറഞ്ഞു, അങ്ങും ഞാനും അതുപോലെ പല ആളുകളുമൊക്കെതന്നെ വിദ്യാർത്ഥി രംഗത്തുനിന്നു പ്രവർത്തിക്കുകയും അതിനുശേഷം ഇങ്ങനെയുള്ള സ്ഥാനങ്ങളിലേക്ക് വരികയും ചെയ്തവരാണ് എന്ന്. വിദ്യാർത്ഥികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കപ്പെടണമെന്ന് യാതൊരു ആഗ്രഹവും ഗവൺമെൻറിന് ഇല്ല. ഇപ്പോഴുതന്നെ നമ്മുടെ യൂണിവേഴ്സിറ്റി നിയമത്തിൽ വിദ്യാർത്ഥികൾക്കുവേണ്ടി ചില വ്യവസ്ഥകൾ ഉണ്ട്. പക്ഷേ യൂണിവേഴ്സിറ്റി യൂണിയനും അതുപോലുള്ള ചില സമിതികൾക്കുമുള്ള വ്യവസ്ഥകൾ നമുക്ക് കൂട്ടിച്ചേർക്കാം. വിദ്യാർത്ഥികൾക്ക് അതിനുള്ള സൗകര്യങ്ങൾ കൊടുക്കാം. ശ്രീ. എം. എം. ഹസൻ സ്റ്റാഫ് കൗൺസിൽ വേണമെന്നു നിർദ്ദേശിച്ചു അതും തീർച്ചയായും. ഈ ബിൽ സബ്ജക്ട് കമ്മിറ്റി പരിഗണിക്കുമ്പോൾ പ്രത്യേകമായിട്ട് നോക്കാവുന്ന ഒരു സംഗതി ആണ്. അതുപോലെതന്നെ എല്ലാ അംഗങ്ങളും ചൂണ്ടിക്കാണിച്ചിട്ടുള്ള മറ്റൊരു സംഗതി വൈസ്ചാൻസിലർമാർക്ക് അമിതാധികാരം കൊടുത്തിട്ടുണ്ടെന്നുള്ളതാണ്. ഫെബ്രുവരി ആദ്യം പുറപ്പെടുവിച്ച ഓർഡിനൻസിൽനിന്നും വ്യത്യസ്തമായിട്ടാണ് രണ്ടാമത് ഓർഡിനൻസ് പുറപ്പെടുവിച്ചത്. ആ ഓർഡിനൻസ് തന്നെയാണ് ഇപ്പോൾ ഇവിടെ ചർച്ചക്ക് വന്നിരിക്കുന്നത്. അതിനുള്ളിൽ ആദ്യം കൊടുത്തിരുന്ന അധികാരങ്ങളിൽനിന്നും കുറെയേറെ അധികാരങ്ങൾ മാറ്റിയിട്ടുണ്ട്. ആ അധികാരങ്ങൾ ഇനിയും കുറയ്ക്കണമോ, അത് എന്തുമാത്രം വേണമെന്നുള്ളത് തീർച്ചയായും നമുക്ക് സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ പരിശോധിക്കാം. അതിനകത്ത് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങൾ പറയുന്ന നിർദേശങ്ങൾ പരിഗണിക്കാം. ഇവിടെ ഏറ്റവും കൂടുതൽ വിവാദമായ ഗാന്ധിജി യൂണിവേഴ്സിറ്റി നിയമംപോലും സബ്ജക്ട് കമ്മിറ്റിക്ക് പോയപ്പോൾ നിയമസഭാംഗങ്ങളുടെ വികാരങ്ങൾ പൂർണ്ണമായും ഗവൺമെന്റ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗവൺമെന്റിന് ഈ കാര്യത്തിൽ യാതൊരു പിടിവാശിയും ഇല്ല. സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ അംഗങ്ങൾ പറയുന്ന കാര്യങ്ങൾ പരിശോധിക്കാനും നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാണ്. ബഡ്ജറ്റ് സ്പ്രൂട്ടിനി ചെയ്യാനുള്ള വ്യവസ്ഥകളൊന്നുമില്ലെന്നു പറഞ്ഞത് ശരിയല്ല.

ശ്രീ. എ. വി. താമരാക്ഷൻ : ബിരുദാനന്തര പഠനവും ഗവേഷണവും നടത്തുന്ന ഒരു സ്ഥാപനത്തിൽ എൻ. സി. സി. യും എൻ. എസ്. എസും. എത്രമാത്രം പ്രായോഗികമാകുമെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ഇവിടെ പറഞ്ഞത് ശ്രീ. എ. വി. താമരാക്ഷൻ ശ്രദ്ധിച്ചില്ലെന്നാണ് എനിക്കു തോന്നുന്നത്. ഇവിടെ പറഞ്ഞ കൂട്ടത്തിൽ ശ്രീ. ഇ. പത്മനാഭനോടാണ് പറഞ്ഞത്, എൻ. സി. സി. യും എൻ. എസ്. എസും. നേരത്തെ യൂണിവേഴ്സിറ്റിയുടെ പ്രവർത്തന പരിധിയിലുണ്ടായിരുന്നു ; ഈ പ്രാവശ്യം അതു എടുത്തുകളഞ്ഞുവെന്നു പറഞ്ഞു. നാഷണൽ കേഡറ്റ് കോർപ്സിന്റെയും അതുപോലെതന്നെ എൻ. എസ്. എസ്. നേറയും പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റികളിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പഠിക്കുന്ന കുട്ടികൾക്കാണെങ്കിലും ശരി വളരെ പ്രയോജനകരമായിരിക്കും. എൻ. സി. സി. യുടെയും എൻ. എസ്. എസ്. നേറയും പ്രവർത്തനങ്ങളിൽ അവർക്ക് ഇൻവോൾവ് ആകാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നത്. ഞാൻ ഇവിടെ പറഞ്ഞത് ഈ വക കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാൻ ബുദ്ധിമുട്ടില്ലെന്നാണ്. നമുക്ക് അതു ചർച്ച ചെയ്യാം. ആവശ്യമെങ്കിൽ ഉൾക്കൊള്ളിക്കാം അല്ലെങ്കിൽ മാറ്റിക്കളയാം. ഞാൻ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. സിൻഡിക്കേറ്റിന് ബഡ്ജറ്റ് സ്പ്രൂട്ടിനി ചെയ്യാനുള്ള അവകാശം ഇപ്പോഴുണ്ട്. അതു കുറച്ചുകൂടി ഫലപ്രദമായ രീതിയിൽ ആക്കുന്നതിന് ബുദ്ധിമുട്ടില്ല. സർ, ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്. ഈ ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരികയാണ്. ഇതിനകത്ത് ഉദ്ദേശ്യ ലക്ഷ്യങ്ങളോട് ആർക്കും വിയോജിപ്പില്ല. ആ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പരിപൂർണ്ണമായി ലക്ഷ്യമാകത്തക്ക നിലയിൽ അതിന്റെ പ്രയോജനം പരമാവധി ഉപയോഗപ്പെടത്തക്കനിലയിൽ യൂണിവേഴ്സിറ്റി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരികയും അത് നിയമസഭയിൽ പാസാക്കുകയും ചെയ്യാം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം യൂണിവേഴ്സിറ്റികളുടെ ഭരണം നന്നായിട്ടു പോകണമെന്നും കൊച്ചിൻ യൂണിവേഴ്സിറ്റി, അല്ലെങ്കിൽ സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റി ഇൻഡ്യയിലെതന്നെ ഏറ്റവും നല്ല ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിൽ ഊന്നൽ കൊണ്ടു പ്രവർത്തിക്കുന്ന ഒരു യൂണിവേഴ്സിറ്റിയാക്കി ഉയർത്തിക്കൊണ്ടുവരണമെന്നുള്ള സദുദ്ദേശം മാത്രമേയുള്ളു. ആ ഉദ്ദേശ്യലക്ഷ്യങ്ങളോട് കൂടിയാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങളുടെ വികാരങ്ങൾ മുഴുവൻ മാനിച്ചുകൊണ്ടുതന്നെ ആവശ്യമായിട്ടുള്ള ഭേദഗതികൾ സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ നമുക്കു കൊണ്ടുവരാവുന്നതാണ്. അതുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് പോകേണ്ട ആവശ്യമില്ല. സെലക്ട് കമ്മിറ്റിക്ക് പോകണമെന്ന് ചില അംഗങ്ങൾ ആവശ്യപ്പെട്ടു. സെലക്ട് കമ്മിറ്റിയുടെ പ്രയോജനംതന്നെ നമുക്ക് സബ്ജക്ട് കമ്മിറ്റി തലത്തിൽ ചെയ്യാൻ കഴിയുന്നതേയുള്ളു. സബ്ജക്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിക്ക് അതിനുള്ള അവകാശങ്ങളുണ്ട്. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള എന്റെ പ്രമേയം അംഗീകരിച്ചു തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച 1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ഓർഡിനൻസ് (1986-ലെ 48-ാം നമ്പർ ഓർഡിനൻസ്) നിരാകരിക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ബിൽ സാമൂഹ്യസേവനം സംബന്ധിച്ച ആറാം സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ 6-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ഒക്ടോബർ 29-ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.28-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly